“ആവർത്തിക്കുന്ന സംസാരേ ചാവുന്നേവൻജനിച്ചിടാ
ഏവൻ കുലമുയർത്തിടുമവനത്രേ ജനിച്ചവൻ”

**Kshatra Sandesam**
Quarterly News Magazine of
Kshatriya Kshema Sabha
April - June 2009
Me 1184 Medam - Midhunam
Volume 9 Issue 2

ക്ഷാത്രസന്ദേശം
ക്ഷത്രിയ ക്ഷേമ സഭയുടെ
ത്രൈമാസ വാർത്താപത്രിക
ഏപ്രിൽ – ജൂൺ 2009
1184 മേടം – മിഥുനം
വാല്യം 9, ലക്കം 2

# ക്ഷാത്രസന്ദേശം

## വിഷയവിവരം

പത്രാധിപക്കുറിപ്പ് .................. 1
വായനക്കാരുടെ കത്തുകൾ .................. 2
മഹിളാരത്നങ്ങൾ
**മകയിരംനാൾ ഭാഗീരഥിഅമ്മ തമ്പുരാൻ** .................. 3
Sanskrit - Its Power and Glory .................. 4
**Dr. K.P. Rajappan**
കൊടുങ്ങല്ലൂർ രാജവംശം .................. 5
**കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ**
മുക്തകങ്ങൾ .................. 9
**എ.സി.ഡി. രാജാ**
കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ
കാരാഗൃഹവാസത്തിനിടയാക്കിയ സാഹചര്യങ്ങൾ ... 10
**ഡോ. ബി.ആർ.ആർ. വർമ്മ**
വേണാട് (തിരുവിതാംകൂർ രാജവംശം) .................. 12
**ഡോ. ആർ.പി. രാജാ**
എന്റെ ഗ്രാമം .................. 14
**കെ. ഹരികൃഷ്ണവർമ്മ**
നിത്യം (കവിത) .................. 15
**ആർ. ശ്രീലതാ വർമ്മ**
പഴയ ഒരേട് .................. 16
**ചന്ദ്രാവലി തമ്പുരാൻ**
ഓർമ്മയിലെ ഒരു വെള്ളപ്പൊക്കം .................. 19
**അരുന്ധതി**
ജാലിയൻവാലാബാഗിൽ വരുന്ന വസന്തത്തി
നോടൊരപേക്ഷ .................. 21
**ഗായത്രീവർമ്മ**
ചന്ദ്രനിലേക്കൊരു ചൂണ്ടുവിരൽ .................. 22
**ആർ. ശിവജിവർമ്മ**
ഒരുവട്ടം കൂടിയാ സരസ്സിന്റെ തീരത്ത് .................. 23
**മാലിനി രവിവർമ്മ**
ലഘുപാചകം .................. 25
**ശാരദാവർമ്മ**
ദൈവാമൃതം .................. 26
**ജയദേവവർമ്മ**
ഗുരു .................. 26
**എൻ. എം.കെ. ഉണിത്തിരി**
മുത്തശ്ശിയുടെ ഗന്ധർവ്വലോകം .................. 27
**ഹൈമവതി വർമ്മ**
പുസ്തകജാലകം .................. 29
ബാലവേദി .................. 30
വാർത്തകൾ - വിശേഷങ്ങൾ .................. 32
വൈവാഹികം .................. 35

**പത്രാധിപക്കുറിപ്പ്**

## കുടുംബചരിത്രങ്ങൾ

കേരളത്തിലെ ക്ഷത്രിയ കുടുംബങ്ങളുടെ ചരിത്രം എഴുതി പ്രസിദ്ധപ്പെടുത്തി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെയും പ്രാധാന്യത്തെയും കുറിച്ച് ഇതിനു മുമ്പും ഈ പംക്തിയിൽക്കൂടി സമുദായാംഗങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സാഹിത്യത്തിലും സംഗീതത്തിലും ചിത്രരചനയിലും കഥകളിയിലുമെന്നു മാത്രമല്ല ശാസ്ത്രസംബന്ധമായ പല വിഷയങ്ങളിലും പാരംഗതരായവർ ക്ഷത്രിയരുടെയിടയിൽ ജീവിച്ച് മൺമറഞ്ഞു പോയിട്ടുണ്ട്. ഒരു ഉദാഹരണം മാത്രം പറഞ്ഞുകൊള്ളട്ടെ. കേരള വ്യാസനെന്ന് പേരുകേട്ട കവി സാർവ്വഭൗമൻ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ജനിച്ചുവളർന്ന കൊടുങ്ങല്ലൂർ കോവിലകം ഒരു കാലത്ത് ഒരു അനൗപചാരിക സർവ്വകലാശാലയായി വളർന്നു വികസിച്ചിരുന്നു. സംസ്കൃത സാഹിത്യത്തിനുപുറമെ, തർക്കം, വ്യാകരണം, കാവ്യം, നാടകം, ജ്യോതിഷം, തച്ചുശാസ്ത്രം, വൈദ്യം, സ്മൃതി, വേദാന്തം, സിദ്ധാന്തം, കായികാഭ്യാസം, അഭിനയം എന്നീ വിഷയങ്ങളിലെല്ലാം പാണ്ഡിത്യം നേടിയവർ കൊടുങ്ങല്ലൂർ കോവിലകത്ത് ജീവിച്ചിരുന്നു. നിർഭാഗ്യവശാൽ ഇവരിൽ പലരെയും കുറിച്ച് ആധികാരകമായ രേഖകൾ ഒന്നും ലഭ്യമല്ല. പേരിലും പ്രശസ്തിയിലും ഇവർക്കാർക്കും വിശ്വാസമോ താൽപ്പര്യമോ ഇല്ലാതിരുന്നതാവാം ഒരു കാരണം. ഭാവിതലമുറയ്ക്ക് പ്രയോജനപ്പെടേണ്ട ഒട്ടേറെ ചരിത്രവസ്തുതകൾ ഇതുമൂലം നമുക്ക് നഷ്ടപ്പെട്ടു പോകുന്നു. ഇത് ലാഘവബുദ്ധിയോടെ കാണേണ്ട ഒന്നല്ല. ഈ പോക്കുപോയാൽ ക്ഷത്രിയർ ആരെന്നു ചോദിച്ചാൽ ഉത്തരം പറയാൻ കഴിയാത്ത ഒരു സ്ഥിതി സംജാതമാകുന്ന കാലം വിദൂരമല്ല. കേരളത്തിലെ ക്ഷത്രിയകുടുംബങ്ങളിൽ ചിലതിന്റെ ചരിത്രം ക്ഷാത്രസന്ദേശത്തിൽ പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. ഇനിയും ഒട്ടേറെ കുടുംബങ്ങളെക്കുറിച്ച് അറിയേണ്ടതായിട്ടുണ്ട്. ആയവയെക്കുറിച്ച് അറിവുള്ളവർ ദയവായി അതെഴുതി ക്ഷാത്രസന്ദേശത്തിന് അയച്ചു തരിക. ക്ഷത്രിയ സമുദായത്തിന് അതൊരു മുതൽക്കൂട്ടാവും എന്നതിൽ സംശയമില്ല.

**പത്രാധിപ സമിതി**
**എം. രവിവർമ്മ രാജാ**
*മുഖ്യപത്രാധിപർ*

**ഡോ. എഴുമറ്റൂർ രാജരാജവർമ്മ**
**പി. രവിവർമ്മ (ദിനേശ്)**
**ജി രാമവർമ്മ**

**ടി.എൻ. ആദിത്യവർമ്മ തമ്പാൻ**
**ആർ. കിഷോർ കുമാർ വർമ്മ**

**ഓഫീസ് നിർവഹണം : എ. ഉദയവർമ്മ, ആർ. രാജരാജവർമ്മ, വത്സലാരവിവർമ്മ**
**മുഖചിത്രം : ഒരു രവിവർമ്മ ചിത്രം**

# വായനക്കാരുടെ കത്തുകൾ




## തിരുവാഭരണയാത്ര

*മനസ്സിനു കുളിരേകിപ്പത്തു വർഷം നിറച്ചു നൽ*
*മനോജുവർമ്മ ധനു - കുംഭം മാസികയിൽ*
*അനിഴംനാൾ തിരുനാളും മൂലം നാളുമൊപ്പമായി*
*ട്ടനൂപ് വർമ്മയൊത്തുള്ള നൽ പുണ്യയാത്രയെ*
*മനോഹരമായിട്ടേവം വർണ്ണിച്ചുള്ള ലേഖനത്തിൽ*
*മനസ്സെല്ലാം കുളിർകൊണ്ടുവായനയ്ക്കൊപ്പം*
*ഭൂതനാഥ സർവ്വസ്വമാലോകം തന്നെയെന്നു കണ്ടീ-*
*ഭൂതനാഥാ സദാനന്ദാ ശരണമോതി*
*ഭക്തജനം തിങ്ങിനിന്നിതാഭരണയാത്ര കാണാൻ*
*സക്തരായിയെവിടേയുമെന്നുള്ളതും താൻ*
*പുണ്യമേറും ലേഖനത്തെയെത്ര കണ്ടു വായിച്ചാലും*
*ഗുണമേറി വന്നുകൊണ്ടു മനവും നില്ക്കും*
*മനോജുവർമ്മ കൂട്ടരൊത്തു വായനക്കാരായ നാമും*
*മനോഗുണം വർദ്ധിച്ചേറെ യാത്രയും ചെയ്തു*
*മനോജുവർമ്മേ നന്ദി! നന്ദി! താങ്കൾ ചെയ്ത പ്രവർത്തിയാൽ*
*മനസ്സിങ്കൽ നിറഞ്ഞുള്ള സന്തോഷമോതാ*
*വാനിൽത്താഴ്ന്നു വലംവെച്ച ഗരുഡന്റെ ചിറകടി*
*വായനക്കാർക്കേവം നന്നായ് കേൾക്കാനുമായി.*
*ജ്യോതിപുണ്യദർശനത്തിൽ സായൂജ്യത്തെക്കൊണ്ടല്ലോ*
*ഭക്തരുടെ നാമഘോഷമാറ്റൊലിക്കൊണ്ട്*
*തിരുവാഭരണത്താലെ തിരുമെയ്യു പ്രശോഭിപ്പൂ*
*യോഗീശ്വര ഭഗവാനെ ദർശിച്ചപ്പോൾ പുണ്യമേറി*
*ഭാഗ്യം തന്നെ 'തത്വമസി' - തത്വത്തിലെത്തി*
*സ്വാമിയേ ശരണമയ്യപ്പാ*

❖ ❖ ❖ ❖ ❖ ❖ ❖

*അൻപേറുന്ന തമ്പുരാട്ടി ശ്രീദേവിയാംരാജ്ഞിയാകും*
*'തമ്പാട്ടേടത്തിയമ്മയുടെ മുഖചിത്രവും*
*സേതുവർമ്മയെഴുതിയ ലേഖനവും ഗംഭീരമായ്*
*"ക്ഷാത്രവൃത്തിസന്ദേശവും" വിജയിയ്ക്കുന്നു*

## മലയാളം മനോഹരം

*"പന്നി, പട്ടർ , പെരിച്ചാഴി*
*നായരും* വാനരും തഥാ
ഇവരൈവരുമില്ലെങ്കിൽ
മലയാളം മനോഹരം"

എന്ന ഒരു പഴയ ആക്ഷേപഹാസ്യക്കവിതയാണ് "കേഴുക മലയാളഭാഷേ, നീ" എന്ന പ്രൊഫ. ചന്ദ്രാവലിത്തമ്പുരാന്റെ ചിന്തോദ്യോതകവും രസകരവുമായ ലേഖനം വായിച്ചപ്പോൾ മനസ്സിൽ ഓടിയെത്തിയത്. കൊച്ചീരാജാവിന് ഇംഗ്ലീഷ് പഠനത്തിൽ ഉണ്ടായ ബുദ്ധിമുട്ട് രസകരമായി പറഞ്ഞുകൊണ്ട് തുടങ്ങിയ ലേഖനം വായിച്ചു തുടങ്ങിയപ്പോൾ കവി കുഞ്ഞുണ്ണി മാഷുടെ *"എബിസീഡിയ ടിപിടികൂടി, ഈയഫ് ജി എച്ച്. അച്ഛനോടോതി* എന്ന കവിതയും, ജനിയ്ക്കും നിമിഷം മുമ്പെൻ മകനിംഗ്ലീഷ് പഠിയ്ക്കണം, അതിനാൽ ഭാര്യതൻ പേറങ്ങിംഗ്ലണ്ടിൽ തന്നെയാക്കി ഞാൻ എന്ന കവിതയും ഓർമ്മയിലോടിയെത്തി. കുഞ്ഞുണ്ണിക്കവിതകളിൽ ചിലതിനുള്ള സാദൃശ്യം ഈ ലേഖനത്തിനോടുചേരും.

ഗജഡദബ എന്നീ അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണം പഴയ വേദജ്ഞർക്കൊഴികെ മറ്റാർക്കും അറിയില്ല എന്ന് ലേഖിക പറഞ്ഞപ്പോഴും "കചടതപാ കചടതപാ, എനിയ്ക്കെന്റെട്ടാ കദളിപ്പഴം" – എന്ന കുഞ്ഞുണ്ണിക്കവിത തന്നെ ഓർമ്മ വന്നത്.

മാതൃഭൂമിപത്രത്തിലെ ചൊവ്വാദോഷ പംക്തിയിലെ ഭാഷാവൈകല്യങ്ങൾ പത്രത്തിൽ പ്രത്യക്ഷപ്പെടുന്നത് ചൂണ്ടിക്കാണിയ്ക്കുന്നതും ഓർമ്മവന്നു. ഇത്തരം വിജ്ഞാനപ്രദവും രസകരവുമായ ലേഖനങ്ങൾ ക്ഷാത്രസന്ദേശത്തിൽ വീണ്ടും കാണട്ടെ.

NB: ഇതിൽ പറഞ്ഞ നായരും പട്ടരും ഇതുകണ്ട് കോപിയ്ക്കണ്ട. അവരിരുവരും മലയാളത്തിൽ വലിയ സംഭാവന നല്കിയിട്ടുണ്ട്.

**കുട്ടി അനിയൻ രാജ, ചെർപ്പുളശ്ശേരി**

മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാനെപ്പറ്റിയുള്ള ലേഖനത്തിൽ (ബഹുമാന്യ ശ്രീ. കുഞ്ഞുണ്ണിരാജ എഴുതിയത്) മഹാകവി നിത്യവും ചൊല്ലിയിരുന്നു എന്ന് പറയപ്പെടുന്ന കാളീസ്തോത്രത്തിന്റെ പൂർണ്ണരൂപം സംഘടിപ്പിച്ച് പ്രസിദ്ധീകരിക്കുവാൻ ശ്രമിക്കുമല്ലോ. ഇത്തരത്തിലുള്ള രത്നങ്ങളെപ്പറ്റി കേൾക്കുകയും വായിച്ചറിയുകയും ചെയ്യുന്നതു തന്നെ പുണ്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ശ്രീ കുഞ്ഞുണ്ണിരാജ അവർകൾക്ക് സഹസ്ര പ്രണാമം

**എ.സി.ഡി. രാജാ, ആയിയരനാഴി**

മഹിളാരത്നങ്ങൾ

# മകയിരംനാൾ ഭാഗീരഥിഅമ്മ തമ്പുരാൻ

രത്നം രാമവർമ്മ, ശാരദാമന്ദിരം

*'മലയാളഭാഷയ്ക്ക് ആരൂഢവും അസ്തിവാരവും ഉറപ്പിച്ച സ്ഥപതി മൂർദ്ധന്യൻ' എന്ന് മഹാകവി ഉള്ളൂർ വിശേഷിപ്പിച്ച കേരളപാണിനി എ.ആർ. രാജരാജവർമ്മയുടെ സീമന്തപുത്രി മാവേലിക്കര ശാരദാമന്ദിരത്തിൽ മകയിരം നാൾ ഭാഗീരഥി അമ്മ തമ്പുരാനെക്കുറിച്ചുള്ള സ്മരണകൾ എ. ആർ.ന്റെ ചെറുമകൾ രത്നം രാമവർമ്മയുടെ തൂലികയിൽ.*



***എം. ഭാഗീരഥി അമ്മ തമ്പുരാൻ***

ജനനം കൊല്ലവർഷം 1065, മേടമാസം മകയിരം നക്ഷത്രം. മാവേലിക്കര വടക്കേ കൊട്ടാരത്തിൽ ചോതിനാൾ മഹാപ്രഭ തമ്പുരാട്ടിയുടേയും അനന്തപുരം കൊട്ടാരത്തിൽ കേരളപാണിനി എ. ആർ. രാജരാജവർമ്മയുടേയും സീമന്തപുത്രി. എന്റെ വല്യമ്മ (അമ്മയുടെ മൂത്ത സഹോദരി). വിവാഹം കഴിച്ചത് അനന്തപുരം കൊട്ടാരത്തിൽ ആർ. രാമവർമ്മ കോയിത്തമ്പുരാനാണ്. സന്താനങ്ങൾ ഉണ്ടായിട്ടില്ല. മാവേലിക്കരയിൽ രാജകുടുംബാംഗങ്ങൾക്കു പഠിക്കാനായി സ്പെഷ്യൽ സ്കൂൾ (ഇന്നത്തെ A.E.O. ആഫീസ്) ഉണ്ടായിരുന്നു. അവിടെ തേഡ്ഫാറം വരെ പഠിച്ചു. പിന്നീട് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു കൊട്ടാരത്തിൽ തന്നെ ട്യൂഷൻ വച്ച് ഇംഗ്ലീഷിൽ സാമാന്യം നല്ല പരിജ്ഞാനം നേടി. അതേസമയം തന്നെ സംസ്കൃതത്തിലും ഹിന്ദിയിലും നല്ല പ്രാവീണ്യം നേടിയിരുന്നു. പിതാവിന്റെ സാഹിത്യരചനകളിൽ സഹായിയായി വർത്തിച്ചിരുന്നു. സംഗീതത്തിലും വിദുഷി ആയിരുന്നു. ഹാർമോണിയം വായിക്കാനും വയലിൻ, വീണ എന്നീ വാദ്യ ഉപകരണങ്ങളിലും പ്രാഗൽഭ്യം നേടിയിരുന്നു. മഹിളാസമാജങ്ങളിൽ പ്രസിഡന്റായി പ്രവർത്തിച്ചിരുന്നു. കൊട്ടാരത്തിലെ കുട്ടികൾക്കായി ചെറിയ നാടകങ്ങൾ രചിച്ച് അവരെ പരിശീലിപ്പിക്കുകയും കുടുംബത്തിൽ വിശേഷങ്ങൾ ഉണ്ടാകുമ്പോൾ നാടകങ്ങൾ നടത്തുകയും കുടുംബത്തിൽ മറ്റു സഹോദരിമാരേയും ചേർത്തു ചെറിയ സംഗീതകച്ചേരികൾ നടത്തുകയും ചെയ്തിരുന്നു. ചെറിയ കുട്ടികൾക്ക് എല്ലാ തരത്തിലുള്ള കളികളിലും പ്രോത്സാഹനം കൊടുത്തിരുന്നു. 'കയർകളി' എന്നൊരു കല ആദ്യമായി ഞങ്ങളെ പഠിപ്പിച്ചതു (ഇന്നത്തെ Rope dance) ഭാഗീരഥി അമ്മ തമ്പുരാനായിരുന്നു.

പിതാവിന്റെ മരണത്തിനുശേഷം സഹോദരൻ എം. രാഘവവർമ്മയും ചേർന്ന് എ. ആർ. രാജരാജവർമ്മയുടെ ജീവചരിത്രം രചിച്ചു. എ. ആറിന്റെ ഡയറികൾ പരിശോധിച്ചു വേണ്ട രീതിയിൽ ഒന്നും രണ്ടും മൂന്നും ഭാഗങ്ങളിലായി മൂന്ന് ബുക്കുകൾ രചിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇന്ന് സാംസ്കാരിക വകുപ്പു മൂന്നു ഭാഗങ്ങളും ചേർത്തു പരിഷ്ക്കരിച്ച് ഒറ്റ ബുക്കായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വല്യമ്മ രചിച്ച് സാംസ്കാരികവകുപ്പ് പ്രസിദ്ധപ്പെടുത്തിയ മറ്റു കൃതികൾ 'വനവാസസ്മരണകൾ', 'കനകം', 'ശബരിഗിരീശസ്തവം' ഇവയാണ്. ദിനചര്യയിൽ മുഖ്യമായും എഴുത്തും വായനയും ആയിരുന്നതിനാൽ അവസാനകാലത്തു കണ്ണിന്റെ കാഴ്ചയെ സാരമായി ഉപദ്രവിച്ചിരുന്നു. ഒരുതരത്തിൽ പറഞ്ഞാൽ സകലകലാവല്ലഭ ആയിരുന്നു. ഭർത്താവ് രാമവർമ്മ മാവേലിക്കര കൊട്ടാരം സ്കൂളിൽ വാദ്ധ്യാരായിരുന്നു. അദ്ദേഹം സഹധർമ്മിണിയുടെ എല്ലാ ഇഷ്ടങ്ങൾക്കും വഴങ്ങി സാഹിത്യകലാരംഗങ്ങളിൽ വേണ്ട പ്രോത്സാഹനം കൊടുത്തിരുന്നു. സ്ഥലങ്ങൾ സന്ദർശിക്കാൻ ഇഷ്ടമായിരുന്നു. കൂടെക്കൂടെ യാത്ര പോകാറുണ്ടായിരുന്നു. കുടുംബത്തിൽ നിന്നും ആദ്യമായി വിമാനയാത്ര ചെയ്ത മഹതിയാണ് ഭാഗീരഥിവല്യമ്മ.

മരണം കൊല്ലവർഷം 1140 ചിങ്ങം 30ന് ആയിരുന്നു. കണ്ണിന്റെ കാഴ്ചശക്തി പോയതു കാരണം മാനസികമായി തളർന്നു രോഗം ബാധിച്ചു മൂന്നുമാസം കിടപ്പിലായി. സന്താനമില്ലാത്ത ദുഃഖം മറ്റുള്ളവരെ അറിയിച്ചിരുന്നില്ല. സഹോദരിമാരുടെ കുട്ടികളെ വേണ്ടുവോളം സ്നേഹിച്ചിരുന്നു. അവർക്കുവേണ്ട സഹായങ്ങളെല്ലാം ചെയ്തിരുന്നു. സഹോദരീപുത്രനായ മാവേലിക്കര പ്രഭാകരവർമ്മയ്ക്കു ആദ്യസംഗീതം പകർന്നു കൊടുത്തതു ഭാഗീരഥി അമ്മ തമ്പുരാൻ തന്നെയാണ്. ചിത്രകലയിലും അഭിരുചി ഉണ്ടായിരുന്നു. തുന്നൽപ്പണിയിൽ വിദഗ്ദ്ധ ആയിരുന്നു. സ്വന്തമായി ധരിക്കാനുള്ളവ സ്വയം തയ്ച്ച് ഇടും. എംബ്രോയിഡറി, ക്രോ ഷ്യോ തുടങ്ങി പലതരം തയ്യലുകൾ അറിയാമായിരുന്നു. കുട്ടികളെ പഠിപ്പിച്ച് പ്രാവീണ്യം നേടി കൊടുക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ആ പുണ്യാത്മാവിന്റെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ ●

(ശാസ്ത്രലേഖന പരമ്പര- XIII )

# Sanskrit - Its Power and Glory

**Dr. K.P. Rajappan**

It has been established that Sanskrit is the richest repository of Indian knowledge and wisdom of all branches of learning including Science and Technology. Eminent Sanskrit scholars have expressed their opinion that Sanskrit texts have rich and far reaching discussions and conclusions related to various fields of modern Science and Technology which, when deciphered, may properly throw more light on scientific and technological concepts. It is noteworthy that the number of published texts are not even 10 per cent of the total number of manuscripts so far unearthed. Thus a lot of information is buried unpublished.

Ideas and concepts can be expressed only with the help of a suitable language. The language supplies the symbols with which the contents of the ideas and concepts can be communicated. The more resourceful a language is, the greater its capacity, not only to project ideas but also to suggest new ones. If we examine the structure of Sanskrit we shall find that with its 2000 roots, prefixes and primary and secondary suffixes it has almost unlimited word-building resources and there is practically no idea of art or science that it cannot precisely and poetically portray. It is so rich in sound that its musical and onomatopoeic possibilities are unrivalled. In philosophical expression, Sanskrit is capable of precise and minute exposition of abstract thoughts and sublime ideas. It has a genius for compression which serves well in technical discipline - for instance, the aphoristic Sutras relating to all departments of knowledge. In ethical writing it achieves a pithiness and pointedness as in the Subhasitas which are a challenge and an inspiration. Even today, for cultural, intellectual and scientific vocabulary, the modern vernaculars, which are after all, the daughters of Sanskrit, freely draw upon the treasure chest of the mother. When we examine modern Indian languages in regard to their philosophy and religion, grammar and rhetoric, we are struck by the deep and obvious influence of Sanskrit in them. Through the centuries, Sanskrit has been the rejuvenator of local languages and cultures, absorbing local excellences and evolving a constructive and harmonious synthesis. Sanskrit, in its bounty, overflowed into Central Asia and China, Cambodia and Siam and gave a script and a literature to S.E. Asia where numberless inscriptions are still found in Sanskrit.

Let us briefly survey what Sanskrit has achieved already in the analytical and scientific field, before we investigate its potentialities for the future. To mathematics the Indian contri bution has been seminal The decimal systems, binary sys tems and the notion of the place value of numerals in writing numbers is of Indian origin. Thus to write 1985 in Roman numerals we have to give first the symbol for thousand, then for 900, then for 80 and then for five. But it was the Indian genius that expressed it as 1985. In fact the great French mathematician Laplace pays a glowing tribute to India for the discovery of this ingenious method which escaped the imagination of Archimedes and Apollonius. Again it was India who first used 'zero' as a mathe matical symbol with its infinite potentiality. Without "0" there is no modern Computer. ●

കേരളത്തിലെ രാജവംശങ്ങൾ

# കൊടുങ്ങല്ലൂർ രാജവംശം

## (നാലാം ഭാഗം)

# വിദ്വാന്മാരും വിദുഷികളും

**കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ**

*ഈ പരമ്പരയിൽപ്പെട്ടവരുടെ സാഹിത്യ സംരംഭങ്ങളെക്കുറിച്ച്, സവിസ്തരം പ്രതിപാദിക്കുക എന്നതല്ലാ എന്റെ ഉദ്ദേശം. പുതിയ തലമുറയ്ക്ക് അവരെ പരിചയപ്പെടുത്തുക എന്നതാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്.*

*കൊടുങ്ങല്ലൂർ സ്വരൂപത്തിലുള്ളവരെ നിലത്തെഴുത്ത്, സിദ്ധരൂപം, ശ്രീരാമോദന്തം എന്നിവ പഠിപ്പിച്ചിരുന്നത് 'വളപ്പിൽ' എന്ന നായർ തറവാട്ടിലെ കാരണവരായിരുന്നു. അതിനാൽ ഓരോരുത്തരുടേയും കാര്യത്തിൽ, ഇതെടുത്തു പറയുന്നില്ല.*

**1. കുഞ്ഞുക്കുട്ടി തമ്പുരാട്ടി മകൻ കുഞ്ഞിരാമവർമ്മ തമ്പുരാൻ**

ജനനം 963–മാണ്ട് മിഥുനം. അത്തം നക്ഷത്രം.

മൂപ്പു സിദ്ധിച്ചത് 1006 മീനം.

ദത്തെടുത്ത ജ്യേഷ്ഠത്തിയുടെ മൂന്നാംതലമുറയിൽപെട്ടയാൾ. ഇദ്ദേഹമാണ് കൊടുങ്ങല്ലൂർ ഗുരുകുലമാരംഭിച്ചതെന്നനുമാനിക്കേണ്ടിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ അനന്തിരവനായിരുന്ന 'വിദ്വാൻ ഇളയതമ്പുരാൻ' എന്ന പേരിൽ പ്രസിദ്ധനായ ഗോദവർമ്മ തമ്പുരാൻ. മാതുലൻ തന്നെയായിരിക്കണം ഇദ്ദേഹത്തെ കാവ്യനാടകാലങ്കാരാദികൾ പഠിപ്പിച്ചതെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു.

ഈ തമ്പുരാൻ 'വീണക്കാരൻ വലിയ തമ്പുരാൻ' എന്ന പേരിലറിയപ്പെട്ടിരുന്നതിനു രേഖയുണ്ട്. വീണവായനയിൽ വിദഗ്ദ്ധനായ ഇദ്ദേഹത്തിന്റെ ശിഷ്യനാണ് മഞ്ഞപ്ര വെങ്കിടാദ്രിഭാഗവതർ. ഈ ഭാഗവതർ, തിരുവിതാംകൂറിലെ ഉത്രംതിരുനാൾ മഹാരാജാവിന്റെ സദസ്സിൽ ആസ്ഥാന വിദ്വാനായിരുന്നു എന്നും ഇദ്ദേഹവും മകൻ കല്യാണകൃഷ്ണഭാഗവതരുമാണ് കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ സംഗീത ഗുരു എന്നും ഉള്ളൂർ രേഖപ്പെടുത്തിയിട്ടുണ്ട്. കൊ. വ. 1027 മിഥുനമാസം ഉത്രാടം നാളിൽ ദിവംഗതനായി.

**2. കുഞ്ചിതമ്പുരാട്ടി മകൻ ഗോദവർമ്മ തമ്പുരാൻ**

ജനനം കൊല്ലവർഷം 975 കുംഭമാസത്തിൽ അവിട്ടം നക്ഷത്രം. അച്ഛൻ ഇളകുറിശ്ശി മാതൃദത്തൻ നമ്പൂതിരി. മുൻപറഞ്ഞ കുഞ്ഞിരാമവർമ്മ തമ്പുരാന്റെ അനന്തിരവനാണിദ്ദേഹം. സ്വാതിതിരുനാളിന്റെ സമകാലീനനായ ഇദ്ദേഹം 'വിദ്വാൻ ഇളയതമ്പുരാൻ' എന്ന പേരിൽ, കേരളത്തിനു വെളിയിൽപ്പോലും അറിയപ്പെട്ടിരുന്നു. കൊടുങ്ങല്ലൂർ ഗുരുകുലത്തെ ഒരു സർവ്വകലാശാലയായി ഉയർത്തിയതിദ്ദേഹമാണ്. സംസ്കൃത സാഹിത്യം മാതുലനിൽ നിന്നോ മാതാവിൽ നിന്നോ ആയിരിക്കണം പഠിച്ചത്.

ദേശമംഗലത്തുകൃഷ്ണവാരിയരുടെ ശിഷ്യനായ ഒരു ശാസ്ത്രിയിൽ നിന്ന് സിദ്ധാന്തകൗമുദി പൂർവ്വാർദ്ധം പഠിച്ചു. സിദ്ധാന്തകൗമുദിയുടെ ഉത്തരഭാഗവും, പ്രൗഢമനോരമയിൽ കുറെ ഭാഗവും പന്തളം സുബ്രഹ്മണ്യശാസ്ത്രിയുടെ ശിഷ്യനായ അരൂർ അടിതിരിയുടെ (വൈയ്യാകരണകേസരി) കീഴിലാണ് പഠിച്ചത്. ബന്ധുവായ വെള്ളാങ്ങല്ലൂർ കോവിലകത്തെ മാതുലനോട് പഞ്ചബോധക്രിയയുടെ യുക്തി ചോദിച്ചു മനസ്സിലാക്കി. ബാല്യത്തിൽ ജ്യോതിഷം കുറെ പഠിച്ചു. ഗുരുവാരെന്നറിയില്ല. ശസ്ത്രവിദ്യാഗുരുവായ വാണിയം പറമ്പത്തു കളരിപ്പണിക്കരുടെ കീഴിൽ, ചാട്ടം, ഓട്ടം, മറിച്ചിൽപിടുത്തം, വെട്ട്, തടവ്, വടിതല്ല് മുതലായ ആയുധവിദ്യയും അഭ്യസിച്ചു. 12–ാമത്തെ വയസ്സിൽ തമ്പുരാനെ മുതല പിടിച്ചപ്പോൾ രക്ഷപെടാൻ, ഈ അഭ്യസനം ഉപകരിച്ചു. വിദ്യയിൽ നൈപുണ്യം നേടാൻ, ഉപായമെന്തെന്ന് വിദുഷിയായ അമ്മയോടു ചോദിച്ചപ്പോൾ, കുലപരദേവതയായിരിക്കുന്ന വിദ്യാരൂപിണിയായ ഭഗവതിയെ നിഷ്കർഷയോടെ ഭജിക്കാൻ അവർ പറഞ്ഞു. ആ ഭഗവതിസേവമൂലമാണ് മറ്റു സിദ്ധികളെല്ലാം സ്വായത്തമാക്കാൻ ഇദ്ദേഹത്തിനു സാദ്ധ്യമായത്.

കവിസാമ്രാട്ട് എന്നതിനു പുറമെ വ്യാകരണം, തർക്കം, ജ്യോതിഷം, തച്ചുശാസ്ത്രം (ശില്പശാസ്ത്രം) വൈദ്യം, സ്മൃതി, വേദാന്തം എന്നിവയിൽ ഇദ്ദേഹം പാരംഗതനായിരുന്നു. കൂടാതെ സംഗീതം–പ്രത്യേകിച്ചും ഓടക്കുഴൽ, അഭിനയം, മാതംഗലീല (ആനപ്പാവ്) എന്നിവയിലും ഇദ്ദേഹം വൈദഗ്ദ്ധ്യം നേടിയിരുന്നു. വീണയ്ക്കു മട്ടു വെക്കാനുള്ള ഇദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യത്തെക്കുറിച്ച്, മാതുലൻ എടുത്തു പറഞ്ഞിട്ടുള്ളതായി ഉള്ളൂർ രേഖപ്പെടുത്തിയിട്ടുണ്ട്.

തമ്പുരാന് വളരെയധികം ശിഷ്യന്മാരുണ്ടായിരുന്നു. അവരിൽ

പ്രധാനപ്പെട്ട ചിലരെക്കുറിച്ചു മാത്രമേ അറിവുള്ളു. വ്യാകരണത്തിൽ കുംഭ കോണം കൃഷ്ണശാസ്ത്രികൾ, വൈക്കത്തു പാച്ചുമൂത്തത്, കോയിക്കൽ മഠത്തിൽ കൊച്ചുണ്ണി തിരുമുൽപ്പാട് എന്നിവരാണ് പ്രധാന ശിഷ്യന്മാർ. ഇവരിൽ കൃഷ്ണശാസ്ത്രികളാണ് പിന്നീടുള്ള തമ്പുരാക്കന്മാരെയെല്ലാം വ്യാകരണം പഠിപ്പിച്ചത്.

ജ്യോതിഷത്തിൽ, അനന്തിരവൻ രാമവർമ്മരാജ, നാണു ജ്യോത്സ്യൻ, കറുത്തേടത്തു നമ്പൂതിരി എന്നിവരാണ് പ്രധാന ശിഷ്യന്മാർ.

മൂത്തേടത്തു കടലായിൽ നമ്പൂതിരി, മാതംഗലീലയിൽ ഇദ്ദേഹത്തിന്റെ ശിഷ്യനാണ്. കോയ്മരാമ ചാക്യാർ, ഇദ്ദേഹത്തിന്റെ അടുത്ത് വാക്കും അഭിനയവും പഠിച്ചു. ഇമ്മിണിതമ്പുരാട്ടി മകൾ കൊച്ചുതമ്പുരാട്ടി, ആലുവാ മറ്റപ്പിള്ളി നാരായണൻ നമ്പൂതിരി, ഇളകുറിശ്ശി രാമൻ നമ്പൂതിരി*എന്നിവരും ഇദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽപ്പെടുന്നു.

അത്ഭുതസിദ്ധികൾ പലതാണ്.

I (a) കവനം

സാധാരണ കാവ്യങ്ങളിൽ സ്ത്രീ സൗന്ദര്യത്തെക്കുറിച്ചുമാത്രമാണ് വിവരിക്കാറുള്ളത്. ഇദ്ദേഹത്തിന്റെ 'ശ്രീരാമചരിതം' കാവ്യത്തിൽ ശ്രീരാമന്റെ സൗന്ദര്യത്തെക്കുറിച്ചു വർണ്ണിക്കുന്നുണ്ട്. ശൂർപ്പണഖ, ശ്രീരാമനെ കാണുന്ന സന്ദർഭത്തിലാണീ വർണ്ണന.

(b) ഒരിക്കൽ ഒരു നമ്പൂതിരി പെൺകൊടയ്ക്കു ധനമില്ലാത്തിനാൽ സഹായം തേടി ഇദ്ദേഹത്തെ സമീപിക്കുകയുണ്ടായി. കൊടുങ്ങലൂർ സ്വരൂപത്തിലുള്ളവർ വിദ്യയ്ക്കല്ലാതെ ധനത്തിനു പ്രാമുഖ്യം നല്കിയിരുന്നില്ല. അതിനാൽ നമ്പൂതിരിയുടെ കാര്യസാദ്ധ്യത്തിനായി, ഇദ്ദേഹം നമ്പൂതിരിക്ക് ഒരു ശ്ലോകം എഴുതി കൊടുത്തിട്ടിങ്ങിനെ പറഞ്ഞു. ' ഈ ശ്ലോകവുമായി സ്വാതിതിരുനാൾ മഹാരാജാവിനെ സമീപിക്കുക. അങ്ങയുടെ കാര്യം സഫലമാകും. ആ ശ്ലോകം താഴെ ചേർക്കുന്നു.

*"ദാരിദ്ര്യസ്യദയാലുത്വം*
*കിം ബ്രവീമിമഹീപതേ!*
*ആത്മനാശമനാദൃത്യ*
*ഭവന്തം മാമദർശയൽ'*
*(ദാരിദ്ര്യത്തിൽ ദയാലുത്വം*
*എന്തു ചൊല്ലേണ്ടു ഭൂപതേ!*
തൻ നാശത്തെ ഗണിക്കാതെ

എന്നെ കാണിച്ചിതങ്ങയെ– എന്ന് തർജ്ജിമ)

നമ്പൂതിരി, സ്വാതിതിരുനാളിനെ സമീപിച്ച് ഈ ശ്ലോകം സമർപ്പിച്ചു. 'കൊടുങ്ങല്ലൂർ വഴിയാണ് വരുന്നതല്ലേ' എന്ന് സ്വാതിതിരുനാൾ ചോദിച്ചു. അതെയെന്ന് നമ്പൂതിരി മറുപടി പറഞ്ഞു. നമ്പൂതിരിക്ക്, സ്വാതി തിരുനാൾ 4000 പണം (അന്നത്തെ നാണയം) നൽകി; ഇങ്ങനെ പറഞ്ഞു. 'ഇത് ഇതിന്റെ ചുമട്ടുകൂലിയായി കണക്കാക്കിയാൽ മതി"

(c) തമ്പുരാന്റെ ശിഷ്യന്മാരായ നമ്പൂതിരിമാർ ചാട്ടത്തിൽ മത്സരിക്കുകയായിരുന്നു. ഇല്ലപ്പേരു പറഞ്ഞുകൊണ്ടാണവർ ചാടിയിരുന്നത്. 'വ്യുൽപത്തി കുറഞ്ഞ 'പന്താവൂ' രെന്നനമ്പൂതിരി, 'പന്താവൂരായ മന്നം ചാടയേതാം' എന്നു പറഞ്ഞുകൊണ്ടാണ് ചാടിയത്. അർത്ഥശൂന്യമായ ആ പദം കേട്ട്, കൂട്ടുകാർ അദ്ദേഹത്തെ പരിഹസിച്ചു. ഇതുകണ്ടു നിന്ന തമ്പുരാന്റെ ഗുരു അരൂർ അടിതിരി ആ പദമുപയോഗിച്ച് അർത്ഥപൂർണ്ണമായ ഒരു ശ്ലോകമുണ്ടാക്കാൻ ശിഷ്യനോടാവശ്യപ്പെട്ടു. തമ്പുരാൻ ഉടനെ താഴെ ചേർക്കുന്ന ശ്ലോകം ചൊല്ലി.

'വാസുകിം വലയം ചക്രേ (സംസ്കൃതത്തിൽ 'ഇ' അക്ഷരമില്ല)

*യോ, യശ്ചാനന്തമീശ്വര;*
*തൽപന്താവൂരായം, അന്നം*
*ചാടയേതാംഹരിശ്ചമേ.*

വാസുകിയെ വളയാക്കിയ ശിവനും, അനന്തനെ തല്പമാ (കിടക്ക)ക്കിയ ഹരിയും എനിക്ക് ഐശ്വര്യവും (രായം) അന്നവും നേടിത്തരട്ടെ. (രണ്ടും നാഗങ്ങൾ, ആ ഒരു സാധാരണ ധർമ്മം ഉപയോഗിച്ചുള്ള ഒരു കളി)

II. ജ്യോതിഷം

(a) തമ്പുരാന്റെ അച്ഛന്, ജ്യേഷ്ഠപത്നിയുടെ ആർത്തവകാലത്ത് മാതാവിന് ഭക്ഷണം പാകം ചെയ്തു കൊടുക്കുവാൻ, സ്വഗൃഹത്തിലേക്ക് പോകേണ്ടതായി വന്നിരുന്നു. ഇങ്ങിനെ പോകുമ്പോൾ ചില അവസരങ്ങളിൽ കുറച്ചധികം ദിവസം വീട്ടിൽ താമസിക്കേണ്ടതായി വന്നിരുന്നു. ഇതൊഴിവാക്കുവാൻ ജ്യേഷ്ഠ പത്നിയുടെ ജന്മനക്ഷത്രം ചോദിച്ചു മനസ്സിലാക്കി, ആർത്തവകാലം മുൻകൂട്ടി പ്രവചിച്ചിരുന്നു. ആ പ്രവചനങ്ങൾ ശരിയായിവരികയും ചെയ്തിരുന്നു.

(b) ഒരിക്കൽ ഒരു നമ്പൂതിരി, മന്ദബുദ്ധിയായ പുത്രന്റെ ഉപനയനത്തിന് മുഹൂർത്തം കുറിച്ചു കിട്ടുവാനായി തമ്പുരാനെ സമീപിച്ചു. കർക്കിടകമാസത്തിലെ കറുത്തവാവിന്റെ അന്ന് ഒരു മുഹൂർത്തം അദ്ദേഹം കുറിച്ചുകൊടുത്തു. സാധാരണയായി കർക്കിടകമാസവും, കറുത്തവാവും ഉപനയനത്തിന് നിഷിദ്ധമായിരുന്നു. അതിനാൽ നമ്പൂതിരി ഒന്നന്ധാളിച്ചു നിന്നുപോയി. ഇതുകണ്ട് തമ്പുരാൻ ഇങ്ങനെ പറഞ്ഞു. 'ഞാൻ കുറിച്ചു തന്ന മുഹൂർത്തത്തിലാണ് ബ്രഹ്മാവ് പൂണൂൽ മാറുന്നത്. ആ സമയം ഉപനയനം കഴിക്കുന്നതിനു ശ്രേയസ്കരമാണ്." അതിൻപ്രകാരം നമ്പൂതിരി

(*) ഇദ്ദേഹത്തിന്റെ സഹോദരീപുത്രനാണ് വെൺമണി അച്ഛൻ. ഇദ്ദേഹവും ഗുരുകുലത്തിലെ അന്തേവാസിയായിരുന്നു. വെൺമണി പ്രസ്ഥാനത്തിന്റെ സ്ഥാപകനിദ്ദേഹമാണെങ്കിലും, വിദ്വാൻ ഇളയതമ്പുരാനാണ് ആ പ്രസ്ഥാനത്തിനു ബീജാവാപം നടത്തിയത്.

ഉണ്ണിയുടെ ഉപനയനം നടത്തി. ആ ഉണ്ണി നല്ല വാഗ്മിയും വിദ്വാനുമായി ത്തീർന്നു.

**രചനകൾ**

തമ്പുരാൻ പല കൃതികളും രചിച്ചിട്ടുണ്ടെങ്കിലും ഏതാനും ചില വയെ കുറിച്ചു മാത്രമേ അറിവു ലഭി ച്ചിട്ടുള്ളൂ. അവ താഴെ ചേർക്കുന്നു.

A. **സംസ്കൃതം** – സാഹി ത്യകൃതികൾ

1. ബാല്ല്യുൽഭവം (16 സർഗ്ഗം)
2. ശ്രീരാമചരിതം മഹാകാവ്യം (ഇതിന്റെ 12 സർഗ്ഗവും 31 ശ്ലോകവും രചിച്ചു കഴിഞ്ഞപ്പോഴേക്കും തമ്പു രാൻ അന്തരിച്ചു. ബാക്കിഭാഗം കവി സാർവ്വഭൗമൻ കൊച്ചുണ്ണിതമ്പുരാൻ പൂർത്തിയാക്കി. പൂനയിലെ 'നിർണ്ണ യസാഗരം' പ്രസ്സിൽ നാഗരലിപി യിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. കെ.പി. നാരായണപിഷാരടി ഇതിന്റെ 2–ാം പതിപ്പും നാഗരലിപിയിൽ പ്രസി ദ്ധീകരിക്കുകയുണ്ടായി.)
3. രസസദനം ഭാണം (കൊടുങ്ങല്ലൂർ താലപ്പൊലിയെ വിഷയമാക്കി രചി ച്ചത്)
4. ത്രിപുരദഹനം
5. ദശാവതാരദശകം
6. മുരരിപുസ്തോത്രം
7. ദേവദേവേശ്വരാഷ്ടകം
8. ശ്രീപാദസപ്തകം
9. സാദാശിവീ
10. സുധാനന്ദലഹരി ശാസ്ത്രം
11. ഹേത്വാഭാസനവകം (തർക്കം)
12. ആശൗചദീപികാവ്യാഖ്യാനം }
13. ആശൗചദശകം } വൈദികം
14. അശൗചഷോഡശകം }
15. ഗരുഡചയനപ്രയാണം (അഗ്നി സൂക്ഷിക്കുവാൻ കല്ലടുക്കുന്ന രീതി)
16. ഭാസ്കരീയഗണിതവ്യാഖ്യാനം }
17. ഗോളാദ്ധ്യായ വ്യാഖ്യാനം } ജ്യോതിഷം

B. **മലയാളം**

1. അഹല്ല്യാമോക്ഷം
2. ഇന്ദുമതീസ്വയംവരം
3. നളചരിതം (തിരുവാതിരകളിപ്പാട്ടുകൾ)
4. കാലകേയവധം (സ്വർഗ്ഗവർണ്ണന – ശീതങ്കൽ തുള്ളൽ)

കൂടാതെ അനേകം സ്തോ ത്രങ്ങളും മുക്തകങ്ങളും രചിച്ചി ട്ടുണ്ട്.

കുറിപ്പ്: (1) വിദ്വാൻ കുഞ്ഞി രാമ വർമ്മ തമ്പുരാൻ എഴുതിയ വിദ്വാൻ ഇളയ തമ്പുരാന്റെ ജീവിതം തൃശൂരിൽ അയ്യന്തോളിലുള്ള 'അപ്പൻ തമ്പുരാൻ' സ്മാരക ഗ്രന്ഥ ശാലയിലുണ്ട്.

(2) ശ്രീരാമചരിതം കാവ്യ ത്തിന്റെ 2–ാം പതിപ്പിൽ ശ്രീ. കെ. പി. നാരായണപിഷാരടിയെഴുതിയ 'വിദ്യുദ് യുവരാജചരിതം' തമ്പു രാന്റെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്നുണ്ട്. തൃശൂരിൽ, കാനാറ്റുക രയിലുള്ള ഇദ്ദേഹത്തിന്റെ ഭവന ത്തിൽ ഇതിന്റെ ഏതാനും കോപ്പി കളുണ്ടെന്നും അറിയുന്നു.

തമ്പുരാൻ കൊ.വ. 1026 മിഥു നമാസത്തിൽ പുണർതംനാളിൽ ദിവംഗതനായി.

**3. ഇമ്മിണി തമ്പുരാട്ടി മകൾ കൊച്ചതമ്പുരാട്ടി**

ജനനം കൊല്ലവർഷം 990 വൃശ്ചികം– തിരുവാതിര നാളിൽ.

ദത്തെടുത്ത അനുജത്തി 'രാജ്ഞി'യുടെ 5–ാം തലമുറ യിൽപ്പെട്ട തമ്പുരാട്ടിയാണിവർ.

ഇവരുടെ ചെറുമകൻ കുഞ്ഞിക്കുട്ടൻ തമ്പുരാൻ (മഹാ കവി) തർക്കം പഠിച്ചതിവരുടെ കീഴി ലാണെന്ന് രേഖപ്പെടുത്തി കാണു ന്നുണ്ട്. അതിനാൽ ഇവർ ഒരു വിദു ഷിയായിരുന്നിരിക്കണം. ഇവരുടെ ഗുരു ആരെന്ന് രേഖപ്പെടുത്തി കാണു ന്നില്ല. സ്വമാതാവോ, വിദ്വാൻ ഇളയ തമ്പുരാനോ ആയിരിക്കണം ഇവ രുടെ ഗുരുവെന്നു കരുതേണ്ടിയിരി ക്കുന്നു.

തറവാട്ടിൽ അംഗസംഖ്യ വർദ്ധിച്ചപ്പോൾ, ഈ തമ്പുരാട്ടിയും മക്കളും തൃക്കുലശേഖരപുരം കോവിലകത്തേക്ക് താമസം മാറ്റിയ തായി പ്രൊഫസർ ശിവരാമമേനോൻ രേഖപ്പെടുത്തി കാണുന്നു. ഗുരുകുല ത്തിലെ ഒരദ്ധ്യേതാവും, ഗുരുകുല ത്തിലെ എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുത്തയാളുമായ കൂനേഴത്തു പരമേശ്വരമേനോന്റെ ശിഷ്യനാണ് ശ്രീമേനോൻ. അതിനാൽ ഇക്കാര്യം അംഗീകരിച്ചേ മതിയാകൂ. ഇവർ തൃക്കുലശേഖരപുരം താവഴിയായി അന്നു മുതൽ അറിയപ്പെട്ടുപോന്നു.

തമ്പുരാട്ടി കൊ.വ. 1066 കുംഭ മാസത്തിൽ ഭരണിനാളിൽ ദിവംഗത യായി.

**4. കൊച്ചതമ്പുരാട്ടി മകൾ കുഞ്ഞി പ്പിള്ള തമ്പുരാട്ടി**

ജനനം 1011 കന്നി–തിരു വോണം നാളിൽ.

ഭർത്താവ് വെൺമണി പരമേ ശ്വരൻ നമ്പൂതിരിപ്പാട് (വെൺമണി അച്ഛൻ) വിദ്വാൻ ഇളയ തമ്പുരാന്റെ ശിഷ്യനായ ഇളങ്കുറിശ്ശിരാമൻനമ്പൂ തിരിയുടെ സഹോദരീപുത്രനാണ് വെൺമണി പരമേശ്വരൻ നമ്പൂതിരി പ്പാട്

സംസ്കൃതത്തിൽ നല്ല വ്യുൽ പത്തി നേടിയ സ്ത്രീയായിരുന്നു ഇവർ. മാതാവു തന്നെയായിരിക്കണം ഗുരു. നല്ല കാര്യപ്രാപ്തിയുള്ള സ്ത്രീയായിരുന്നു ഇവർ. മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ഭാഗവതർ കുഞ്ഞുണ്ണിതമ്പുരാൻ, എന്ന രണ്ടു മക്കളേ ഇവർക്കുണ്ടായിരുന്നുള്ളൂ. താവഴിയിൽ സ്ത്രീസന്തതിയില്ലാതെ വന്നതിനാൽ, ഇവരും, ഇവർക്കവകാ ശപ്പെട്ട സ്വത്തുക്കളും പുത്തൻകോവി ലകം താവഴിയിൽ ലയിച്ചു.

സ്വാമി വിവേകാനന്ദൻ കൊടു ങ്ങല്ലൂർ സന്ദർശിച്ചപ്പോൾ, സ്വാമിയു മായി സംസ്കൃതത്തിൽ സംഭാഷണം നടത്തിയ തമ്പുരാട്ടിമാരുടെ കൂട്ട ത്തിൽ ഇവരും ഉൾപ്പെട്ടിരുന്നുഎന്നു കേട്ടിട്ടുണ്ട്. (Life of Swami Vivekananda Page 326-327)

തമ്പുരാട്ടിയുടെ മരണം സംബ ന്ധിച്ച കൃത്യമായ രേഖകൾ ലഭ്യമല്ല.

**5. കൊച്ചതമ്പുരാട്ടി മകൻ ഗോദ വർമ്മ തമ്പുരാൻ**

ജനനം കൊല്ലവർഷം1019 മകരം-പൂരം നാളിൽ.

ഭാര്യമാർ കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിന്നു പടിഞ്ഞാറ് ഭാഗത്തുള്ള, വെള്ളാപ്പിള്ളി എന്ന നായർ തറവാട്ടിലെ സ്ത്രീയും, മാങ്കാവിൽ കോവിലകത്തെ തമ്പുരാട്ടിയും

കുഞ്ഞിപ്പിള്ള തമ്പുരാട്ടിയുടെ സഹോദരനായ ഇദ്ദേഹം 'ശക്രൻ' തമ്പുരാൻ എന്ന പേരിലാണറിയപ്പെട്ടിരുന്നത്.

പ്രാരംഭത്തിൽ, മാതാവിൽ നിന്നും സംസ്കൃതവും സാഹിത്യവും മറ്റും പഠിച്ചു. വ്യാകരണം പഠിച്ചത് കുംഭകോണം കൃഷ്ണശാസ്ത്രികളുടെ കീഴിലാണ്. സംഗീതത്തിലും വാദ്യകലയിലും പ്രാവീണ്യം നേടി. 'സംഗീത വിത്ത്' എന്ന ബിരുദത്തിന്നുടമയായിരുന്നു തമ്പുരാൻ.

അനന്തിരവനായ കുഞ്ഞിക്കുട്ടൻ തമ്പുരാനെ കാവ്യനാടകാലങ്കാരാദികൾ പഠിപ്പിച്ചു തുടങ്ങിയതിദ്ദേഹമാണ്. അതു പൂർത്തിയാക്കുന്നതിനു മുൻപ് തമ്പുരാൻ അന്തരിച്ചു. സംഗീതത്തിലും വാദ്യത്തിലും (പ്രത്യേകിച്ചു ചെണ്ട) പല ശിഷ്യന്മാരുമുണ്ടായിരുന്നതായി കേട്ടിട്ടുണ്ട്.

അക്ഷരശ്ലോക സദസ്സുകളിലും കവിതാമത്സരങ്ങളിലും ഗോദവർമ്മ പങ്കെടുത്തിരുന്നു.ഇദ്ദേഹം രചിച്ച 'പൂതനാമോക്ഷം' തിരുവാതിരകളിപ്പാട്ടിനെക്കുറിച്ചു മാത്രമേ കേട്ടിട്ടുള്ളു. ഇദ്ദേഹത്തിന്റെ മരണവും എന്നാണെന്നറിയില്ല.

**6. ഇക്കാവു തമ്പുരാട്ടി മകൻ കുഞ്ഞൻതമ്പുരാൻ**

ജനനം കൊല്ലവർഷം 1028 മകരം-അത്തം നക്ഷത്രം.

അച്ഛൻ പുരാടത്തു മനയ്ക്കൽ ശങ്കരൻ നമ്പൂതിരി. ഭാര്യ തൃക്കുലശേഖരപുരത്തിന്നടുത്തുള്ള 'വല്ലത്തു കോയിപ്പിള്ളി' എന്ന നായർ തറവാട്ടിലെ സ്ത്രീ.

ഒരു വിദ്വാനായിരുന്ന ഇദ്ദേഹത്തെ സംസ്കൃതസാഹിത്യം പഠിപ്പിച്ചത് അമ്മ തന്നെയാണ്. കുംഭകോണം കൃഷ്ണശാസ്ത്രികളുടെ കീഴിലാണ് വ്യാകരണം പഠിച്ചത്. തർക്കശാസ്ത്രത്തിലും പ്രാവീണ്യം നേടിയിരുന്നു.

മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാനെ തർക്കശാസ്ത്രം പഠിപ്പിച്ചതിദ്ദേഹമാണ്. ലേഖകന്റെ പിതാവ്, പൊറോട്ടൂരുമുണ്ടനാട്ടു ശങ്കരൻ നമ്പൂതിരി ഇദ്ദേഹത്തിന്റെ കീഴിലാണ് വ്യാകരണം പഠിച്ചത്.

അക്ഷരശ്ലോകം ചൊല്ലുന്നതിലും, കവിതാരചനയിലും കുഞ്ഞൻ തമ്പുരാൻ പങ്കെടുത്തിരുന്നു. 'ശ്രീപാദസപ്തതി'ക്ക് തമ്പുരാൻ ഒരു വ്യാഖ്യാനം എഴുതുകയുണ്ടായി. അതിന്റെ പകർപ്പവകാശം, ശിഷ്യൻ ശങ്കരൻ നമ്പൂതിരിക്കാണ് നൽകിയത്. അദ്ദേഹം അതു തൃശൂർ 'മംഗളോദയം' പ്രസ്സിൽ, നാഗരലിപിയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ശങ്കരൻ നമ്പൂതിരി ഈ കൃതിക്ക് സംസ്കൃതത്തിൽ ഒരു ആമുഖവും അതിൽ ചേർത്തിട്ടുണ്ട്. തമ്പുരാൻ കൊ.വ. 1096ൽ അന്തരിച്ചു.

**7. കൊച്ചതമ്പുരാട്ടി മകൻ കുഞ്ഞിരാമവർമ്മ തമ്പുരാൻ**

ജനനം കൊല്ലവർഷം 1028 മകരം-തൃക്കേട്ട നാളിൽ.

ശൃംഗപുരം ശിവക്ഷേത്രത്തിനു പടിഞ്ഞാറു ഭാഗത്തുള്ള നായർ തറവാടായ 'പുതിയേട'ത്തു നിന്നും വിവാഹം.

ശക്രൻതമ്പുരാന്റെ അനുജനായ ഇദ്ദേഹം വിദ്വാൻ കുഞ്ഞിരാമവർമ്മ തമ്പുരാൻ എന്ന പേരിൽ പ്രസിദ്ധനായിരുന്നു.

കാവ്യനാടകാലങ്കാരാദികൾ പഠിപ്പിച്ചത് മാതാവിൽ നിന്നും അഭ്യസിച്ചു. വ്യാകരണം പഠിച്ചത് കുംഭകോണം കൃഷ്ണശാസ്ത്രികളുടെ അടുത്താണ്. നല്ല ഒരു പണ്ഡിതനായിരുന്നു, കുഞ്ഞിരാമവർമ്മതമ്പുരാൻ.

തമ്പുരാന് വളരെയേറെ ശിഷ്യന്മാരുണ്ടായിരുന്നു. ഇവരിൽ പ്രധാനികൾ, അന്തിരവൻ കുഞ്ഞിക്കുട്ടൻ തമ്പുരാൻ (മഹാകവി) ചിറക്കൽ കോവിലകത്തെ രാമവർമ്മ തമ്പുരാൻ, കാത്തോള്ളിൽ അച്യുത മേനോൻ, കുട്ടൻ പട്ടർ എന്നു വിളിപ്പേരുണ്ടായിരുന്ന സുബ്രഹ്മണ്യ ശാസ്ത്രി, ആലങ്ങാട്ടു കുഞ്ഞൻ തമ്പുരാൻ, ഒരവങ്കര നീലകണ്ഠൻ നമ്പൂതിരിപ്പാട് (രാജൻ) നടുവത്തു മഹൻ എന്നിവരാണ്.

കവിതയുണ്ടാക്കി അക്ഷര ശ്ലോകം ചൊല്ലുന്നതിൽ കുഞ്ഞിരാമവർമ്മ സമർത്ഥനായിരുന്നു. ഇക്കാര്യത്തിൽ തമ്പുരാൻ തന്നെ രേഖപ്പെടുത്തിയ ഒരു സംഭവം കുറിക്കാം.

സ്ഥാനമൊഴിഞ്ഞ കൊച്ചി വലിയ തമ്പുരാൻ, തിരുവഞ്ചിക്കുളത്ത്, ക്ഷേത്രദർശനത്തിനുവരുമ്പോൾ, കൊച്ചിരാജവംശത്തിന്നവിടെയുണ്ടായിരുന്ന സ്ഥലത്തു താമസിക്കുക പതിവായിരുന്നു. തദവസരത്തിൽ കുഞ്ഞിരാമവർമ്മ തമ്പുരാൻ അദ്ദേഹത്തെ മുഖം കാണിക്കുവാൻ പോകുക പതിവായിരുന്നു. അങ്ങനെ, ഒരവസരത്തിൽ സാന്ദർഭികമായി അക്ഷരശ്ലോകം ചൊല്ലുന്നതിനെക്കുറിച്ചു തമ്പുരാനോട് പറയുകയുണ്ടായി. അപ്പോൾ അതൊന്നു കേൾക്കണമെന്നായി,അദ്ദേഹം. കുഞ്ഞിരാമവർമ്മ തമ്പുരാൻ, ചെറിയ കൊച്ചുണ്ണിതമ്പുരാൻ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ഒരവങ്കര രാജൻ എന്നിവർ, കുംഭകോണം കൃഷ്ണ ശാസ്ത്രികളുടേയും വലിയതമ്പുരാന്റേയും സാന്നിധ്യത്തിൽ നാലുമണിക്കൂറോളം ശ്ലോകമുണ്ടാക്കി അക്ഷര ശ്ലോകം ചൊല്ലിയതായി, 'കേരളവ്യാസൻ ' മാസികയുടെ 3-ാം ലക്കത്തിൽ തമ്പുരാൻ രേഖപ്പെടുത്തി കാണുന്നുണ്ട്. (കുഞ്ഞിക്കുട്ടൻ തമ്പുരാൻ കൃതികൾ 2-ാം പുസ്തകം)

പദ്യത്തിലെന്നപോലെ, ഗദ്യത്തിലും ഇദ്ദേഹം പല രചനകളും നടത്തിയിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ഒരു കൃതിയാണ് 'വിദ്വാൻ ഇളയ തമ്പുരാന്റെ ജീവചരിത്രം'. കൊച്ചി രാജവംശത്തിലെ രാമവർമ്മ അപ്പൻ തമ്പുരാൻ മുൻകയ്യെടുത്ത്, കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന 'രസിക

രഞ്ജിനി' മാസികയിലും കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മരണശേഷം, അദ്ദേഹത്തിന്റെ സ്മാരകമായി നടത്തിയിരുന്ന 'കേരളവ്യാസൻ ' മാസികയിലും ഇദ്ദേഹത്തിന്റെ ലേഖനങ്ങൾ പലതും പ്രസിദ്ധീകൃതമായിട്ടുണ്ട്.

കുഞ്ഞിരാമവർമ്മ വർമ്മ തമ്പുരാൻ കൊ. വ. 1096 ൽ ദിവംഗതനായി.

ഈ ലേഖനപരമ്പരയ്ക്ക് പ്രയോജനപ്പെടുത്തിയിട്ടുള്ള രേഖകളും ഗ്രന്ഥങ്ങളും ചുവടെ ചേർക്കുന്നു.

(i) കൊടുങ്ങല്ലൂർ സ്വരൂപം വംശപാരമ്പര്യവൃക്ഷം (ഈ രേഖയിൽ 'രാജ്ഞി' എന്നും 'രാജാ' എന്നും രേഖപ്പെടുത്തിയത് യഥാക്രമം വിളിപ്പേരായ 'തമ്പുരാട്ടി' 'തമ്പുരാൻ' എന്നാക്കിയിട്ടുണ്ട്.)

(ii) കേരളസാഹിത്യ ചരിത്രം (ഉള്ളൂർ)

(iii) വിദ്വാൻ ഇളയതമ്പുരാന്റെ 'ശ്രീരാമചരിതം' കാവ്യത്തിന്റെ രണ്ടാം പതിപ്പിൽ, ശ്രീ. കെ.പി. നാരായണപിഷാരടി രേഖപ്പെടുത്തിയിട്ടുള്ള 'മുദ്ര്യുദ് യുവരാജചരിതം'

(iv) വിജ്ഞാനകോശങ്ങൾ,

(v) മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ ജന്മശതവാർഷിക ഉപഹാരഗ്രന്ഥം.

(vi കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ കൃതികൾ ബുക്ക് 2 പി.വി. കൃഷ്ണവാരിയർ

(vii) മലയാംകൊല്ലം } കവി സാർവ

(viii)സുന്ദര കാണ്ഡം } ഭൗമൻ,കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണി തമ്പുരാന്റെ കൃതികൾ

(ix) മഹച്ചരിതമാല – സുമംഗല – കൈരളി ചിൽഡ്രൺസ് ക്ലബ് കോട്ടയം

(x) പട്ടിക്കാൻതോടി രാമുണ്ണി മേനോൻ –കെ.പി.എസ്. മേനോൻ.

(xi) മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ– പ്രൊഫ. കെ. ശിവരാമമേനോൻ.

*(തുടരും)*



# മുക്തകങ്ങൾ

**എ.സി.ഡി. രാജാ**

1. *മാന്ധാതാചലവാസിനീ ഭഗവതീ*
*വിഘ്നേശ്വരസ്സോദരീ*
*കൈലാസേശ്വരനന്ദിനീ ത്രിനയനേ*
*നിത്യാന്നദാനേശ്വരീ*
*വാണീദേവീ സരസ്വതീ ശുഭകരീ*
*ഓംകാരനാദേശ്വരീ*
*സാക്ഷാൽ മോക്ഷകരീ സ്മരാമി നിതരാം*
*സർവ്വാർത്ഥ കാമേശ്വരീ*

2. *കാരുണ്യാമൃതവർഷമായ് അഗതികൾ*
*ക്കാലംബമായംബയായ്*
*ജ്ഞാനത്തിന്റെ വെളിച്ചമായ് സുകൃതികൾ–*
*ക്കാനന്ദാമൃതദായിയായ്*
*മാന്ധാതാവിനു സത്യമായ് പ്രണവമന്ത്രത്തിൻ*
*സുചൈതന്യമായ്*
*മാന്ധാതാചലവാസിയായ് വിലസുമെൻ*
*ദേവീശിവേകൈതൊഴാം.*

3. *ഓംകാരത്തിനു രൂപമായ് ഉപനിഷദ്*
*വാക്യാർത്ഥമായ് വേദമായ്*
*ബ്രഹ്മാണ്ഡത്തിനു കാതലായ് കലിയുഗ–*
*പ്രാണേശയായ് കാലമായ്*
*കാലത്തിന്റെ നിദാനമായ് നിയതിതൻ*
*വ്യാഖ്യാനമായ് നാഥയായ്*
*മാന്ധാതാചലവാസിയായ് വിലസുമെൻ*
*ദേവീ ശിവേകൈതൊഴാം*

4. *സേവിപ്പോർക്കമൃതം തരും കരുണതൻ*
*സ്തന്യം തരും, വ്യാധിയാൽ*
*കേഴുന്നോർക്കു സുഖം തരും കരതലത്തു–*
*മ്പാൽതലോടൽ തരും*
*ധ്യാനിപ്പോർക്കഥ ദർശനം തരും അകക്കാമ്പിൽ*
*സദാ നേരവും*
*ചിന്തിപ്പോർക്കു തരും പ്രശാന്തി*
*നിതരാംമാന്ധാചലേശേതൊഴാം*

# കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ കാരാഗൃഹവാസത്തിനിടയാക്കിയ സാഹചര്യങ്ങൾ

**(തുടർച്ച...)**

**സമ്പാ: ഡോ.ബി.ആർ.ആർ. വർമ്മ**

ആഴ്ചയിൽ ഒരു ദിവസം മാത്രം മഹാരാജാവിനെ സന്ദർശിച്ചാൽ മതിയെന്നുള്ള കല്പന കേരളവർമ്മയെ ഏറെ പ്രക്ഷുബ്ധനാക്കി. ഈ വക നിയന്ത്രണങ്ങളും നിരോധങ്ങളും യുവാവായ കേരളവർമ്മയെ അടിക്കടി അസ്വസ്ഥനാക്കിക്കൊണ്ടിരുന്നു. അനുസരണശീലവും രാജാധികാരത്തോടുള്ള ബഹുമാനവും ഒരു അതിരു വരെ മാത്രമേ അദ്ദേഹത്തിനു സാദ്ധ്യമായിരുന്നുള്ളു. ആന്തരമായ ഒരു പ്രതിഷേധം അദ്ദേഹത്തിൽ നാൾക്കുനാൾ ഉയരുന്നുണ്ടായിരുന്നു. മഹാരാജാവിനെ മാത്രമല്ല, അദ്ദേഹത്തിന്റെ സേവകവൃന്ദത്തേയും കൂടി ഭയപ്പെടണമെന്ന നില വന്നപ്പോൾ കേരളവർമ്മയുടെ ക്ഷാത്രവീര്യം വിജൃംഭിച്ചു. ആയില്യം തിരുനാളിന്റെ നാൾക്കുനാൾ വർദ്ധിച്ചുവന്ന സാന്മാർഗ്ഗികഭ്രംശം കാലേക്കൂട്ടിത്തന്നെ കേരളവർമ്മയിൽ ഉദിപ്പിച്ചിരുന്ന അവജ്ഞ ഈ പ്രതിഷേധത്തെ കൂടുതൽ ഉൽക്കടമാക്കി. മഹാറാണിയെ സ്വാധീനത്തിലാക്കിക്കൊണ്ട് കേരളവർമ്മയെ അകറ്റുവാനുള്ള ഒരു യത്നവും ആയില്യംതിരുനാൾ നടത്തി വരുന്നതായി അദ്ദേഹം സംശയിച്ചു. റാണിയുമായി എന്തോ ചില തെറ്റിദ്ധാരണകൾ ഉണ്ടായതായി അക്കാലത്തെ ഒരു കുറിപ്പിൽ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

ദിവസങ്ങൾ കഴിയുംതോറും അകൽച്ച വർദ്ധിയ്ക്കുമാറുള്ള നൂതന സാഹചര്യങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. രാജകോപത്തെപ്പറ്റി ചിന്തിയ്ക്കാതെയുള്ള സംഭാഷണങ്ങളും പ്രവൃത്തികളും പലതും അദ്ദേഹത്തിൽനിന്നുണ്ടായി. മഹാരാജാവിന്റെ നിയന്ത്രണത്തിൽ നിന്നു വിട്ടൊഴിഞ്ഞു തുടങ്ങിയപ്പോൾ വിശാഖം തിരുനാളുമായുള്ള മൈത്രയും സമ്പർക്കവും കൂടുതൽ ഗാഢമായി.

ആയിടയ്ക്ക് പ്രക്ഷോഭജനകമായ ഒരു സംഭവം കൂടിയുണ്ടായി. കടൽപ്പുറത്ത് മഹാരാജാവിന്റെ സായാഹ്നവിഹാരങ്ങൾക്കും വിനോദങ്ങൾക്കും, സേവകസമ്മേളനങ്ങൾക്കും ഉപയോഗിച്ചു കൊണ്ടിരുന്ന കൊട്ടാരം ഒരു അർദ്ധരാത്രിയിൽ അഗ്നിക്കിരയായി. അദ്ദേഹം ആ കൊട്ടാരത്തിനുള്ളിൽ തന്നെയുണ്ടായിരിയ്ക്കുമെന്നുള്ള ധാരണ വെച്ചുകൊണ്ടു നടത്തിയ ഒരു കൊള്ളിവെയ്പായിരുന്നു അതെന്നുകൂടി അദ്ദേഹം വിശ്വസിച്ചു. അതിനു പ്രേരിപ്പിച്ചവരെ സംബന്ധിച്ചു യാതൊരു തെളിവും ലഭിച്ചില്ല. അതു നേരിട്ട് ചെയ്തെന്നു സംശയിക്കാൻ ന്യായമുണ്ടായിരുന്ന കുറെപ്പേർ പോലീസിന്റെ കഠിനമായ മർദ്ദനത്തിനു വിധേയരായി. അവരിൽ മിക്കവരും ഏതെങ്കിലും വിധത്തിൽ വിശാഖംതിരുനാളിന്റേയും കേരളവർമ്മയുടെയും ആശ്രിതരോ ആജ്ഞാവാഹകരോ ആയിരുന്നെന്നു പറയപ്പെടുന്നു. അന്ന് തെക്കേത്തെരുവിൽ വെച്ചു നടത്തപ്പെട്ട മുക്കാലിയിൽ കെട്ടിയടിയുടെ ഭീകരതയെപ്പറ്റിയുള്ള കഥകൾ പറഞ്ഞറിവുള്ള ചില പഴമക്കാർ ഇന്നും അവ അനുസ്മരിയ്ക്കാറുണ്ട്. കുറ്റക്കാരായി സംശയിയ്ക്കപ്പെടുന്നുവെന്ന ഭയം തോന്നിയ പലരും നാടുവിട്ടു പോയിട്ട് ആയില്യം തിരുനാളിന്റെ കാലശേഷം മാത്രമേ മടങ്ങിവന്നുള്ളു.

**പ്രതികരണങ്ങൾ**

വിശാഖം തിരുനാളിന്റേയും കേരളവർമ്മയുടേയും പിൻബലം ഇല്ലാതെ അതു പോലെ ഒരു കൊള്ളിവെയ്പു നടക്കാൻ ഇടയില്ല എന്നായിരുന്നു മഹാരാജാവിന്റെ നിഗമനം. എന്നാൽ ഊഹത്തെ മാത്രം അടിസ്ഥാനപ്പെടുത്തി യാതൊരു നടപടിയും അവരുടെ പേരിൽ അദ്ദേഹം സ്വീകരിച്ചില്ല. ഒരു പക്ഷേ കൂടുതൽ സൗകര്യപ്രദമായ സന്ദർഭങ്ങൾ അദ്ദേഹം പ്രതീക്ഷിയ്ക്കുകയായിരുന്നിരിയ്ക്കാം. ഏതായാലും ഗൂഢാലോചനക്കാർ സൂക്ഷിച്ചിരിയ്ക്കേണ്ട ഒരു ഘട്ടം ആ സംഭവത്തോടു കൂടി സമാഗതമായെന്നു ന്യായമായി ഊഹിയ്ക്കാമായിരുന്നു.

പക്ഷേ കേരളവർമ ഇതൊന്നും വേണ്ടപോലെ ഗ്രഹിച്ചില്ല. അദ്ദേഹം ഏറെക്കുറെ ഒരു സാഹസികന്റെ സരണിയിലേയ്ക്കു വഴുതി നീങ്ങുകയായിരുന്നു. റാണി ഇതു മനസ്സിലാക്കുകയും ഭർത്താവിന്റെ ആലോചനാശൂന്യതയിൽ നിന്ന് അദ്ദേഹത്തെ പിൻതിരിയ്ക്കാൻ ശ്രമിയ്ക്കുകയും ചെയ്തു. എന്നാൽ അവരുടെ ഉപദേശങ്ങൾ അദ്ദേഹം ചെവിക്കൊണ്ടില്ല. അവ അദ്ദേഹത്തെ കൂടുതൽ ക്ഷുഭിതനാക്കുകയാണ് ചെയ്തത്. അത്ര സ്പഷ്ടമല്ലാത്ത വല്ല കാരണങ്ങളും അതിനുണ്ടായിരുന്നിരിയ്ക്കാം. അവർ തമ്മിലുണ്ടായ ചില തെറ്റിദ്ധാരണകളെക്കുറിച്ച് മുമ്പു സൂചിപ്പിച്ചല്ലോ. ഏതായാലും രാജ്ഞിയുടെ മുന്നറിയിപ്പുകൾ അന്ന് അദ്ദേഹം ശ്രദ്ധിച്ചില്ലെന്നുള്ളത് സ്പഷ്ടമാണ്.[9]

ഉപജാപം കൂടുതൽ പ്രബലപ്പെട്ടു വരുന്നതു കണ്ടപ്പോൾ മഹാരാജാവ് അതിനെ ഉടയ്ക്കാനുള്ള പദ്ധതികളും ആലോചിച്ചു. ഇളയരാജാവായ വിശാഖം തിരുനാളിന്റെ പേരിൽ നേരിട്ടു നടപടികൾ എടുക്കുക അത്ര എളുപ്പമായിരുന്നില്ല. എന്നാൽ കേരളവർമ്മയെ കുറെക്കൂടി നിഷ്പ്രയാസം അടക്കാൻ കഴിയുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. വിവാഹത്തിന്റെ ബന്ധമായിരുന്നല്ലോ അദ്ദേഹത്തിന്റെ പ്രധാനബലം. റാണി സമ്മതിച്ചാൽ ആ ബന്ധം വേർപെടുത്താവുന്നതേയുള്ളൂ. അത്രയും സാധിച്ചാൽ കേരളവർമ്മ പിന്നെ രാജധാനിയിൽ ഒരു പ്രശ്നമേയല്ല. രാജധാനി വിട്ടുകൊള്ളാനുള്ള ഒരു

കല്പന കൊണ്ട് നിവാരണം ചെയ്യാവുന്ന കുഴപ്പമേ പിന്നെയുള്ളൂ. ഈ ഒരു കരുതൽ മഹാരാജാവിന്റെ ഉള്ളിൽ കാലേകൂട്ടിയുണ്ടായിരുന്നു.[10] വിശേഷിച്ചും കേരളവർമ്മ വിശാഖം തിരുനാളിന്റെ പക്ഷത്തേക്ക് തിരിയുന്നുവെന്നു മനസ്സിലായിക്കഴിഞ്ഞപ്പോഴേക്കും ഈ കരുതൽ അദ്ദേഹം മിക്കവാറും സ്ഥിരീകരിച്ചുവെന്നു തന്നെ പറയാം. കേരളവർമ രാജധാനിയിലില്ലെങ്കിൽ വിശാഖം തിരുനാളിന്റെ പിൻബലങ്ങളിൽ ഏറ്റവും പ്രധാന ഘടകം തകരുമെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. എന്നാൽ ഈ അന്തർഗതങ്ങളൊക്കെ പരമരഹസ്യങ്ങളായി സൂക്ഷിച്ചതേയുള്ളൂ അദ്ദേഹം.

**ഒരു ഊമക്കത്ത്**

അങ്ങിനെയിരിയ്ക്കെയാണ് ക്ഷോഭജനകമായ മറ്റൊരു സംഭവം ഉണ്ടായത്. ദിവാൻ ശേഷയ്യാശാസ്ത്രിയ്ക്ക് ഒരു ഊമക്കത്തുകിട്ടി. അദ്ദേഹത്തെ വല്ലാതെ സംഭ്രമിപ്പിച്ച ഈ മുന്നറിയിപ്പായിരുന്നു ഇംഗ്ലീഷിലുള്ള ആ കത്തിലെ ഉള്ളടക്കം. മഹാരാജാവ് അദ്ദേഹത്തെ അപായപ്പെടുത്തുവാൻ തീരുമാനിച്ചിരിയ്ക്കുന്നുവെന്നും അതിനാൽ ഒന്നുകിൽ ദിവാൻപദം ഒഴിഞ്ഞുപോകണമെന്നും അല്ലാത്ത പക്ഷം വിശ്വസ്തരായ പാചകരെക്കൊണ്ടു മാത്രമേ ആഹാരം പാകം ചെയ്യിച്ചു കഴിയ്ക്കാവൂ എന്നുമായിരുന്നു അതിൽ നൽകിയിരുന്ന മുഖ്യമായ അറിയിപ്പ്. മറ്റൊന്ന്, മഹാരാജാവിന്റെ പ്രീതിപാത്രമായ പേഷ്ക്കാർ നാണുപിള്ളയെ അദ്ദേഹത്തിന്റെ, (ശേഷയ്യാശാസ്ത്രിയുടെ) സ്ഥാനത്ത് നിയമിയ്ക്കാൻ മഹാരാജാവ് തീരുമാനിച്ചിരിയ്ക്കുന്നുവെന്നുമായിരുന്നു.[11]

ശേഷയ്യാശാസ്ത്രിയും മഹാരാജാവും തമ്മിൽ ആയിടക്ക് ഭരണകാര്യങ്ങൾ സംബന്ധിച്ചു സാരമായ അഭിപ്രായവ്യത്യാസങ്ങളുണ്ടായിക്കഴിഞ്ഞിരുന്നു. അഞ്ചുവർഷത്തെ കാലാവധിയിൽ നിയമിതനായിരുന്ന അദ്ദേഹം അന്നു മൂന്നു വർഷം പോലും ഭരിച്ചു കഴിഞ്ഞിരുന്നില്ല. മഹാരാജാവിന്റെ സ്വേച്ഛാശീലങ്ങൾ അതിരു കവിഞ്ഞു വന്നപ്പോൾ ശാസ്ത്രി കുറെയൊക്കെ എതിർപ്പു പുറപ്പെടുവിച്ചു തുടങ്ങി. അദ്ദേഹത്തിന് ബ്രിട്ടീഷ് അധികാരകേന്ദ്രങ്ങളിൽ സ്വാധീനശക്തിയുണ്ടെന്ന ഒരു ബലം അവകാശപ്പെടാനുണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ നിയമവ്യവസ്ഥയിൽ, മഹാരാജാവിന്റെ ഹിതവും ഇഷ്ടവും ഉള്ളിടത്തോളം കാലം മാത്രം ഭരിയ്ക്കുക എന്ന ഒരു വകുപ്പുണ്ടായിരുന്നത് ഓർത്തുകൊള്ളാൻ മഹാരാജാവു പറഞ്ഞു. പരസ്പരം മത്സരം വർദ്ധിച്ചപ്പോൾ തന്ത്രത്തിനുമേൽ തന്ത്രം പ്രയോഗിയ്ക്കാനുള്ള സഹജമായ കഴിവുകൾ മഹാരാജാവു പ്രയോഗിച്ചു തുടങ്ങി. അതിൽ പലപ്പോഴും ശാസ്ത്രീ തന്നെ പരാജയപ്പെട്ടു. അദ്ദേഹം രണ്ടു മൂന്നു പ്രാവശ്യം രാജി വച്ചു പോകാൻ സന്നദ്ധത പ്രദർശിപ്പിച്ചു. അങ്ങിനെയായാലും തരക്കേടില്ല എന്ന ഭാവത്തിൽ മഹാരാജാവ് നിലകൊണ്ടു. ഒരു പേഷ്ക്കാരെക്കൊണ്ട് ദിവാന്റെ ജോലി നിർവഹിപ്പിയ്ക്കാൻ തനിയ്ക്കു കഴിയുമെന്ന് ഒരിയ്ക്കൽ അദ്ദേഹം ശാസ്ത്രിയോടു പറഞ്ഞു. പക്ഷേ റസിഡന്റ് ശേഷയ്യാശാസ്ത്രിയുടെ വശത്തായിരുന്നു. റസിഡന്റിന്റെ ഇടപെടൽ മൂലം ദിവാൻജിയുടെ രാജി തല്ക്കാലം നടക്കാതെ കാര്യങ്ങൾ മുന്നോട്ടു നീങ്ങി.

ഇപ്രകാരമുള്ള സാഹചര്യങ്ങളിലാണ് മേല്പറഞ്ഞ കത്ത് അദ്ദേഹത്തിനു കിട്ടിയത്. ദിവാൻപദവിയേക്കാൾ ജീവനെ സ്നേഹിച്ച ആ ബ്രാഹ്മണൻ കത്തു വായിച്ചപ്പോൾ ആകപ്പാടെ സ്തംഭിച്ചുപോയി. ആദ്യം വിശാഖം തിരുനാളിനെയാണ് അദ്ദേഹം അത് കാണിച്ചത്.കത്തിലെ കൈപ്പട കണ്ടപ്പോൾ തന്നെ വിശാഖംതിരുനാൾ തെല്ലൊന്നു ചിന്താകുലനായി. എങ്കിലും അദ്ദേഹം ഭാവഭേദമൊന്നും പ്രകടിപ്പിച്ചില്ല. ദിവാൻ പിന്നെ അത് മഹാരാജാവിന്റെ പക്കൽ തന്നെ സമർപ്പിച്ചു. അദ്ദേഹം അല്പമൊന്നു വിഷമിച്ചെങ്കിലും സഹജമായ പ്രസന്നതയും സൗമ്യഭാവവും കൈവിട്ടില്ല. സംഭ്രാന്തനായ ദിവാനെ സമാധാനപ്പെടുത്തിക്കൊണ്ട് അതൊക്കെ ആരുടേയോ കുചേഷ്ടിതങ്ങൾ മാത്രമാണെന്നും പരമാർത്ഥത്തിന്റെ കണികപോലും അതിൽ ഇല്ലാത്തതിനാൽ സംഭ്രമിയ്ക്കേണ്ട യാതൊരാവശ്യവുമില്ലെന്ന് ഉറപ്പു പറഞ്ഞു. എന്നാൽ ഇത്തരം രാജദ്രോഹപരമായ വിധ്വംസക പ്രവൃത്തികളെ അമർത്താൻ കർശനമായ ചില നിർദ്ദേശങ്ങൾ കൂടി നൽകിയാണ് അദ്ദേഹം ദിവാനെ അയച്ചത്.

**കത്തിന്റെ പിന്നിൽ**

എഴുത്തിലെ ഉള്ളടക്കം കേവലം അവാസ്തവമോ, അടിസ്ഥാനരഹിതമോ ആയിരുന്നില്ല. ഏതാനും ദിവസങ്ങൾക്ക് മുമ്പ് ഒരു രാത്രിയിൽ മഹാരാജാവും സേവകന്മാരും കൂടി നടത്തിയ ഒരു മദ്യപാന സമ്മേളനത്തിൽ നടന്ന യഥാർത്ഥസംഭവങ്ങളെ അവലംബമാക്കിയുള്ള ഒരു കത്തായിരുന്നു അത്. ശേഷയ്യാശാസ്ത്രിയും മഹാരാജാവുമായി തീവ്രമായ ചില അഭിപ്രായവ്യത്യാസങ്ങൾ അന്ന് ഉണ്ടായി. പാനഗോഷ്ടി കുറേയങ്ങോട്ടായപ്പോൾ മദോന്മത്തരായ സേവകരോട് മഹാരാജാവ് ദിവാനെക്കുറിച്ച് വളരെ ക്ഷുഭിതനായി സംസാരിച്ചു തുടങ്ങി. ദിവാനെ ദുഷ്ടനെന്നും കുടവയറനെന്നും നന്ദി കെട്ടവനെന്നുമാണത്രെ മഹാരാജാവ് വിശേഷിപ്പിച്ചത്.

തന്നെ ദിവാൻ പുല്ലിന് കൂട്ടാക്കുന്നില്ലെന്നും, എപ്പോഴും വിപരീതമായി പ്രവർത്തിച്ചു സങ്കടപ്പെടുത്തുന്നുവെന്നും, അദ്ദേഹം പറഞ്ഞു.[12] കൊച്ചിയിൽ മുമ്പ് രാജാവിനെതിരായി പ്രവർത്തിച്ച ശങ്കരവാര്യർ ദിവാന്ന് രാജസേവകനായിരുന്ന ശിവരാമഭാഗവതർ വിഷം കൊടുക്കാൻ തയ്യാറായതു പോലെ ഇവിടെ തനിയ്ക്കു വേണ്ടി പ്രവർത്തിയ്ക്കാൻ തന്റെ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളേണ്ട സേവകന്മാർ ആരും ഇല്ലാതെ പോയല്ലോ എന്നദ്ദേഹം പരിഭവിച്ചു.[13] തന്റെ ഹിതവും ആജ്ഞയും അനുസരിച്ച് എപ്പോൾ വേണമെങ്കിലും ഉദ്യോഗമൊഴിഞ്ഞു പോകേണ്ട ദിവാൻ ഒഴിഞ്ഞു പോകാതെ തുടരുന്നത് തനിയ്ക്കു ഉപദ്രവകരമായിരിയ്ക്കുന്നുവെന്നും മാധവറാവുവിനേക്കാൾ അഹങ്കാരിയായി പെരുമാറുന്ന ഈയാളെ ഇനി പൊറുക്കാൻ പ്രയാസമാണെന്നും അദ്ദേഹം ആക്രോശിച്ചു. ഈ ദിവാൻ പോയാൽ തന്റെ പേഷ്ക്കാരന്മാരിൽ ഒരാളെക്കൊണ്ടുതന്നെ ഭരിപ്പിക്കാൻ തനിയ്ക്കു കഴിയുമെന്നും അദ്ദേഹം പ്രസ്താവിച്ചു.[14]

(തുടരും)

# വേണാട്

## (തിരുവിതാംകൂർ) രാജവംശം - XLI

### ഡോ. ആർ. പി. രാജാ

**കൊ.**വ. 973 കുംഭമാസം 6-ാം തീയതി ശിവരാത്രി ദിവസം, കാർത്തിക തിരുനാൾ രാമവർമ്മ ധർമ്മരാജാവ് അന്തരിച്ചു. ശിവരാത്രി ദിവസം മരിയ്ക്കുന്നത് നല്ലതല്ലെന്ന് ഒരു വിശ്വാസമുണ്ട്. അവസാന നിമിഷം വരെ ബോധമുണ്ടായിരുന്ന ധർമ്മരാജാവ്, മരണം ആസന്നമായി എന്ന് തോന്നിയപ്പോൾ, "യുദ്ധങ്ങളിലാണെങ്കിലും അനവധി പേരെ വധിച്ച ഞാൻ ഇതുപോലത്തെ ദിവസമല്ലാതെ എന്നാ പോവുക?" എന്ന് ചോദിച്ചതായി കേട്ടിട്ടുണ്ട്. പക്ഷെ മരണം വളരെ ശാന്തമായിരുന്നു. അശുദ്ധിയെല്ലാം കഴിഞ്ഞ് അവിട്ടം തിരുനാൾ ബാലരാമവർമ്മ ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ പോയി "ദേവഗിരി ഉടവാൾ" സ്വീകരിച്ച് പടിയും പടിയേറ്റവും നടത്തി, വട്ടക പ്രസാദവും സ്വീകരിച്ച് മഹാരാജാവായി. പ്രായം പതിനാറ്.

അനിഴം തിരുനാൾ മാർത്താണ്ഡവർമ്മയും കാർത്തിക തിരുനാൾ രാമവർമ്മ ധർമ്മരാജാവും കൂടി അൻപതു വർഷങ്ങൾക്കുള്ളിൽ പല രാജാക്കന്മാരേയും പ്രബല ശക്തികളേയും തോൽപ്പിച്ച് തിരുവിതാംകൂറിനെ കേരളക്കരയിലെ ഏറ്റവും വിസ്തൃതമായതും, പ്രബലവും, സമ്പന്നവുമായ ഒരു രാജ്യമായി വളർത്തിയെടുത്തതിൽ സഹിയ്ക്കുവാനാകാത്ത പല ശക്തികളും രാഷ്ട്രീയമായും സാമുദായികമായും തിരുവിതാംകൂറിന് പുറത്തുണ്ടായിരുന്നുവെന്നത് ഒരു ചരിത്ര സത്യമാണ്. ശക്തി ഉപയോഗിച്ച് തിരുവിതാംകൂറിനെ ദുർബലപ്പെടുത്തുക അന്നത്തെ സാഹചര്യത്തിൽ അസാദ്ധ്യമായിരുന്നു. ബുദ്ധിപൂർവ്വം തളർത്തുവാൻ ശ്രമിയ്ക്കുവാനേ സാദ്ധ്യമാകൂ. അതിനുള്ള മാർഗ്ഗങ്ങൾ ശത്രുപക്ഷക്കാർ നിരന്തരം അന്വേഷിച്ചുകൊണ്ടുമിരുന്നു. അകത്തു കടന്നു കയറി ദുർബലപ്പെടുത്തുവാനും തകർക്കുവാനും ഒരു പഴുതിനു വേണ്ടി കാത്തിരുന്ന കാലം.

കൊ.വ 973-ാമാണ്ട് (എ.ഡി 1797-98) ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ 'മുറജപം' നടന്നു. അക്കാലത്ത് കേരളത്തിലെ നമ്പൂതിരി ബ്രാഹ്മണർ കൂട്ടത്തോടെ തിരുവനന്തപുരത്തെത്തുന്ന കാലമായിരുന്നു. അക്കൊല്ലം വന്നിരുന്നവരുടെ കൂട്ടത്തിൽ, കോഴിക്കോട്ട് സാമൂതിരിപ്പാടിന്റെ അധീനതയിലായിരുന്ന ഏറനാട് താലൂക്കിൽ നിന്നും ഉതിയേരി ജയന്തൻ ശങ്കരൻ നമ്പൂതിരി, ജയന്തൻ ജയന്തൻ നമ്പൂതിരി, ജയന്തൻ സുബ്രഹ്മണ്യൻ നമ്പൂതിരി എന്നീ നമ്പൂതിരി സഹോദരന്മാരും, അവരുടെ സഹോദരീ ഭർത്താവായ ഒരു പാലനാട് നമ്പൂതിരിയും തിരുവനന്തപുരത്തെത്തിയിരുന്നു. അക്കാലത്ത് മഹാരാജാവായ ധർമ്മരാജാവിന്റെ വാസസ്ഥലം കോട്ടയ്ക്കകത്ത് തെക്കെത്തെരുവിലുള്ള വലിയ കൊട്ടാരത്തിലും ഇളയ തമ്പുരാനായ അവിട്ടം തിരുനാൾ ബാലരാമവർമ്മ വടക്കെത്തെരുവിലുള്ള (പത്മവിലാസം റോഡ്). വടക്കെ കൊട്ടാരത്തിലും ( സെനാന മിഷൻ സ്കൂളിന് പടിഞ്ഞാറുവശം) രാജകുടുംബത്തിലെ പെൺവഴിത്തമ്പുരാക്കന്മാരായ ഭരണി തിരുനാൾ പാർവ്വതി ആറ്റിങ്ങൽ മൂത്ത തമ്പുരാൻ, ഉത്രം തിരുനാൾ ഉമ ആറ്റിങ്ങൽ ഇളയതമ്പുരാൻ, ഭരണി തിരുനാളിന്റെ മകൾ ആയില്യം തിരുനാൾ ഗൗരിലക്ഷ്മീ ഭായി ആറ്റിങ്ങൽ കൊച്ചുതമ്പുരാൻ എന്നിവർ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനു വടക്കെനടയിലുള്ള ശ്രീപാദം കൊട്ടാരത്തിലും (ഇപ്പോൾ കേരള സർക്കാറിന്റെ ഡയറക്ടറേറ്റ് ഓഫ് ആർക്കിയോളജി) ആയിരുന്നു താമസിച്ചിരുന്നത്. സഹായത്തിന് കുറച്ച് ജോലിക്കാർക്കൊപ്പം താമസിച്ചിരുന്ന അവിട്ടം തിരുനാൾ ബാലരാമവർമ്മയുമായി ഉതിയേരി നമ്പൂതിരിമാർക്കുണ്ടായിരുന്ന സൗഹൃദബന്ധം ദുരൂഹതകൾ നിറഞ്ഞതായിരുന്നു. ധർമ്മരാജാവിന് വാർദ്ധക്യ സഹജമായ ദുർബലതകൾ വർദ്ധിച്ചു വരുന്നതിനെക്കുറിച്ചും ബാലരാമവർമ്മയുടെ പ്രാപ്തിയില്ലായ്മയെക്കുറിച്ചും, തിരുവിതാംകൂറിൽ മാത്രമല്ല, കൊച്ചിയിലും മലബാറിലും അറിഞ്ഞിരുന്നു. ഈ അവസ്ഥ അറിഞ്ഞ ചില തല്പരകക്ഷികൾ തിരുവിതാംകൂറിനെ ശിഥിലീകരിയ്ക്കുവാൻ ഉതിയേരി നമ്പൂതിരിമാരെ കൂട്ടുപിടിച്ചുവെന്ന് അനുമാനിക്കാവുന്നതാണ്.

അപ്രാപ്തനായ ബാലരാമവർമ്മയുടെ കൈകളിൽ രാജ്യവും രാജകുടുംബവും ദുർബലമാകുമെന്നും, രാജ്യത്തിനകത്തും പുറത്തുമുള്ള ഛിദ്രശക്തികൾ തല ഉയർത്തുമ്പോൾ അവയെ നേരിടുവാൻ ബാലരാമവർമ്മയ്ക്ക് കഴിവില്ലെന്നും ബോദ്ധ്യപ്പെട്ടിരുന്ന ധർമ്മരാജാവ്, രാജ്യത്തിന്റെ മാത്രമല്ല, രാജകുടുംബത്തിന്റെ കൂടി ചുമതല പ്രഗത്ഭനും രാജ്യതന്ത്രജ്ഞനും ഭരണനിപുണനും വിശ്വസ്തനുമായ തന്റെ ദിവാൻജി രാജാ കേശവദാസനിൽ

നിക്ഷിപ്തമാക്കിയിരുന്നു. എപ്രകാരമാണെങ്കിലും ധർമ്മരാജാവിന്റെ സംവത്സരദീക്ഷ ബാലരാമവർമ്മ നോക്കുന്ന കാലത്ത് ഉതിയേരി നമ്പൂതിരിമാർ ബാലരാമവർമ്മയുടെ സേവകന്മാരായി കൂടുകയും ആ പതിനാറുകാരൻ രാജാവിന്റെ ഉറ്റ തോഴന്മാരും ഏറ്റവും വലിയ വിശ്വസ്തന്മാരായി തീരുകയും ചെയ്തു. ദീക്ഷക്കാലമായതിനാലും ഭരണപരിചയം ആർജ്ജിച്ചിട്ടില്ലാത്തതിനാലും രാജ്യകാര്യങ്ങളും കൊട്ടാരകാര്യങ്ങളും രാജാകേശവദാസൻ തിരുവനന്തപുരത്ത് താമസിച്ചു കൊണ്ട് നേരിട്ടു നടത്തിക്കൊണ്ടിരുന്നു. ബാലരാമവർമ്മ മഹാരാജാവായപ്പോൾ,വടക്കെ കൊട്ടാരത്തിൽ നിന്നും വലിയ കൊട്ടാരത്തിലേയ്ക്ക് താമസം മാറ്റിയിരുന്നു. വലിയ കൊട്ടാരത്തിലെ സമുച്ചയത്തിൽ തന്നെയായിരുന്നു നമ്പൂതിരിമാരുടേയും താമസം. രാജാകേശവദാസനും ഒറ്റയ്ക്ക് കൊട്ടാരം വക സ്ഥലത്ത് ഒരുക്കളക്കാരൻ മാത്രമായി താമസിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ കുന്നത്തൂരുള്ള (കന്യാകുമാരി ജില്ലയിൽ) തറവാട്ടിൽ തന്നെയായിരുന്നു. പണ്ട് കാലത്ത് തറവാട്ട്സ്ത്രീകൾ വീട് വിട്ട് പുറത്തു പോകാറില്ലല്ലോ.

ബാലരാമവർമ്മ സാധുവും ദുർബലനുമായിരുന്നു. കൊ.വ. 969-ൽ തന്നെ (എ.ഡി 1794) ധർമ്മരാജാവ് ബാലരാമവർമ്മയെക്കുറിച്ചുള്ള തന്റെ അഭിപ്രായം പ്രകടമാക്കിയിരുന്നതിനാൽ വലിയ കൊട്ടാരത്തിൽ നടക്കുന്ന സംഗതികളെക്കുറിച്ചും അവിടെ വന്നു പോകുന്നവരെക്കുറിച്ചും പെരുമാറുന്നവരെക്കുറിച്ചുമൊക്കെയുള്ള വിവരങ്ങൾ അപ്പപ്പോൾ അറിയുവാൻ വേണ്ടി സമർത്ഥരും അദ്ദേഹത്തിന് വിശ്വാസമുള്ളവരുമായവരെ കേശവദാസൻ രഹസ്യമായി കൊട്ടാരത്തിൽ നിയോഗിച്ചിരുന്നു.

ഉതിയേരി നമ്പൂതിരിമാരുടെ പെരുമാറ്റങ്ങളും സമ്പ്രദായങ്ങളും ആദ്യമൊക്കെ തീരെ ഇഷ്ടപ്പെട്ടിരുന്നില്ല എന്ന അവസ്ഥയിൽ നിന്നും സംശയത്തിന്റെ തീനാളങ്ങളിലേയ്ക്കാണ് രാജാ കേശവദാസനെ നയിച്ചത്. അതേ സമയം, ഉതിയേരി നമ്പൂതിരിമാർക്കും അവരെ നിയോഗിച്ചവർക്കും ഒരു കാര്യം ബോദ്ധ്യപ്പെട്ടു. ദീക്ഷക്കാലത്ത് ബാലരാമവർമ്മയോടൊപ്പം അടുത്തുകൂടിയിരുന്ന ഉതിയേരി നമ്പൂതിരിമാർക്ക് പല ആശയങ്ങളും തോന്നിയിരുന്നെങ്കിലും അവ നടപ്പിലാക്കാനുള്ള ഏകവിഘാതം കേശവദാസനാണെന്നും മനസ്സിലായി. ദീക്ഷക്കാലത്ത് എല്ലാം ചിട്ടയായി കേശവദാസന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ കൊട്ടാരത്തിലെ വരെ ദൈനംദിന കാര്യങ്ങൾ നടത്തിവന്നിരുന്നതിനാൽ നമ്പൂതിരിമാർക്ക് അനങ്ങാൻ കഴിഞ്ഞില്ല. കൊ.വ 974 മകരമാസം 29-ാം തീയതി ധർമ്മരാജാവിന്റെ 'മാസം' അടിയന്തിരം വളരെ കേമമായി കേശവദാസന്റെ മേൽനോട്ടത്തിൽ നടന്നു.

കാത്തിരിപ്പിനും ക്ഷമയ്ക്കും ഒരതിരുണ്ടല്ലോ. ദീക്ഷ കഴിഞ്ഞതോടെ പ്രവർത്തനപഥത്തിലേയ്ക്കിറങ്ങുവാൻ നമ്പൂതിരിമാർ തീരുമാനിച്ചു. എട്ടുംപൊട്ടും തിരിയാത്ത പതിനേഴ് വയസ്സുകാരൻ ബാലരാമവർമ്മയെ അവർ വെറുമൊരു 'കളിപ്പാവ' ആക്കി മാറ്റി. അവർ ഇച്ഛിക്കുന്നതെന്തും ബാലരാമവർമ്മയെക്കൊണ്ട് ചെയ്യിക്കുവാനാകുമെന്ന് ബോദ്ധ്യപ്പെട്ട് കഴിഞ്ഞിരുന്നു. അവർ ഒന്നാമതായി തീരുമാനിച്ചത് രാജാ കേശവദാസനെ ബാലരാമവർമ്മയിൽ നിന്നകറ്റുക എന്ന പ്രവൃത്തിയായിരുന്നു.

മഹാരാജാക്കന്മാർ സ്വന്തമായി വളരെക്കാലം ഉപയോഗിക്കുന്ന വസ്തുക്കൾ രാജകുടുംബത്തിലെ മറ്റംഗങ്ങളൊ പ്രജകളോ നാടുനീങ്ങിയ മഹാരാജാവിനോടുള്ള ആദരവ് കാരണം ഉപയോഗിക്കാറില്ലായിരുന്നു. അപ്രകാരമുള്ള ഒരു സംസ്കാരവും ആചാരവുമുള്ള അവസ്ഥയിലാണ്, ഒരു ദിവസം ഉതിയേരി ജയന്തൻ ശങ്കരൻ നമ്പൂതിരി കസവു വസ്ത്രങ്ങളും ആടയാഭരണങ്ങളും മുറുക്കിചുമപ്പിച്ച വക്ത്രവുമൊക്കെയായി ധർമ്മരാജാവ് മാത്രം ഉപയോഗിച്ചിരുന്ന പല്ലക്കിൽ കയറി തിരുവനന്തപുരം കോട്ടയ്ക്കകത്തുള്ള നഗരവീഥികളിൽ കൂടി ഒരു പ്രദക്ഷിണം വയ്ക്കുവൻ തുടങ്ങിയത്. ഈ വിവരം അറിഞ്ഞപ്പോൾ രാജാ കേശവദാസൻ എത്രമാത്രം ക്ഷുഭിതനായിക്കാണുമെന്ന് വിവരിയ്ക്കേണ്ടതില്ലല്ലോ. കേശവദാസൻ അനുയായികളുമായി പാഞ്ഞുചെന്ന് പല്ലക്ക് തടഞ്ഞു. നമ്പൂതിരിയെ പല്ലക്കിൽ നിന്നും താഴെയിറക്കി ശകാരവർഷം കൊണ്ട് അഭിഷേകവും നടത്തി. ഫലമോ? ഇരുപത്തിനാല് മണിക്കൂറിനകം ബാലരാമവർമ്മ മഹാരാജാവിൽ നിന്നും തന്റെ ദിവാൻജിയായിരുന്ന രാജാകേശവദാസന് ജോലിയിൽ നിന്നും പിരിച്ചുവിടുന്ന 'വിലക്കു നീട്ട്' ആണ് ലഭിച്ചത്. ബാലരാമവർമ്മയുടെ ഈ പ്രവൃത്തി രണ്ടു പ്രധാന കാര്യങ്ങളിലേയ്ക്ക് സംശയരഹിതമായി വിരൽ ചൂണ്ടുന്നുണ്ട്.

*(തുടരും)*

## വി.കെ. രാജൻ സ്മാരക പുരസ്കാരം



സി.പി.ഐ നേതാവും മന്ത്രിയുമായിരുന്ന വി.കെ. രാജന്റെ സ്മരണക്കായി വി.കെ.രാജൻ സ്മാരക സമിതി, പൊതുപ്രവർത്തനത്തിനേർപ്പെടുത്തിയ പുരസ്കാരം, പാലിയം സത്യാഗ്രഹസേനാനി കൊടുങ്ങല്ലൂർ ചിറക്കൽ കോവിലകത്തെ രമതമ്പുരാട്ടിക്കു ലഭിച്ചു. വി.കെ. രാജന്റെ ചരമദിനാചരണത്തോടനുബന്ധിച്ച്, 31.5.2009ൽ കൊടുങ്ങല്ലൂരിൽ ചേർന്ന യോഗത്തിൽ മന്ത്രി സി. ദിവാകരനിൽ നിന്നും പ്രസ്തുത പുരസ്കാരം, രമതമ്പുരാട്ടി ഏറ്റുവാങ്ങി.

നൊസ്റ്റാൾജിയ

## എന്റെ ഗ്രാമം – 6

# അപ്ഫൻ

**കെ. ഹരികൃഷ്ണ വർമ്മ**

**ബാ**ല്യത്തിലും കൗമാരത്തിലും ദിവസങ്ങൾക്ക് വളരെ ദൈർഘ്യം അനുഭവപ്പെടാറുണ്ട്. കാലത്തു എഴുന്നേറ്റു കഴിഞ്ഞാൽ പ്രഭാത കൃത്യങ്ങളും പ്രാതലും കഴിഞ്ഞ് സ്കൂളിൽ പോകുന്നതു വരെ ഉള്ള സമയം തന്നെ വളരെ നീണ്ടതാണ്. രാവിലെ ഒൻപതരക്കു സ്കൂളിലെത്തിയാൽ വൈകിട്ടു നാലിനു മണിയടി കേൾക്കുന്നതു വരെ ഉള്ള സമയം അതിലും വളരെ നീണ്ടതാണ്. വൈകിട്ടു വീട്ടിലെത്തി ചായകുടിയും കളികളും നാമം ജപവും അത്താഴവും കഴിഞ്ഞു കിടക്കുന്നതിനിടയ്ക്കും ഒരുപാടു സമയം ഉള്ളതായി തോന്നും. ഒന്നാം ക്ലാസ്സു മുതൽ പത്താം ക്ലാസ്സുവരെ എത്താൻ നീണ്ട പത്തു വർഷം ആയപ്പോൾ ജോലിയിൽ ഇരുപത്തി എട്ടു വർഷം പിന്നിടാൻ വെറും ഇരുപത്തി എട്ടു വർഷമേ എടുത്തുള്ളൂ. അന്നത്തെ ഞങ്ങളുടെ എട്ടുകെട്ടു കോവിലകത്തിനു നല്ല വലുപ്പം ആയിരുന്നു. വളരെ വലുപ്പമുള്ള മരങ്ങളും കുന്നുകളും കുളങ്ങളും അന്നുണ്ടായിരുന്നു. എന്റെ ഈ ഭാഷണം ഒരു വിഡ്ഢിയുടേതാണെന്നു നിങ്ങൾ ധരിക്കുന്നുണ്ടാകാം. പക്ഷെ കാലം നമ്മുടെ തോന്നലുകളിൽ വരുത്തുന്ന മാറ്റങ്ങൾ പലപ്പോഴും വിശദീകരണങ്ങൾക്കും അപ്പുറത്താണു നിലകൊള്ളുന്നത്.

എന്റെ അച്ഛന്റെ ഒരേ ഒരനുജനാണു ഞങ്ങൾ അപ്ഫൻ എന്നു വിളിക്കുന്ന ചെറിയച്ഛൻ. ഒരു സഹോദരി കൂടി അച്ഛനു ഉണ്ടായിരുന്നെങ്കിലും അവർ വിവാഹശേഷം കുട്ടികൾ ഉണ്ടാകുന്നതിനു മുൻപ് മരിക്കുകയാണുണ്ടായത്. ഞങ്ങൾ കുട്ടികൾ അവരെ കണ്ടിട്ടില്ല. എങ്കിലും എന്റെ ചേച്ചിക്കു അതേ ഛായ ആണെന്നു അമ്മ പറഞ്ഞു കേട്ടിട്ടുണ്ട്. അപ്ഫൻ ടെലഫോൺസ് ഡിപ്പാർട്ട്മെന്റിൽ ഉദ്യോഗസ്ഥനായിരുന്നതിനാൽ കേരളത്തിൽ പലയിടങ്ങളിലുമായാണു ജോലിചെയ്തിരുന്നത്. അതുകൊണ്ട് മാസത്തിൽ ഒരു തവണയാണു വീട്ടിൽ എത്താറുള്ളത്. ഞങ്ങൾ വൈകുന്നേരങ്ങളിൽ വടക്കേ പറമ്പിൽ കളിച്ചുകൊണ്ടിരിക്കുമ്പോൾ റോഡിലൂടെ അപ്ഫൻ നടന്നുവരുന്നതു കാണാം. ഞങ്ങൾ ഉടനെ കളിയൊക്കെ നിർത്തി റോഡരുകിൽ പോയി നിൽക്കും. അപ്ഫന്റെ കയ്യിലുള്ള ക്യാൻവാസ് ബാഗ് വാങ്ങി വീടുവരെ പിടിച്ചുകൊണ്ടു പോകാനുള്ള ഭാഗ്യം ആർക്കാണു കിട്ടുന്നതെന്നറിയാൻ പിന്നെ ഒരു മൽസരമാണ്. അപ്ഫൻ ഒരു സംഭാഷണപ്രിയനോ ആ വിഷയത്തിൽ ചതുരനോ അല്ല എങ്കിലും തളത്തിൽ വന്നിരുന്ന് വളരെ നേരം വർത്തമാനം പറയും. ഞങ്ങളുടെ കിടപ്പ് തളത്തിലായതിനാൽ ഈ വർത്തമാനങ്ങൾ കേട്ടു കേട്ട് ഉറങ്ങിപ്പോകും. ഈ സംഭാഷണങ്ങളിലാണ് അപ്ഫന്റെ പരിഹാസങ്ങളുടെ ചുരുളഴിയുന്നതും പൊട്ടിച്ചിരികൾ കേൾക്കുന്നതും.

ഉദ്യോഗത്തിൽ നിന്ന് അടുത്തൂൺ പറ്റി നാട്ടിൽ വന്നു കൃഷിയൊക്കെ ആയി കൂടിയപ്പോഴാണു അപ്ഫന്റെ പരിഹാസങ്ങൾ കൂടുതൽ ആസ്വദിക്കാൻ സാധിച്ചത്.

അപ്ഫന്റെ കൃഷിസ്ഥലവും, തൊഴുത്തും, തൊറുവും (വൈക്കോൽ കൂന) കോവിലകത്തുനിന്നും ഒരു ഇരുന്നൂറ് വാര ദൂരെയാണ്. തൊറുവിൽ നിന്നും വൈക്കോൽ ദിവസവും കളവു പോകുന്നതായി കണ്ടുപിടിച്ചു. അപ്ഫൻ ഒരു ടോർച്ചുമായി അത്താഴം കഴിഞ്ഞു വൈക്കോൽ തൊറുവിനു സമീപം ചെന്നു ഇരുപ്പുറപ്പിച്ചു. രാത്രി വൈകിയ അന്ധകാരത്തിന്റെ നിറവിൽ കള്ളൻ കടന്നു വന്നു. അയാളുടെ പ്രവർത്തനം ഒരു ഘട്ടമെത്തിയപ്പോൾ അപ്ഫൻ എഴുന്നേറ്റ് കള്ളന്റെ മുഖത്തേക്കു തന്നെ ടോർച്ചു തെളിച്ചു, ആളെ മനസ്സിലാക്കി, ഒരു മൂളലോടെ തിരിച്ചു പോന്നു. പിറ്റേന്നു രാവിലെ അപ്ഫൻ, വൈക്കോൽ മോഷണത്തിനു പോലീസിൽ പരാതിപ്പെട്ടു. കിട്ടിയ ചിലാനത്തിന്റെ ബലത്തിൽ ഒരു പോലീസുകാരൻ കള്ളനെ തേടിയെത്തി. കള്ളൻ പിടികൊടുക്കാതെ മുങ്ങി. നാട്ടിലെ ചില ചെറുപ്പക്കാർ മധ്യസ്ഥത സ്വയം ഏറ്റെടുത്ത് ദയാഹർജിയുമായി അപ്ഫന്റെ അരികിലെത്തി.

ചെറുപ്പക്കാർ: തിരുമേനീ, അവനൊരു തെറ്റു പറ്റിയതാണ്, ക്ഷമിക്കണം

അപ്ഫൻ: ഹേയ് അവനൊരു തെറ്റും പറ്റിയിട്ടില്ല. തൊറുവിനു ചുറ്റും നടന്നു ഒരുപോലെ കൃത്യമായിട്ടാണു വൈക്കോൽ വലിച്ചിരിക്കുന്നത്.

ചെറുപ്പക്കാർ: അവൻ ഇനി മേലാൽ ഇത് ആവർത്തിക്കുകയില്ല

അപ്ഫൻ: അത്തരം ഒരു നിബന്ധന ഞാൻ വെയ്ക്കുകയേ ഇല്ല. കാരണം അത് അവന്റെ തൊഴിലാണ്. അവന്റെ തൊഴിൽ തടസ്സപ്പെടുത്താൻ ഞാൻ ഒരിക്കലും തയ്യാ

റാവുകയില്ല, സത്യം. പക്ഷെ അത് എന്റെയാകരുതെന്നു മാത്രം.

ചെറു: അവൻ ഒരു നൂറു രൂപ നഷ്ടപരിഹാരമായി തരും. അതു വാങ്ങി കേസിൽ നിന്നും വിടുതലാക്കണം, മാപ്പ്.

അപ്ഫൻ: അതൊട്ടും ശരിയല്ല. ഒരുപക്ഷെ അവൻ അൻപതു രൂപക്കേ വൈക്കോൽ എടുത്തിട്ടുള്ളെങ്കിൽ അവനതു വലിയ നഷ്ടമാകും.

ചെറുപ്പക്കാർ ഒരുവിധത്തിൽ കേസു പിൻവലിപ്പിച്ചു.

ഒരിക്കൽ ദൂരെയുള്ള ഒരു ക്ഷേത്രത്തിലെ ഉത്സവപിരിവുമായി കുറച്ചു പേർ എത്തി. പിരിവ് കൊടുക്കുന്നതിൽ അദ്ദേഹം പണ്ടേ വിമുഖനാണ്. നോട്ടീസ് വിസ്തരിച്ചു വായിച്ചു. എന്നിട്ട് അതിൽ ഒരു വാചകത്തിൽ കയറിപ്പിടിച്ചു. 'താങ്കളുടെ അകമഴിഞ്ഞ സഹകരണം പ്രതീക്ഷിക്കുന്നു' എന്നതാണ് വാചകം.

അപ്ഫൻ: തീർച്ചയായും എന്റെ സഹകരണം പ്രതീക്ഷിക്കാം.

അപ്ഫന്റെ സ്വഭാവം അറിയാത്ത ഭാരവാഹികൾ ആകെയൊന്നു കുളിരണിഞ്ഞു. തരുന്ന തുകയുടെ വലിപ്പമറിയാൻ അവർ കാതോർത്തു.

അപ്ഫൻ: സാധാരണ ഉത്സവത്തിനു വരുന്നവരിൽ പലരും കള്ളു കുടിച്ചു വരികയും വഴക്കുണ്ടാക്കുകയും അങ്ങനെ ഉത്സവം അലങ്കോലപ്പെടുത്തുകയും ഒക്കെ ഉണ്ടാകാറുണ്ട്. അങ്ങനെ ഒന്നും ഉണ്ടാക്കാതെ ഞാൻ സഹകരിക്കാം. ഞാൻ ആ പ്രദേശത്തേക്കേ വരുന്നില്ല. വന്നാലാണല്ലോ അക്രമവാസനയും മറ്റും ഉണ്ടാകുന്നത്.

അപ്ഫനു കടുത്ത ശ്വാസം മുട്ടലിന്റെ അസ്ക്തി ഉണ്ടായിരുന്നു. പലദിവസങ്ങളിലും രാത്രി മുഴുവൻ വളരെ പ്രയാസപ്പെട്ടാണു കഴിച്ചു കൂട്ടിയിരുന്നത്. പിറ്റേന്നു രാവിലെ ആശുപത്രിയിൽ പോകും. ചിലപ്പോൾ രണ്ടു ദിവസം ആശുപത്രിയിൽ കിടക്കും. ഒരു തവണ തിരുവിഴ ഉത്സവത്തിനു കാർത്തികവിളക്കിനു മേജർസെറ്റു കഥകളി ആയിരുന്നു. കൃഷ്ണൻനായരാശാനും, ഗോപിയാശാനും, ഉണ്ണിക്കൃഷ്ണക്കുറുപ്പും മറ്റുമുള്ള വലിയ കളി. പരിമണത്തു കോവിലകത്തുനിന്നു എല്ലാവരെയും ഞാൻ കഥകളി കാണാൻ ക്ഷണിച്ചിരുന്നു. രാത്രി മുഴുവൻ കഥകളി കണ്ടിട്ടു കോലോത്തുനിന്നു പ്രാതലും കഴിഞ്ഞു തിരുനല്ലൂർക്കു പോകാൻ ഇറങ്ങി വരുമ്പോഴാണു മുരളി അപ്ഫനോടൊരു ലോഹ്യം ചോദിച്ചത്.

"അപ്ഫനെ ഉറക്കമൊഴിക്കാനൊന്നും കണ്ടില്ലല്ലോ."

തലേന്നു രാത്രി കടുത്ത ശ്വാസംമുട്ടലായിരുന്നിട്ടു രാവിലെ ആശുപത്രിയിൽ പോകാൻ ഓട്ടോറിക്ഷ കാത്തിരിക്കുന്ന അപ്ഫനോടാണു വിനയാന്വിതന്റെ ചോദ്യം. ആ അവസരത്തിലും അപ്ഫന്റെ ഫലിതം ഊർജസ്വം ആയിരുന്നു.

"ഉറക്കമൊഴിപ്പൊക്കെ നന്നായിട്ടുണ്ടായിരുന്നു. പക്ഷെ അതിവിടെത്തന്നെ ആയിരുന്നെന്നു മാത്രം."

ചില പ്രത്യേക സാഹചര്യങ്ങൾ കൊണ്ടു അപ്ഫനു വേണ്ടത്ര സ്നേഹവും ആദരവും കൊടുക്കാൻ എനിക്കു കഴിഞ്ഞില്ല. അഭിമാനത്തിന്റെ ആൾ രൂപമായിരുന്ന അദ്ദേഹം ഒന്നിനോടും സന്ധി ചെയ്യാനും തയ്യാറല്ലായിരുന്നു. ഓർമ്മകളുടെ ചെപ്പിൽ ഒരായിരം മുത്തുകൾ അർപ്പിച്ചിട്ട് അദ്ദേഹവും അപരിഹാര്യമായ നിശ്ശബ്ദതയിലേക്കു യാത്രയായി.

●

# നിത്യം

**ആർ.ശ്രീലതാ വർമ്മ**



*ഇതു പുഴക്കര, നിലാവു പെയ്യുന്നു*
*ഇരുളിലാ ദൃശ്യം പകരും വിസ്മയം*
*അറിഞ്ഞു നമ്മളോ തരിച്ചിരിക്കുന്നു*
*പതിഞ്ഞ നാദത്തിൽ കരൾ പിടയുമ്പോൾ*
*പതുക്കെയാത്താളം പുഴ കവരുന്നു*
*പഴയൊരു പാട്ട് മുഴങ്ങിക്കേൾക്കുന്നു.*
*പുഴയ്ക്കു മാത്രമായ് പ്രണയം നല്കീടാൻ*
*അകലെ ചന്ദ്രനോ നിറഞ്ഞു നിൽക്കുന്നു*
*അതി നിഗൂഢമായ് ചിരി പൊഴിക്കുന്നു.*
*ചിരിയിൽ പൂത്തതാം പ്രണയപുഷ്പങ്ങൾ,*
*വിരിഞ്ഞ താരകൾ ചിതറി മിന്നുന്നു*
*പുഴയിലായവ വഴുതി വീഴുന്നു*
*പുഴയുടെ രാഗം കവിഞ്ഞൊഴുകുന്നു*
*അതീവ ഹൃദ്യമീ പ്രണയസംഗമം*
*നിലാവിൻ തെല്ലും നിമിഷനേരവും*
*പുഴക്കരയിലെ നിറഞ്ഞ സന്ധ്യയും*
*കൊളുത്തി വയ്ക്കുന്നു നിതാന്ത ദീപങ്ങൾ*
*അനന്തമായ് കാലം ഒഴുകി നീങ്ങുമ്പോൾ!*

# പഴയ ഓരേട്

**ചന്ദ്രാവലി തമ്പുരാൻ**

*ദാമ്പത്യബന്ധങ്ങളിലെ പൊരുത്തക്കേടുകൾ ആധുനിക സമൂഹത്തിന് ഒരു വലിയ ഭീഷണിയായിത്തീർന്നിരിക്കുകയാണ്. അഭ്യസ്തവിദ്യരും ഉദ്യോഗസ്ഥരും കൂടുതലുള്ള സംസ്ഥാനമാണ് കേരളം. എന്നാൽ വിവാഹമോചനങ്ങളും ആത്മഹത്യകളും വർദ്ധിച്ചുവരുന്നതും ഇവിടെയാണെന്നത് ഒരു വലിയ വിരോധാഭാസം തന്നെ. കുടുംബജീവിതത്തിലെ കടമകളെയും കടപ്പാടുകളെയും യാഥാർത്ഥ്യബോധത്തോടെ സമീപിക്കാൻ ഇന്നത്തെചെറുപ്പക്കാർക്ക്– ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും – കഴിയുന്നില്ലാ എന്നതല്ലെ ഈ വലിയ സമസ്യയ്ക്ക് കാരണം? മുത്തശ്ശി സുഭദ്രത്തമ്പുരാട്ടി പേരക്കുട്ടി നീതുവിനോട് ഉപദേശിക്കുന്നത് എന്താണെന്ന് ശ്രദ്ധിക്കുക.*

ഒരു അപരാഹനത്തിൽ അപ്രതീക്ഷിതമായി വീട്ടിൽവന്നുകയറിയ നീതുവിനെ കണ്ട് കുലശേഖരവർമ്മ അദ്ഭുതപ്പെട്ടു. കയ്യിലെ സൂട്ട്കേസ് താഴെവച്ച് അവൾ അദ്ദേഹത്തിനു സമീപം വന്നുനിന്നു.

സ്വീകരണമുറിയിലിരുന്ന് ടിവി കാണുകയായിരുന്നു വർമ്മാജി. അദ്ദേഹത്തിന്റെ പിന്നിലൂടെ കൈകൾ തോളിലിട്ട് കവിൾത്തടം മുഖത്തമർത്തിക്കൊണ്ട് അവൾ പറഞ്ഞു "ഞാനിങ്ങട്ട് വന്നൂ ച്ഛാ. 'നിയ്ക്കുവയ്യാ' വിടെ കഴിയാൻ. "അവളുടെ വാക്കുകളിൽ വിഷാദത്തിന്റെ നനവു ശ്രദ്ധിച്ച വർമ്മ, വാത്സല്യപൂർവ്വം അവളുടെ കൈകൾ രണ്ടും കൂട്ടിപ്പിടിച്ച് തന്നോടു ചേർത്തു നിർത്തി പറഞ്ഞു."മോളു വിഷമിയ്ക്കണ്ട. നിനക്കവിടെ കഴിയാൻ വയ്യെങ്കിൽ വേണ്ട. മോൾക്കച്ഛനുണ്ട്. ഒന്നുകൊണ്ടും ന്റെ കുട്ടി വിഷമിയ്ക്കണ്ട. ട്ടോ" അയാളുടെ വാത്സല്യം കവിഞ്ഞൊഴുകി.

"അങ്ങിനെ പറഞ്ഞാൽ പറ്റ്വോ മോളേ? നിന്റെ വീട് ഇനി അതല്ലെ? അജിത്തിന്റെ കൂടെ കഴിയാനല്ലെ നീ അയാളെ കല്യാണം കഴിച്ചത്? എന്നിട്ടിപ്പോൾ ഇങ്ങിനെ പറഞ്ഞാൽ? പെൺകുട്ടികൾ കുറച്ചൊക്കെ 'അഡ്ജസ്റ്റു' ചെയ്തു ജീവിയ്ക്കണ്ടെ?"അമ്മ ശാരദ.

നീതു എന്തൊ പറയുവാൻ മുതിർന്നപ്പോഴേയ്ക്കും വർമ്മാജി "അവൾക്കു വയ്യെങ്കിൽ വേണ്ട. കല്യാണം കഴിഞ്ഞപ്പഴേ എനിക്കു



തോന്നീതാ എന്റെ മോളവിടെങ്ങനെ കഴിയും ന്ന്! ഒരു സൗകര്യല്ലാത്ത ആ കാട്ടുമുക്കില്! അന്നവൾടെ ഒരു പ്രേമം! എന്തെല്ലാമാ പ്രസംഗിച്ചത്! ഞാൻ പറയേം ചെയ്തു പ്രേമം കൊണ്ടു വയറു നിറയില്ലാ എന്നൊക്കെ. എത്ര ഉപദേശിച്ചാലും തലേക്കേറണ്ടേ? പ്പൊ മനസ്സിലായില്ല്യെ ന്റെ മോൾക്ക്?" മകളുടെ ദുസ്ഥിതിയിലെ ദുഃഖത്തേക്കളേറെ തന്റെ അഭിപ്രായം ശരിയാണെന്നു തെളിഞ്ഞതിലെ സന്തോഷവും അഭിമാനവുമായിരുന്നു വർമ്മാജിയുടെ സ്വരത്തിൽ.

"എന്തോ? അവൾ എടുത്തുചാടി ഒന്നും ചെയ്യരുതെന്നാണെനിയ്ക്കു തോന്നണത്!" ശാരദ പറഞ്ഞത് വർമ്മയ്ക്കത്ര രസിച്ചില്ല.

"ങ്ഹാ നമുക്കാലോചിയ്ക്കാം. തല്ക്കാലം മോള് ഇവിടെ നില്ക്കൂ. ഞാൻ അജിത്തിനോട് സംസാരിയ്ക്കട്ടെ"

വർമ്മാജിയുടെ സംസാരം കാര്യങ്ങൾ കൂടുതൽ വഷളാക്കിയേക്കാമെന്ന് ശാരദയ്ക്ക് ആശങ്ക.

ഒരു വിവാഹബന്ധം മുറിയുന്നതിന്റെ നാന്ദി കുറിയ്ക്കുന്ന സംഭാഷണം ശ്രദ്ധിയ്ക്കുകയായിരുന്നു മുത്തശ്ശി സുഭദ്ര തമ്പുരാട്ടി. ഇന്നത്തെ കുട്ടികളുടെ ഒരു കാര്യം–അവർ വിചാരിച്ചു. ആറുമാസമായില്ലാ നീതുവിന്റെ വിവാഹം കഴിഞ്ഞിട്ട്. ഒരു പ്രേമവിവാഹം! അജിത്തിന്റെ സാമ്പത്തികസ്ഥിതി തീരെ മോശം. താണജാതിയാണെന്നത് ഇക്കാലത്ത് അത്ര പ്രസക്തമല്ലായിരിയ്ക്കാം. കണ്ടാൽ ഒരു കരുമാടിക്കുട്ടൻ. നന്നായി പാടും. പ്രേമം തലയ്ക്കു കയറിയപ്പോൾ അവളൊരു സ്വപ്നലോകത്തായിരുന്നു. ഉണർന്നപ്പോൾ ജീവിതത്തിലെ യാഥാർത്ഥ്യങ്ങളുമായി അവൾക്കു പൊരുത്തപ്പെടാനായില്ല. തികച്ചും വിഭിന്നമായ ആചാരങ്ങളും ജീവിതരീതിയും. അവൾ അസംതൃപ്തയായി. 'താലി'– അത് അഴിച്ചു മാറ്റാവുന്ന വെറും ഒരു സ്വർണ്ണക്കഷ്ണം മാത്രമാണവളുടെ കണ്ണിൽ. സുഭദ്രത്തമ്പുരാട്ടിയ്ക്ക് മനസ്സിൽ വിഷമമായി. നീതുവിന്റേത് ഒറ്റപ്പെട്ട സംഭവമല്ലാ. അസ്വസ്ഥമായ ദാമ്പത്യജീവിതം ഇന്ന് സാധാരണമായിക്കൊണ്ടിരിക്കുന്നു. അഭ്യസ്തവിദ്യരും, ഉദ്യോഗസ്ഥരും കൂടുതലുള്ള നമ്മുടെ സംസ്ഥാനം ആത്മഹത്യാനിരക്കിലും വിവാഹമോചനത്തിലും മുൻപന്തിയിൽത്തന്നെയാണ്

എന്താണിതിനുള്ള കാരണം? തമ്പുരാട്ടി ആലോചിച്ചു.

ഒരു കാര്യം സുഭദ്രത്തമ്പുരാട്ടിയ്ക്കു ബോദ്ധ്യമായി. കുടുംബ ജീവിതത്തിലെ യാഥാർത്ഥ്യങ്ങളെ, കടമകളെ, കടപ്പാടുകളെ, ഒക്കെപ്പറ്റി പല പെൺകുട്ടികളും (ആൺകുട്ടികളും) മനസ്സിലാക്കുന്നില്ല. ഒന്നോ രണ്ടോ സന്താനങ്ങൾ മാത്രമുള്ള ഒറ്റക്കുടുംബങ്ങളിൽ സുഖത്തിനും സൗകര്യത്തിനും ഒരു കുറവും വരാതെ വളരുന്ന കുട്ടികൾ തന്നിഷ്ടക്കാരായി മാറുന്നു. മറ്റുള്ളവർക്കു വേണ്ടി നീക്കുപോക്കുകൾ ചെയ്വാൻ, അനിഷ്ടങ്ങൾ സഹിയ്ക്കുവാൻ, ത്യാഗം അനുഷ്ഠിയ്ക്കുവാൻ കുട്ടികൾക്ക് ശീലമില്ല, ഇഷ്ടമില്ല, അവസരങ്ങൾ ലഭിയ്ക്കുന്നില്ല. ഭംഗിയുള്ള വസ്ത്രങ്ങൾ, പോഷകമൂല്യമുള്ള ഭക്ഷണം, നവീന ഉപഭോഗ വസ്തുക്കൾ, സുഖലോലുപമായ ജീവിതം എന്നിവ നല്കുന്നതിൽ മാത്രം ശ്രദ്ധ വെയ്ക്കുന്ന അച്ഛനമ്മമാർ. ടീവിയും കംപ്യൂട്ടറുമൊക്കെ ഗൃഹത്തിൽ സ്ഥാനം പിടിച്ചതോടെ പരസ്പരമുള്ള ആശയവിനിമയം കുറഞ്ഞു. അച്ഛനമ്മമാരുടെ സംഭാഷണങ്ങളിൽ നിന്നും, ഒന്നിച്ചുള്ള കുടുംബജീവിതത്തിൽ നിന്നും കുട്ടികൾക്കു ലഭിച്ചിരുന്ന അനൗപചാരിക പരിശീലനം നഷ്ടമായിരിക്കുന്നു. ഭക്ഷണം പോലും ടീവിയുടെയും കംപ്യൂട്ടറിന്റെയും മുമ്പിലിരുന്നാണ്. ജോലിക്കു പോകുന്ന അമ്മമാരുടെ സമയക്കുറവ്, മാനസിക സമ്മർദ്ദം തുടങ്ങിയ പ്രശ്നങ്ങൾ അവരുടെ കുടുംബാന്തരീക്ഷത്തിലും പ്രതിഫലിച്ചേക്കാം. ഛിന്നഭിന്നമായിക്കൊണ്ടിരിയ്ക്കുന്ന കുടുംബ ബന്ധങ്ങൾ സാർവ്വത്രികം.

മുതിർന്ന തലമുറയിൽപ്പെട്ടവർ അത് കൈയും കെട്ടി നോക്കിനിന്നാൽ മതിയോ? സ്വന്തം പേരക്കുട്ടിയുടെ ദാമ്പത്യജീവിതം ഇത്രവേഗം അസ്വസ്ഥമായാൽ, അസ്ഥിരമായാൽ അവളുടെ ഭാവി എന്താകും? ഇതുപോലെ എത്രയെത്ര പെൺകുട്ടികൾ!! തന്റെ പേരക്കുട്ടിയെ ഈ പ്രതിസന്ധിയിൽ നിന്നും എങ്ങിനെ കരകയറ്റാം? സുഭദ്രത്തമ്പുരാട്ടി ആലോചിച്ചു.

അല്പം ക്ഷമിച്ചാൽ, സ്വല്പം സഹിച്ചാൽ ദാമ്പത്യ ജീവിതത്തിൽ അത്ഭുതങ്ങൾ തന്നെ സംഭവിക്കുന്നു. ഭൂമിയോളം ക്ഷമിയ്ക്കണമെന്ന് മുതിർന്നവർ പണ്ടൊക്കെ പെൺകുട്ടികളെ പഠിപ്പിയ്ക്കുമായിരുന്നു. അവൾ എന്തും സഹിച്ചുവന്നു. രണ്ടു കൈകൾ കൂട്ടിയടിച്ചാലല്ലേ ശബ്ദം കേൾക്കുകയുള്ളു എന്ന ന്യായവും. ഇന്നിപ്പോൾ ജീവിത മൂല്യങ്ങളിലും, വീക്ഷണത്തിലും വളരെ മാറ്റം വന്നിരിക്കുന്നു. പെൺകുട്ടികളെ സ്വതന്ത്രരാക്കാൻ, പ്രതികരിക്കുവാൻ നാം പഠിപ്പിയ്ക്കുന്നു. ഇന്നത്തെ ചുറ്റുപാടിൽ അത് വേണം താനും! പാവം, പെൺകുട്ടികൾ ഏതെല്ലാം വിധത്തിലാണ് ചൂഷണം ചെയ്യപ്പെടുന്നത്! അവരെ പരിരക്ഷിയ്ക്കേണ്ടത് അത്യാവശ്യം തന്നെ. പക്ഷേ അത് കുടുംബബന്ധങ്ങളുടെ തകർച്ചയിലേയ്ക്കുള്ള വഴിയായി പരിണമിയ്ക്കാതിരിയ്ക്കുവാൻ ശ്രദ്ധിയ്ക്കണമെന്നു മാത്രം. കുടുംബം എന്ന വ്യവസ്ഥിതി ഉള്ളേടത്തോളം കാലം അത് നിലനില്ക്കുവാൻ, സന്തുഷ്ടമാക്കുവാൻ, സംപുഷ്ടമാക്കുവാൻ, സമാധാനപരമാക്കുവാൻ പുരുഷനേക്കാൾ കൂടുതൽ ചുമതല, ബാദ്ധ്യത സ്ത്രീയ്ക്കാണ്. അതിന്നായി സ്നേഹം, ത്യാഗം, ക്ഷമ, തിതിക്ഷ തുടങ്ങിയ ശീലങ്ങൾ സ്വായത്തമാക്കിയേ പറ്റൂ. തമ്പുരാട്ടിയുടെ വിചാരധാര അവിടം വരെ എത്തി.

നീതുവും മുത്തശ്ശിയും മാത്രമായി ഒരൊഴിവു സമയം കിട്ടിയപ്പോൾ അവർ അവളെ അടുക്കൽ വിളിച്ചിരുത്തി ഒരു കഥ പറഞ്ഞു. കുട്ടിക്കാലത്ത് അവൾക്ക് കഥ കേൾക്കുവാൻ നല്ല ഇഷ്ടമായിരുന്നു. പല കഥകളും അവളെ കേൾപ്പിച്ചിട്ടും ഉണ്ട്. മുതിർന്നപ്പോൾ അതിന്നവൾക്ക് സമയമില്ലാതായി. പഴഞ്ചൻ കഥകൾ ആ പരിഷ്ക്കാരിപ്പെണ്ണിന് പുച്ഛവുമായി. അവളുടെ അച്ഛന് പുരാണങ്ങളിലൊന്നും വിശ്വാസമില്ലാ; അവയെല്ലാം കാലഹരണപ്പെട്ടവയാണെന്നാണ് അയാളുടെ വിചാരം. എന്നാൽ പുരാണങ്ങളിൽ ഉൾക്കൊള്ളുന്ന, ചിത്രീകരിയ്ക്കപ്പെട്ടിരിയ്ക്കുന്ന പല തത്വങ്ങളും സ്വന്തം നിലയ്ക്കുമാത്രമല്ലാ, കുടുംബം, സമൂഹം, രാഷ്ട്രം എന്നീ വിപുലമായ തോതിൽക്കൂടി ശാന്തിയും സമാധാനവും ഉളവാക്കുവാൻ ഉതകുന്നവയാണെന്ന് പലരും അറിയുന്നില്ല.

*സുഭദ്രത്തമ്പുരാട്ടി കഥ ആരംഭിച്ചു.*

◆ ◆ ◆ ◆

ആദി മനുഷ്യ ദമ്പതികളെ ഭാരതീയ പുരാണങ്ങളിൽ പ്രതിപാദിയ്ക്കപ്പെട്ടവരാണ് സ്വയം ഭുവമനുവും ശതരൂപയും. അവരുടെ രണ്ടാമത്തെ പുത്രിയാണ് ദേവഹൂതി. മനുവും പത്നിയും സ്വധർമ്മാനുഷ്ഠാനത്തോടൊപ്പം ഈശ്വരഭജനത്തിലും ഉത്സുകരായിരുന്നു. ദേവഹൂതി സ്വന്തം ഇഷ്ടപ്രകാരം കർദ്ദമനെന്ന മുനിയെയാണ് വിവാഹം കഴിച്ചത്. ആശ്രമത്തിൽ വെച്ച് ലളിതമായ ഒരു ചടങ്ങ്. വിവാഹശേഷം മകൾക്ക് നിരവധി സമ്മാനങ്ങൾ നല്കിയ ശേഷം മനുവും പത്നിയും കൊട്ടാരത്തിലേയ്ക്ക് തിരിച്ചുപോയി.

കർദ്ദമന് ദാമ്പത്യജീവിതത്തിൽ വലിയ താല്പര്യമില്ലാതായിരുന്നു. അദ്ദേഹം തപസ്സിൽത്തന്നെ നിമഗ്നനായിരുന്നു. കൊട്ടാരത്തിലെ സുഖസൗകര്യങ്ങളിൽ വളർന്ന ദേവഹൂതിയ്ക്ക് ആശ്രമത്തിലെ പരിമിതികളുമായി ജീവിയ്ക്കേണ്ടി വന്നു. ഭർത്താവാണെങ്കിൽ സദാ സമാധിയിലും ഈശ്വര ഭജനത്തിലും. എന്തായിരിക്കും ദേവഹൂതിയുടെ ദാമ്പത്യ ജീവിതത്തെപ്പറ്റി ഇന്നത്തെ തലമുറയുടെ പ്രതികരണം? “തപസ്സനുഷ്ഠിയ്ക്കുവാനാണെങ്കിൽ അങ്ങോരെന്തിനാ പെണ്ണുകെട്ടീത്?” ആൺകുട്ടികളുടെ ചോദ്യം. “ഞാനാണെങ്കിൽ എപ്പളെ എന്റെ പാടും നോക്കിപ്പോയേനെ!”ഭൂരിപക്ഷം പെൺകുട്ടികളും അഭിപ്രായപ്പെട്ടേയ്ക്കും. അന്നത്തെ ജീവിത മൂല്യങ്ങൾ വ്യത്യസ്തമായിരുന്നു. കുടുംബം നിലനിർത്തുവാൻ സ്ത്രീ എന്തും സഹിയ്ക്കുവാൻ വിധിയ്ക്കപ്പെട്ടവളാണെന്നായിരുന്നു അക്കാലത്തെ വിശ്വാസം. ദേവഹൂതി ഭർത്താവിനെ ഈശ്വരതുല്യം സ്നേഹിച്ചു, ശുശ്രൂഷിച്ചു. അതു

കൊണ്ടെന്തു ഫലം? എന്നാണെങ്കിൽ–

തപസ്സിൽ ആമഗ്നനായിരുന്ന കർദ്ദമൻ ഒരിയ്ക്കൽ ദേവഹൂതിയെ ശ്രദ്ധിയ്ക്കുവാൻ ഇടയായി. ദേവഹൂതി വല്ലാതെ മാറിയിരിയ്ക്കുന്നു! കൊട്ടാരത്തിലെ മട്ടുപ്പാവിൽ പന്തടിച്ചു കളിച്ചിരുന്ന ദേവഹൂതിയുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായി മുകളിൽക്കൂടി വിമാനത്തിൽ സഞ്ചരിച്ചിരുന്ന വിശ്വവസു താഴെ ഇറങ്ങി വന്ന കഥ കർദ്ദമൻ ഓർത്തു. ആ ദേവി മെലിഞ്ഞ്, എല്ലുംതോലുമായിരിക്കുന്നു. യാതൊരു പരിഭവുമില്ലാതെ സ്വന്തം ആരോഗ്യംപോലും അവഗണിച്ച് തന്നെ പരിചരിച്ച ദേവഹൂതിയുടെ സ്വഭാവ നൈർമ്മല്യത്തിൽ കർദ്ദമൻ സന്തുഷ്ടനായി. അദ്ദേഹത്തിന്റെ ഹൃദയം അനുരാഗ തരളിതമായി. പ്രിയതമയുടെ ഇംഗിതങ്ങൾ നിറവേറ്റുവാനായി അദ്ദേഹം തപശ്ശക്തികൊണ്ട് സ്വയം യുവകോമളനായി മാറി; ദേവഹൂതി പഴയ സൗന്ദര്യധാമവും. "ആറു നക്ഷത്ര" ഹോട്ടലുകളെപ്പോലും തോല്പിക്കും വിധമുള്ള സർവ്വവിധ ആഡംബര സജ്ജീകരണങ്ങളും ഉള്ള, ശീതോഷ്ണ സ്ഥിതി ഏകീകരിച്ച (ഇന്നത്തെ എ.സി.!) ഏഴുനിലയുള്ള, കൊട്ടാരസദൃശമായ, മനസ്സുകൊണ്ട് സഞ്ചരിപ്പിയ്ക്കാവുന്ന ഒരു വിമാനത്തിൽ ആ യുവ ദമ്പതികൾ ഭൂമിയിൽ മാത്രമല്ല എല്ലാ ദേവലോകങ്ങളിലും സഞ്ചരിച്ചു. ആയിരം വർഷം നീണ്ട മധുവിധു. അവർക്ക് ഒമ്പതു പുത്രന്മാരും പത്താമതായി ഭഗവാന്റെ അംശാവതാരമായ കപില ദേവനും സംജാതരായി. പുത്രന്റെ കൈകളിൽ തന്റെ പത്നി സുരക്ഷിതയാണെന്ന് മനസ്സിലാക്കിയ കർദ്ദമൻ വാനപ്രസ്ഥം സ്വീകരിച്ച് തിരിച്ചു പോയി. മഹാജ്ഞാനിയായ കപിലൻ അമ്മയ്ക്ക് തത്ത്വോപദേശം നല്കി, മോക്ഷ പ്രാപ്തിയ്ക്ക് വഴിയൊരുക്കുന്നു, പുത്രൻ എന്ന സ്ഥാനത്തിന് യോഗ്യത നേടിക്കൊണ്ട്. ("പും" നരകാൽ ത്രായതെ ഇതി പുത്ര:)

ഭാര്യാഭർത്താക്കന്മാരുടെ പരസ്പര സ്നേഹവും വിധേയത്വവും മാത്രമെ സദ്സന്താനങ്ങളെ സൃഷ്ടിക്കുകയുള്ളു എന്ന് ആധുനിക ശാസ്ത്രം ഉദ്ഘോഷിയ്ക്കുന്നു. കർദ്ദമന്റേയും ദേവഹൂതിയുടേയും മാതൃകാ ദാമ്പത്യമായിരുന്നു. ലൗകിക ജവിതത്തിലും, അദ്ധ്യാത്മിക വൃത്തിയിലും പരസ്പര പൂരകങ്ങളായി വർത്തിച്ചിരുന്നവർ.

പുരാണ കഥകളിലെ വിശ്വസനീയത നമുക്ക് ഉൾക്കൊള്ളുവാൻ പലപ്പോഴും ബുദ്ധിമുട്ടാണ്. കണ്ണടച്ചു വിശ്വസിക്കുന്നവർ അപ്രകാരം ചെയ്തുകൊള്ളട്ടെ. അല്ലാത്തവർക്ക് കണ്ണുതുറന്നു കാണുവാൻ അവയിൽ പല തത്ത്വങ്ങളും ഉണ്ടെന്ന സത്യം നിഷേധിയ്ക്കുവാൻ പറ്റുകയില്ല.

കപില വാസുദേവൻ ജനിച്ചോ, ജീവിച്ചോ? നമുക്ക് തർക്കിയ്ക്കേണ്ടതില്ല. അദ്ദേഹത്തിന്റേത് എന്ന് പറയപ്പെടുന്ന സാംഖ്യ ശാസ്ത്രം ഭാരതീയതത്ത്വ ചിന്തയ്ക്ക് വലിയൊരു മുതൽക്കൂട്ടാണെന്നതിൽ സംശയമില്ല. അതിന്റെ സംഭാവനയ്ക്ക്, സംഭാവ്യതയ്ക്ക് നാം ഏറ്റവും കടപ്പെട്ടിരിയ്ക്കുന്നത് ദേവഹൂതിയോടെയാണ്. കർദ്ദമാശ്രമത്തിലെ ദേവഹൂതിയുടെ പാതിവ്രത്യ നിഷ്ഠയാണ് അതിന് തുടക്കം കുറിയ്ക്കുന്നത്. കർദ്ദമനും സ്വന്തം ധർമ്മം– ഗാർഹസ്ഥ്യ ധർമ്മം–നിറവേറ്റുന്നു. ദേവഹൂതിയുടെ സേവനം, സ്നേഹം, അനുഷ്ഠാനം എന്നിവയിൽനിന്നും മുഖം തിരിയ്ക്കുകയല്ലാ അദ്ദേഹം ചെയ്തത്. നേരെ മറിച്ച് പത്നിയുടെ നന്മയെ, സദ്പ്രവൃത്തിയെ പൂർണ്ണമായും അംഗീകരിച്ചു, അനുമോദിച്ചു. ഒരു ഭർത്താവിനും ഇതിലധികം ഭാര്യയെ സന്തോഷിപ്പിയ്ക്കുവാൻ, സംതൃപ്തയാക്കുവാൻ പറ്റാത്ത വിധം ഉന്നത നിലയിൽ ആ തപോധനൻ തന്റെ ധർമ്മം നിറവേറ്റി. അനുപമമായിരുന്നു അവരുടെ ദാമ്പത്യജീവിതം. അത്തരം മാതൃകാദമ്പതികളിലാണ് വേദഗർഭനെന്നു വിശേഷിപ്പിയ്ക്കപ്പെടുന്ന കപിലവാസുദേവരുടെ അവതാരമെന്ന കഥയിൽ പല തത്ത്വങ്ങളും ഉൾക്കൊള്ളുന്നു.

ഏതൊരു പുരുഷന്റെ ഉയർച്ചയ്ക്കു പിന്നിലും ഒരു സ്ത്രീയുണ്ടെന്ന് പാശ്ചാത്യവീക്ഷണം. സ്ത്രീയാണ് പുരുഷന്റെ ശക്തിയെന്ന് ഭാരതീയമതം. രണ്ടും തെളിയിക്കുന്നു ദേവഹൂതിചരിതം.

*   *   *

സുഭദ്രത്തമ്പുരാട്ടി കഥ ഉപസംഹരിച്ചു

ഒരു പഴഞ്ചൻ കഥയെന്നു കരുതി ആരും ചെവിപൊത്തി ഓടേണ്ടതില്ല. ദേവഹൂതിയെപ്പോലെ ആകണമെന്നല്ല ഇതിനർത്ഥം. കാലം മാറി; ജീവിതരീതിയും മാറി. എങ്കിലും "പിറന്നാൾ സമ്മാനം തന്നില്ല", "വിവാഹ വാർഷികം ഓർത്തില്ല" തുടങ്ങിയ ചെറിയ ചെറിയ കാര്യങ്ങൾ പെരുപ്പിച്ച്, കുടുംബ സമാധാനം നഷ്ടപ്പെട്ട് വിവാഹമോചനത്തിലെത്തുന്ന ദമ്പതികൾ ഈ പഴയ ഏടുകളിലേയ്ക്ക് ഒന്ന് തിരിഞ്ഞുനോക്കുക. കാലഹരണപ്പെടാത്ത തത്ത്വങ്ങൾ, മൂല്യങ്ങൾ പലതും കാണുന്നില്ലേ? നല്ലപോലെ ചിന്തിയ്ക്കുക.

സുഭദ്രത്തമ്പുരാട്ടിയുടെ കഥ നീതുവിനെ സഹായിച്ചുവോ? അത് വായനക്കാർക്ക് വിടുന്നു ✠

## സുഭാഷിതം

*കർപ്പൂരധൂളീകലിതാലവാലേ*
*കസ്തൂരികാകല്പിതദോഹളശ്രീ*
*ഹിമാംബുകാരൈരഭിഷിച്യമാനഃ*
*പ്രാഞ്ചം ഗുണം മുഞ്ചതി നോ പലാണ്ഡു.*

(കർപ്പൂരപ്പൊടി കൊണ്ട് തടമുണ്ടാക്കി കസ്തൂരി വളമായി ചേർത്ത് പനിനിരു കൊണ്ട് നനച്ച് വളർത്തിയാലും ഉള്ളിയുടെ പഴയ ഗന്ധം പോകയില്ല.



# ഓർമ്മയിലെ ഒരു വെള്ളപ്പൊക്കം

അരുന്ധതി

എന്റെ കുട്ടിക്കാലത്തെ മറക്കാനാവാത്ത സംഭവങ്ങളിലൊന്ന് ഇന്നും ഇടയ്ക്കൊക്കെ ഓർമ്മയിൽ തെളിയാറുണ്ട്. ഏതാണ്ട് അറുപതു വർഷങ്ങൾക്കു മുമ്പുള്ള കാലത്തെ സംഭവമാണ്. അന്ന് ഞങ്ങൾ കുട്ടികളായിരുന്ന കാലത്തെ കളികളും, കുസൃതികളും സ്കൂളിലെ പഠിപ്പും എല്ലാം തന്നെ ഇന്നത്തേതിൽനിന്നും വളരെ വ്യത്യസ്തമായിരുന്നു. മുറ്റത്തും തൊടിയിലും കളിച്ചു നടന്നകാലം ഇന്നും മനസ്സിൽ ഒളിമങ്ങാതെ കിടക്കുന്നു. നമ്മൾ കഥ പറയുംപോലെ പറഞ്ഞുകേൾപ്പിക്കാമെന്നു വച്ചാൽത്തന്നെ ഇപ്പോഴത്തെ കുട്ടികൾക്ക് അതൊന്നും കേൾക്കാൻ താല്പര്യമില്ലന്നതാണു വാസ്തവം. പഴയതൊക്കെ കൈമോശം വന്ന പോലൊരു തോന്നലാണിന്നനുഭവപ്പെടുന്നത്.

എന്റെ അമ്മയും അമ്മൂമ്മയുമൊക്കെപ്പറഞ്ഞു കേട്ടിട്ടുള്ളതാണ് അവരുടെ കുട്ടിക്കാലത്തെ ഏറ്റവും വലിയ വെള്ളപ്പൊക്കം. അത് കൊല്ലവർഷം 1099 ലായിരുന്നു എന്നാണ് കേട്ടുകേൾവി. അമ്മയുടെ കുട്ടിക്കാലത്ത് അറിവുള്ള കാര്യങ്ങൾ പറഞ്ഞുകേട്ടറിവേ എനിക്കുള്ളു. ഏറ്റവും ഭയാനകമായ സ്ഥിതിയായിരുന്നു അന്നത്തെ വെള്ളപ്പൊക്കക്കാലത്ത് തട്ടിൻപുറത്ത് (വീടിന്റെ മച്ചിൽ) ദിവസങ്ങൾ താമസിച്ച് കഴിച്ചുകൂട്ടിയത് മറക്കാനാവാത്ത ഒരു അനുഭവം തന്നെയാണ്. നിത്യവൃത്തി കഴിച്ചുകൂട്ടാൻ നന്നേ ക്ലേശിച്ചിരുന്നു അന്ന്. കാലവർഷം–ഇടവപ്പാതി–തിമിർത്തു പെയ്തു. തോരാത്ത മഴ. കൃഷി മുഴുവനും വെള്ളം കയറി നഷ്ടപ്പെട്ടു. ഇന്നത്തേപ്പോലുള്ള യാതൊരു ജീവിതസൗകര്യങ്ങളും അന്നില്ലായിരുന്നു. നെല്ലും നാളീകേരവും മരച്ചീനി (കപ്പ) യുമൊക്കെയായിരുന്നു മുഖ്യ കാർഷിക വിഭവങ്ങൾ. അതെല്ലാം വെള്ളത്തിലായാലത്തെ സ്ഥിതി എന്താകും? എല്ലാം ദുരിതപൂർണ്ണമായിരുന്നിരിക്കണം. ജന്മി–കുടിയാൻ വ്യവസ്ഥിതി നിലനിന്ന കാലമായിരുന്നതിനാൽ കൃഷിക്കാരാണ് കൂടുതൽ ദുരിതമനുഭവിച്ചതെന്നു പറയേണ്ടതില്ലല്ലോ.

**ഒഴുകിപ്പോയ ചീനബ്ഭരണി**

എന്റെ കുട്ടിക്കാലത്തെ ഒരു വെള്ളപ്പൊക്കം എനിക്കോർമ്മയുണ്ട്. അത് (അന്നെനിക്ക് എട്ടോ–ഒമ്പതോ വയസ്സു കണ്ടേക്കും.) 1122 –ാം മാണ്ടാണെന്നു തോന്നുന്നു. ഞാൻ പ്രൈമറി സ്കൂളിൽ പഠിക്കുന്നകാലം. കാലവർഷം ദുരിതപൂർണ്ണമായിരുന്നു. ഞങ്ങളുടെ വീടിനടുത്തുള്ള പുഴ ഇരുകരയും കവിഞ്ഞ് അടുത്തുള്ള പ്രദേശങ്ങളിലേക്ക് കയറി. ആളുകൾ അത്യാവശ്യം വീട്ടുസാമാനങ്ങൾ കെട്ടിപ്പെറുക്കി ഉയർന്ന സ്ഥലങ്ങളിൽ താമസിക്കുന്നവരുടെ വീട്ടിലും മറ്റുമായി നിത്യവൃത്തി കഴിച്ചുകൂട്ടി. പാടവും പറമ്പും തോടുകളും നിറഞ്ഞു കവിഞ്ഞു. കന്നുകാലികൾക്കും മനുഷ്യരേക്കാൾ ദുരിതം. തണുപ്പുകൊണ്ട് രോഗങ്ങളും മറ്റും വരാതിരിക്കാൻ തൊണ്ടും ചകിരിയും കൊണ്ട് തീ കത്തിച്ച് ചൂടുകൊടുത്താണ് തൊഴുത്തിൽ അവയെ നിർത്തിയിരുന്നത്. മനുഷ്യൻ പട്ടിണിയായാൽ മൃഗങ്ങളും അതിന്റെ ഫലം അനുഭവിക്കുമല്ലോ. പാവം മിണ്ടാപ്രാണികൾ!

എന്റെ തറവാട് (നാലുകെട്ട്) പുഴയുടെ വളരെ അടുത്തായിരുന്നു. വെള്ളപ്പൊക്കത്തിൽ തറവാടിന്റെ നിലവറയിലാണ് ആദ്യം വെള്ളം കയറിയത്. പിന്നീട് മറ്റ് സ്ഥലങ്ങളിലേക്കും വ്യാപിച്ചു തുടങ്ങി. ഞങ്ങൾ തറവാടിന്റെ കുറച്ചകലെയുള്ള ഒരു കെട്ടിടത്തിൽ മാറിത്താമസിച്ചു. പോകുമ്പോൾ വെള്ളം ഇറങ്ങാൻ വേണ്ടി തറവാട്ടിലെ വാതിലുകൾ തുറന്നിട്ടിട്ടാണ് പോയത്. ഞങ്ങളുടെ കലവറയിൽ നിറയെ ഉപ്പുമാങ്ങ ഇട്ടുവച്ചിരുന്ന ഒരു വലിയ ചീനബ്ഭരണി ഉണ്ടായിരുന്നത് ശക്തമായ ഒഴുക്കിൽ കലവറയിൽ നിന്നും ഒലിച്ചുപോയി.വെള്ളം ഇറങ്ങിക്കഴിഞ്ഞാണ് ഈ വിവരം അറിയുന്നത്. കുറച്ചുനാൾ കഴിഞ്ഞ് ആ ഭരണി കുറച്ചകലെയുള്ള ഒരാൾക്ക് ലഭിച്ചതായി വിവരം കിട്ടുകയും അച്ഛൻ ഒരു സഹായിയെക്കൂട്ടിച്ചെന്ന് വില കൊടുത്ത് ആ ഭരണി തിരിച്ചെടുത്തതും ഓർമ്മയിൽ വരുന്നു.

ചിങ്ങമാസം ഓണക്കാല സമൃദ്ധിയുടെ കാലം. കർഷകരുടെ സന്തോഷമാണ് എല്ലാവരുടേയും സന്തോഷം. അക്കൊല്ലം ഓണമാഘോഷിക്കാൻ കർഷകർക്ക് ഒന്നുമായില്ല. പാടത്തെ കൃഷി മുഴുവൻ വെള്ളത്തിലായി. കതിർ വന്ന നെൽപ്പാടങ്ങളിൽ ദിവസങ്ങളോളം വെള്ളം നിന്നതിനാൽ നെല്ല് മുഴുവൻ ചീഞ്ഞുപോയി. കരകൃഷിയും അങ്ങനെതന്നെ. കപ്പ. ചേന,ചേമ്പ്, നേന്ത്രവാഴ ഇവയെല്ലാം നശിച്ചു. കൃഷി കൊണ്ടു മാത്രം ജീവിച്ചവരായിരുന്നു ഗ്രാമവാസികൾ. വെള്ളപ്പൊക്കത്തിന് സ്കൂളിനവധിയാണ്. ഓലമേഞ്ഞ സ്കൂളുകളാണന്ന്. വേനൽക്കാലത്ത് കെട്ടിമേയാത്ത സ്കൂളുകളിൽ ചോർച്ചയും. പിന്നെ പാടവും തോടും കടന്നു സ്കൂളിലെത്താനും പ്രയാസം. വെള്ളം താഴ്ന്നിറങ്ങുന്നതു വരെ

കുട്ടികൾക്ക് അവധി. ഇന്നത്തെപ്പോലെ വർദ്ധിച്ച ജീവിത സൗകര്യങ്ങളൊന്നുമില്ലായിരുന്ന എന്റെയൊക്കെ കുട്ടിക്കാലം ഇന്നത്തെ പരിഷ്കൃത തലമുറക്ക് ചിന്തിക്കാനാവുമെന്ന് തോന്നുന്നില്ല. ഒട്ടും ആർഭാടവും ആഡംബരങ്ങളുമില്ലാതെയാണു ഞങ്ങൾ കഴിഞ്ഞത്. കൃഷിക്കാർക്ക് ഇളവുകൾ ചെയ്തും ഉള്ളതിൽ ഒരു ഓഹരി അവരുടെ കുടുംബങ്ങൾക്ക്ഭക്ഷണത്തിനു കൊടുത്തും സഹായിക്കാനുള്ള മനസ്ഥിതി അന്നത്തെ മുതിർന്ന തലമുറക്കുണ്ടായിരുന്നു. ദാനശീലം കൊണ്ടു ഭൂസ്വത്തുക്കൾ കുറേ അന്യാധീനമായിപ്പോയ കഥയും അമ്മ പറഞ്ഞുകേട്ടിട്ടുണ്ട്.

പക്ഷേ ഇതൊന്നും കുട്ടിക്കാലത്ത് നമുക്ക് ചിന്തിക്കാനുള്ള പ്രാപ്തി ഇല്ലല്ലോ. വെള്ളപ്പൊക്കം വന്നാൽ സ്കൂളിനവധി കിട്ടും. മഴയും തണുപ്പും. വീട്ടിൽ എന്തെങ്കിലും കൊറിച്ചും തിന്നും ചേട്ടനും അനിയനുമായി കളിച്ചും രസിച്ചും നടക്കാം. ഇതൊക്കെയേ അന്നു തോന്നിയുള്ളു. വെള്ളം പൊങ്ങി മുറ്റത്തു വന്ന് അതിൽ പിണ്ടിച്ചങ്ങാടം കെട്ടി ഞങ്ങൾ കുട്ടികൾ കളിച്ചതോർമ്മയുണ്ട്. പുഴയിൽപ്പോയി കുളിക്കാൻ പറ്റുകയില്ലെങ്കിലും വീട്ടുമുറ്റത്തെ തണുത്തു കലങ്ങിയ വെള്ളത്തിലിറങ്ങിക്കളിച്ചിരുന്നു. അമ്മ ശകാരിച്ചാലും കുട്ടികൾക്കുത്സാഹം വെളളത്തിൽക്കളിക്കാനാണ്. "ഈശ്വരാ മഴതോരണെ വെള്ളമൊന്നിറങ്ങണെ" എന്ന് കൃഷിക്കാർ ഉള്ളുരുകി ദൈവത്തെ വിളിച്ചിരിക്കണം. എന്നാൽ മറിച്ചും ഞങ്ങൾ മനസ്സിൽ (അല്പം ഉറക്കെയും) പ്രാർത്ഥിച്ചിരുന്നു.

അന്ന് മഴയുടെ ശക്തി അല്പം കുറഞ്ഞ സമയത്ത് പുഴവെള്ളം കാണാൻ കൂട്ടുകാരൊത്ത് പുഴവക്കത്ത് പോയി നിന്നതും മറക്കാനാവുന്നില്ല. പുഴ ഇരുകരയും മുട്ടിക്കിടക്കുന്നു. അതിശക്തമായ ഒഴുക്ക്. നുരയും പതയും ചുഴികളും അതിൽ മുകൾ പ്രദേശങ്ങളിൽ നിന്നും ഒഴുകിവരുന്ന കുറ്റിച്ചെടുകളും മുള്ളുകളും. വെള്ളം കറുത്തിരുണ്ട് ചളി കലർന്നതായിരിക്കും. ചങ്ങാടവള്ളത്തിൽ മലയിൽ നിന്നും വരുന്ന തടികൾ പിടിച്ചെടുക്കാൻ ആൾക്കാർ പുഴയിലെ ഒഴുക്കിൽക്കൂടി പോകുന്നതും കണ്ടിട്ടുണ്ട്. ഇന്ന് പുഴയും കിണറും കുളവും വറ്റിവരണ്ട് വെള്ളമില്ലാത്ത അവസ്ഥയിലാണ്. ഒരു കാലത്ത് കരകവിഞ്ഞ് കളകളം പൊഴിച്ചു പാഞ്ഞൊഴുകിയിരുന്ന നമ്മുടെ പുഴകളിൽ മണൽ വാരൽ എന്നത് ഇന്ന് സർവ്വസാധാരണ കാഴ്ചയായി മാറിയിട്ടുണ്ട്. അതിന്റെ പരിണതഫലമാണ് സമീപ പ്രദേശങ്ങളിൽ കിണറുകളിൽ വെള്ളം കുറയുന്നത്. എന്റെ ഓർമ്മയിലേ വെള്ളപ്പൊക്കം ഇനി ഒരിക്കലും ഞങ്ങളുടെ പുഴയിൽ ഉണ്ടാവുകയില്ല. ഇന്നത്തേ തലമുറക്ക് അങ്ങനൊരു വെള്ളപ്പൊക്കം സങ്കല്പങ്ങൾക്കതീതമായിരിക്കും. അന്നും പട്ടണത്തിലുള്ളവർക്ക് ഇത്രയൊന്നും ജീവിതക്ലേശങ്ങളറിയേണ്ടി വന്നിട്ടുണ്ടാവില്ല. ●

## ഫലിതബിന്ദുക്കൾ



### അടയാളപ്പെടുത്തൽ

നിത്യേന ഒരു ബോട്ട് വാടകയ്ക്കെടുത്ത് സുഹൃത്തുക്കളായ രണ്ടു സർദാർജിമാർ തടാകത്തിൽ മീൻപിടിക്കാൻ പോകുമായിരുന്നു. ഒരു ദിവസം തടാകത്തിലൊരിടത്തായി വലയെറിഞ്ഞ അവർക്ക് ആ സ്ഥലത്തുനിന്നും ധാരാളം മത്സ്യങ്ങൾ ലഭിക്കുകയുണ്ടായി. അതു കണ്ട സുഹൃത്തുക്കളിലൊരാൾ മറ്റേ ആളോട് പറഞ്ഞു:

'ഈ സ്ഥലത്തുനിന്നും ധാരാളം മീൻ ലഭിക്കും. ഇവിടെ ഒരു അടയാളം വച്ചേക്ക്. നാളെയും ഇവിടെത്തന്നെ വരാം."

മറ്റേയാൾ ശരി എന്ന് സമ്മതിച്ചു.

പിറ്റേന്ന് മീൻപിടിക്കാനായി ഇരുവരും ബോട്ട് വാടകയ്ക്കെടുക്കാൻ പോകുന്ന അവസരത്തിൽ അടയാളം വെക്കാൻ പറഞ്ഞ സുഹൃത്ത് മറ്റേ സർദാർജിയോട് ചോദിച്ചു:

''താനിന്നലെ അടയാളം വച്ചോ?"

''താൻ പറഞ്ഞപ്പോഴേ ഞാനാ ബോട്ടിന്റെ അടിവശത്തായി ഒരു ഗുണനചിഹ്നം ഇട്ടുവച്ചിട്ടുണ്ട്!"

അതുകേട്ട ആദ്യ സുഹൃത്ത് ദേഷ്യം കലർന്ന സ്വരത്തിൽ ചോദിച്ചു:

"താനെന്തു മണ്ടത്തരമാണീ ചെയ്തത്? ഇന്നും ആ ബോട്ടു തന്നെ നമുക്കു വാടകയ്ക്കു ലഭിക്കുമെന്ന് എന്താണൊരു ഉറപ്പ്?"

❖ ❖ ❖ ❖

### അനുസരണശീലം

ഒരിക്കൽ പട്ടണത്തിലെ ഒരു മുന്തിയ ഹോട്ടലിൽക്കയറിയ സർദാർജി തന്റെ ഇഷ്ടവിഭവങ്ങൾ വയറുനിറയെ ഭക്ഷിച്ചശേഷം കൈകഴുകാനായി വാഷ്ബേസിന്റെ അടുത്തേക്കു ചെന്നു.

അവിടെ എന്തോ ശ്രദ്ധയിൽപ്പെട്ട സർദാർജി തന്റെ കൈകൾ കഴുകുന്നതിനു പകരം വാഷ്ബേസിൻ കഴുകി വൃത്തിയാക്കിക്കൊണ്ടു നിന്നു. അദ്ദേഹത്തിന്റെ പ്രവൃത്തിയിൽ അത്ഭുതം തോന്നിയ ഹോട്ടൽ മാനേജർ സർദാർജിയുടെ സമീപം ചെന്ന് ചോദിച്ചു:

"താങ്കൾ എന്താണീ ചെയ്യുന്നത്?"

അതിനു മറുപടിയായി സർദാർ, കൈ കഴുകുന്നിടത്തുള്ള ഒരു ബോർഡ് അയാൾക്ക് ചൂണ്ടിക്കാണിച്ചു. അതിൽ ഇപ്രകാരം എഴുതിയിരുന്നു.

"വാഷ് ബേസിൻ!"

# ജാലിയൻവാലാബാഗിൽ വരുന്ന വസന്തത്തിനോടൊരപേക്ഷ

ഗായത്രീവർമ്മ, എഴുമറ്റൂർ പാലസ്

പൂവാടിയല്ലിത്
വെറും പൂഴിമാത്രം
പൂമ്പാറ്റകളൊക്കെയും
വെൺനിറമാണിവിടെ
ഋതുരാജനാം വസന്തവും
മൂകമാണിവിടെന്നുമെന്നും
തളിരും മലരും ശുഷ്കമാണിവിടെ
ശുദ്ധശൂന്യമാണെല്ലാമെല്ലാം
ശിശുക്കളും വൃദ്ധരും നിത്യമായ്
നിദ്രകൊള്ളുമിവിടെ
ഉണർത്താതവരേ വരൂ
വസന്തമേ, മെല്ലെ മെല്ലെ
ഉറങ്ങട്ടെ സ്വസ്ഥരായവർ
സ്വപ്നം കാണാത്തവർ
യുവത്വം തുടികൊട്ടും യുവാക്കളെ
ഉണർത്തല്ലേ വസന്തമേനീ
നിതാന്ത നിദ്രയിൽ നിന്നിവരെ
മോഹങ്ങളൊക്കെയും വെറും
മോഹഭംഗങ്ങളായോരിവർ
പാവങ്ങളുറങ്ങട്ടെ സ്വസ്ഥമായ്
ഭാവി ഭാരതം സ്വപ്നം കണ്ടോർ
പാതിവിടർന്ന കലികേ
ഇവർക്കായി നൽകൂ നിൻ ചാരുത
പൂമണമേല്കാതെവരൂം
നിർഗുണ വസന്തമേ
മധു വില്ലാതെ വരൂം
മധുമാസക്കാലമേ-
മകരന്ദമില്ലാതെവരും
പുലർകാലമലരുകളേ
ഇവിടെ വസന്തം നിഷിധമാണെന്നുമെന്നും
പാരന്ത്ര്യം തളച്ചിട്ടൊരീ
ജനമാനസത്തിലൊക്കെയും
നിഷിധമാണെന്നും വസന്തം

*ആശയത്തിനു കടപ്പാട്*

## രാഷ്ട്രപിതാവ് മഹാത്മാഗാന്ധിജിയെ പ്പറ്റിയുള്ള ഒരു ധ്യാനശ്ലോകം

**സമ്പാദകൻ : ചെന്നിത്തല രാജരാജവർമ്മ**

എന്റെ ജ്യേഷ്ഠനും ഗാന്ധിശിഷ്യനുമായിരുന്ന അഡ്വ. ആർ. രാമവർമ്മതമ്പാൻ (തമ്പാൻ വക്കീൽ) മാവേലിക്കര 1910–1994) ഞങ്ങൾ താമസിച്ചിരുന്ന കോവിലകത്തിന്റെ പൂമുഖത്തുള്ള ഭിത്തിയിൽ കോറിയിട്ടിരുന്ന ശ്ലോകമാണിത്. ആയത് അച്ചടിച്ചതായി കണ്ടിട്ടില്ല. മാവേലിക്കരയിലും പരിസരപ്രദേശങ്ങളിലും നടക്കുന്ന അക്ഷരശ്ലോക സദസ്സുകളിൽ ഞാനല്ലാതെ ആരും ഈ ശ്ലോകം ചൊല്ലി കേട്ടിട്ടുമില്ല. വായനക്കാരുടെ അറിവിലേക്ക് ആയത് ചുവടെ ചേർക്കുന്നു.

*ചിന്താസിന്ധൗ നിമഗ്നം കടിതട ഖദർ വസ്ത്രാ-*
*ങ്കിതം ചാ: ർദ്ധ നഗ്നം*
*സന്താപഘ്നം ജനാനാം ജഗതിസുമനസാം*
*നിത്യസന്താനവൃക്ഷം*
*ശാന്ത്യൈഃ ശിഷ്യൈ: പരീതം കരതലവില*
*സൽതന്തുചർക്കാഭിരാമം*
*വന്ദേ ശ്രീ ഗാന്ധിദേവം സബർമതിസുര*
*വാടീലസൽ ഫുല്ലപത്മം*

## ഒരു വിശദീകരണം

കൊടുങ്ങല്ലൂർ ഗുരുകുലം എന്ന ലേഖനത്തിൽ, കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ശിഷ്യന്മാരെ കുറിച്ച് അറിയില്ല എന്ന് ഞാൻ എഴുതിയിരുന്നു. എന്നാൽ കുഞ്ഞിക്കുട്ടൻ തമ്പുരാൻ കൃതികളുടെ 20–ാം ബുക്ക്, വീണ്ടും വായിക്കാനിടയായി. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കാലശേഷം, മാതുലൻ കൊടുങ്ങല്ലൂർ രാമവർമ്മ വലിയ രാജാവ് (വലിയ കുഞ്ഞുണ്ണി തമ്പുരാൻ), കുഞ്ഞിക്കുട്ടൻ തമ്പുരാൻ ജീവിച്ചിരിക്കുമ്പോൾ പകർപ്പവകാശം നല്കിയിട്ടുള്ളവയൊഴികെ, മറ്റെല്ലാ കൃതികളുടേയും പകർപ്പവകാശം കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ 'പ്രിയ ശിഷ്യനായ' വി.വി. കൃഷ്ണവാരിയർക്ക് നൽകിയ ഒരു നീട്ടിന്റെ പകർപ്പുകണ്ടു. ഇതിനുപുറമെ, അവനിക്കാടു ഭവദാസാൻ ഭട്ടതിരിപ്പാട് കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ശിഷ്യനാണെന്ന് കെ.സി. നളിനിയിൽ നിന്നും (കടന്നമണ്ണ കോവിലകം) അറിയുവാനിടയായി.

കൊടുങ്ങല്ലൂർ ഗുരുകുലം എന്ന ലേഖനത്തിൽ ഈ വസ്തുതകൾ കൂടി ചേർത്തു വായിക്കുവാൻ താല്പര്യപ്പെടുന്നു.

കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ

*കവിവന്ദനം*

# ചന്ദ്രനിലേക്കൊരു ചൂണ്ടുവിരൽ



***ആർ. ശിവജിവർമ്മ***

പ്രകൃതി നിദ്രയിലേക്ക്
ഏകാന്ത സുന്ദരം
ധ്യാന മോഹനം
നേർത്തു വരുന്ന മനസ്സിനെ ഭേദിച്ച്
ഇറ്റുവീണ കവിതകൾ.*

ഒരു മൃദുസ്പർശം
ഒരു മിഴി മിന്നലാട്ടം
ഒരു മൊഴി മൗന മുദ്രിതം
ആത്മപ്രഹർഷം



കവി:

## (1) തുമ്പി

തുമ്പിയോടവൻ പറഞ്ഞു:
"എന്നും നീ കല്ലെടുക്കാൻ മാത്രം
വിധിക്കപ്പെട്ടവനാണ്."
തുമ്പി അല്പനേരം മിണ്ടാതെനിന്നു
ഒടുവിൽ അവനോട് പറഞ്ഞു:
"എനിക്ക് കല്ലുകൾ നല്കുക എന്നതാണ്
നിന്റെ വിധി"
രണ്ടുപേരും പൊട്ടിച്ചിരിച്ചു
പതിവു വഴി താണ്ടിയപ്പോൾ
ഒരു വിരൽഞൊടി
ഒരു ചെറു മന്ദഹാസം.

കവി:

## (2) സർവ്വജ്ഞ പീഠം



ദിഗ് വിജയം കഴിഞ്ഞ ശങ്കരൻ
മരച്ചുവട്ടിൽ തളർന്നിരിക്കവെ
ഒരു ഉറമ്പ് ചോദിച്ചു:
"അങ്ങെവിടേക്കുപോകുന്നു?"
"സർവ്വജ്ഞ പീഠത്തിലേയ്ക്ക്."
ഉറമ്പ് പറഞ്ഞു:
"ഓ! ഞാൻ ഇപ്പോൾ അവിടെ നിന്ന്
ഇറങ്ങിയതേയുള്ളൂ."

നായാടിയെ മറന്നു മായാ പീഠത്തിലേയ്ക്ക്
ചെറിയൊരുറുമ്പിന്റെ ദംശനം അനിവാര്യം
കൂമ്പിയടഞ്ഞ മിഴികൾ വിടർന്നു
ഉള്ളിലേക്ക്

കവി:

## (3) ചിലന്തിവല

ചിലന്തി വീണ്ടും വലവീശി
കൂടുതൽ ദൂരത്തിൽ... വേഗത്തിൽ...
അകലങ്ങളിലേക്ക്...
ആകാശ സീമയിൽ... അനന്തതയിൽ...
നക്ഷത്രങ്ങൾക്കു മുകളിൽ...
പുതിയൊരു സിംഹാസനത്തിനായ്
അവൻ
കഴുകൻ കണ്ണുകളോടെ കാത്തിരുന്നു.
ഒടുവിൽ വീണത് ഒരു നക്ഷത്രപ്പൂവ്!
വലകൾക്കിടയിൽ അനങ്ങാതെ
അത് തളർന്നുറങ്ങി.
ചിലന്തി ഒരു താരാട്ടുപാടി.

കവിഹൃദയം
അനാഹതസ്പന്ദനം
കാരുണ്യം
മറുകാഴ്ചക്കിടമേകാൻ
കൊഴിഞ്ഞു വീണമനസ്സേ
നീ ഉണരാതിരിക്കുക.
ഈ ചെറുകിളിയുടെ
ചിറകടി ശബ്ദം
നിനക്കുവേണ്ടിയല്ല
നിനക്കുമപ്പുറത്തുള്ള
എനിക്കുവേണ്ടി
ഞാനൊന്നുണരട്ടെ

മൗനമന്ദഹാസത്തിന്റെ ഈ രാവ്.
ജന്മാന്തരപുണ്യം.
നിയോഗം.

നിലാവു പെയ്തിറങ്ങിയ രാവിന്റെ
ഓർമ്മയ്ക്ക്
കവേ! പ്രണാമം

◆ *[തുമ്പി', 'സർവ്വജ്ഞപീഠം', 'ചിലന്തിവല' എന്നിവയുൾപ്പെടെയുള്ള ശിവജിയുടെ കവിതകൾ.]*

*(തിരുവല്ല പാലിയേക്കര കിഴക്കേ കൊട്ടാരത്തിലെ ശ്രീ.ടി.ആർ. രാമവർമ്മയുടേയും കോട്ടക്കൽ കിഴക്കേ കോവിലകത്തിലെ ശ്രീമതി. കെ.സി. സുഭദ്രത്തമ്പുരാട്ടിയുടേയും ഏറ്റവും ഇളയ മകനാണ് ശ്രീ.ആർ. ശിവജിവർമ്മ. (30). വളാഞ്ചേരി എം.ഇ.എസ്സ്. സെൻട്രൽ സ്കൂളിൽ ലൈബ്രേറിയനായി ജോലി ചെയ്യുന്നു. ശ്രീ. സംഗമേശ് വർമ (എ.സി.വി. ന്യൂസ്, തിരുവനന്തപുരം) ശ്രീ. ശൈലേന്ദ്രവർമ്മ (അദ്ധ്യാപകൻ, സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്) എന്നിവർ ജ്യേഷ്ഠ സഹോദരൻമാർ)*

***സുഭാഷ് വർമ്മ***



# ഒരുവട്ടം കൂടിയാ സരസ്സിന്റെ തീരത്ത്

**മാലിനി രവിവർമ്മ**

രാത്രി ഉറങ്ങാൻ കിടന്ന നേരം. കുട്ടികൾ റേഡിയോയിൽ 'ഹൃദയസ്വരങ്ങൾ' കേൾക്കുന്നു. ഹൃദയത്തെ തൊട്ടുണർത്തി ഗൃഹാതുരത്വം ഉളവാക്കുന്ന ഗാനങ്ങൾ. മയക്കം കൺപോളകളെ പാതിചാരി ത്തുടങ്ങിയപ്പോൾ 'ഒരു വട്ടം കൂടിയാ പുഴയുടെ തീരത്ത് വെറുതെ ഇരിയ്ക്കുവാൻ മോഹം" എന്ന സംഗീത സാന്ദ്രമായ മധുരഗാനം കാതുകളിലേക്ക് ഒഴുകി ഒഴുകി എത്തി. ഒരു നിമിഷം ആ പുഴയും തീരവും മുന്നിൽക്കണ്ടെങ്കിലും, ഓടിയെത്താൻ തോന്നിയത് മറ്റൊരു തീരത്തേക്കാണ്. ഒരു വട്ടം കൂടിയാ സരസ്സിന്റെ തീരത്തേക്ക്. ഓർമ്മകളുടെ ഊഷ്മള പ്രവാഹത്താൽ ഉറക്കം ഒഴുകി മാറിത്തുടങ്ങി. ഞങ്ങളെ വിട്ടുപോയ എന്റെ ഭർത്താവ് ആ തീരത്തിൽ ചിരിച്ചു നില്ക്കുന്നു.

അതെ, വർഷങ്ങൾക്കു മുൻപ് ഞങ്ങളുടെ വീട് "സരസ്സ്". അതിലേക്ക് സ്നേഹത്തിന്റെ ഉറവകൾ ഒഴുക്കിയും, തീരങ്ങളിൽ, നിഷ്കളങ്കതയുടേയും സൗഹൃദത്തിന്റെയും സുഗന്ധം പരത്തിയും വിടർന്നുനിന്ന പുഷ്പങ്ങളായി ചിലരുണ്ടായിരുന്നു. നല്ലവരായ അയൽക്കാർ. തൊട്ടടുത്ത വീട്ടിൽത്തന്നെ എന്റെ അച്ഛന്റെ അനുജത്തിയും കുടുംബവും. അവർ നല്കിയ സ്നേഹവും സംരക്ഷണവും ഇപ്പോൾ ഓർക്കുമ്പോൾ ഞാനെത്ര ഭാഗ്യവതിയായിരുന്നെന്നു അതിശയിച്ചു പോകുന്നു. വീടിന്റെ മുറ്റത്ത് നിറയെ പൂക്കളുമായി നില്ക്കുന്ന കൊച്ചു പൂമരങ്ങൾ. കുഞ്ഞാറ്റക്കിളികളും, അടയ്ക്കാക്കുരുവികളും ചിലച്ചു ചാഞ്ചാടുന്ന വലിയ ചെമ്പരത്തി. ശാന്തസുന്ദരമായിരുന്ന 'സരസ്സി'ലേക്ക് ഓർമ്മകൾ പറന്നടുത്തു.

തൊണ്ണൂറ് ദിവസങ്ങൾ മാത്രം പ്രായമായ മകനുമായി ഞങ്ങൾ തിരുവനന്തപുരം കോട്ടയ്ക്കകത്തുള്ള കമുകറ ഹൗസിൽ താമസം തുടങ്ങി. (വീടിന് ഞങ്ങൾ വാങ്ങിയശേഷമാണ് സരസ്സ് എന്ന പേരു വന്നത്.) പിറ്റേ ദിവസം മുതൽ തന്നെ പച്ചക്കറിക്കാരികൾ, നിത്യോപയോഗസാധന വില്പനക്കാർ തുടങ്ങി പലരും വീട്ടിലേക്കു വന്നുതുടങ്ങി. പച്ചക്കറി മുത്തമ്മ, മണ്ണെണ്ണ കുഞ്ഞൻപിള്ള, തുമ്പക്കണ്ണൻ, ഏത്തപ്പഴക്കാരൻ സായ്പ്, ശനിയാഴ്ച ധർമ്മക്കാരൻ തുടങ്ങിയവർ എല്ലാപേരും ഞങ്ങൾക്ക് സ്നേഹ ബഹുമാനം തന്നവർ. സരസ്സിൽ സന്തോഷത്തിന്റേയും തമാശകളുടേയും കുഞ്ഞലകൾ ഇളക്കിയവർ.

മുൻപിൽ വന്നു ചിരിച്ചു നില്ക്കുന്ന ആദ്യരൂപം പച്ചക്കറി മുത്തമ്മ തന്നെ. പതിവായി ഉച്ചയ്ക്ക് മുൻപ് എത്തും. ഭംഗിയേറിയ പച്ചക്കറി നിറച്ച വട്ടി തലയിലേറ്റിയാണു വരവ്. ചിരിക്കുന്ന മുഖം കല്ലു മൂക്കുത്തി, കമ്മലുകൾ, മുറുക്കി ചുവപ്പിച്ച ചുണ്ട്, കഴുത്തിൽ മഞ്ഞച്ചരടിൽ കോർത്തമംഗല്യം, കാലിൽ വെള്ളിമോതിരം, കടും നിറമുള്ള ചേല, ഇരുനിറം, യൗവ്വനം വിട പറഞ്ഞുതുടങ്ങിയ പ്രായം, ഗേറ്റിൽ വന്നു അമ്മാ എന്നു നീട്ടി വിളിയാണ്. മദ്ധ്യാഹ്നത്തിലെ സുഖമുള്ള കാറ്റിൽ വർണ്ണശബളമായ ചേലയും പറത്തി ഇളക്കി ചിരിച്ച് താളത്തിൽ അടിവച്ചടിവച്ച് വരുന്ന ആ വരവു കാണു

മ്പോൾ ഒരു ഉത്സവപ്രതീതിയാണ്. ഞങ്ങളുടെ വീടിനു മുൻപിൽ മതിലരികു ചേർന്ന് ഒരു ചെമ്പരത്തിച്ചെടി വലുതായി, മരമായി നില്പുണ്ട്. എന്നും ധാരാളം പൂക്കളും ഉണ്ടാവും. ഈ മദ്ധ്യാഹ്ന സമയത്ത്, നമുക്ക് എണ്ണാൻ തരപ്പെടാത്ത വിധത്തിൽ ഇളകി ചാടിപ്പറന്നു കളിയ്ക്കുന്ന ചെറിയ അടയ്ക്കാ കുരുവികളുടെ വിലാസരംഗമാണ് ആ ചെമ്പരത്തി. മുത്തമ്മയുടെ വരവു കാണുമ്പോൾ അവ എല്ലാംകൂടി ബഹളം വച്ച് മരത്തിൽ നിന്നും പൊങ്ങി ചിറകടിച്ച് തിരിയെ യഥാസ്ഥാനത്ത് തന്നെ ഇരിക്കും. അതാത് സീസണിലുള്ള പുതുപുത്തൻ പഴവർഗ്ഗങ്ങൾ, വെയിലത്തു ഉണക്കാനുള്ള പച്ചക്കറികൾ, തൈരുമുളക് ഇവയെല്ലാം സമയത്ത് എത്തിയ്ക്കുക മുത്തമ്മയുടെ കടമ പോലെയാണ്. പച്ചക്കറി തന്നശേഷം നാട്ടു വീട്ടു വർത്തമാനങ്ങളും പറഞ്ഞ് സ്വല്പനേരം ഇരിയ്ക്കും. അവധി ദിവസങ്ങളിൽ കുട്ടികൾ നിർബന്ധിച്ചാൽ ഞങ്ങളുടെ വീട്ടിൽ നിന്നും ഉണ്ണും. മുത്തമ്മയുടെ വെടിപ്പായ ഊണു കാണാൻ കുട്ടികൾക്ക് വലിയ ഇഷ്ടമാണ്. പതിവു സ്ഥലങ്ങളിലെല്ലാം പോയിട്ടു സന്ധ്യയ്ക്കു മുൻപ് കരമനയിലുള്ള വീട്ടിലെത്തണം. മൂന്നു മക്കളാണു മുത്തമ്മയ്ക്ക്. ഭർത്താവ് കള്ളുകുടിയനും മടിയനും ആണെന്നു പറയുമെങ്കിലും വലിയ സ്നേഹമാണ്. മുത്തമ്മയ്ക്കു കിട്ടുന്ന മധുരപലഹാരങ്ങളുടെ പങ്ക് ഭർത്താവിന് കൊടുക്കാനായി വട്ടിയിൽ സൂക്ഷിക്കും. ആരേയും കുറ്റം പറയാതെ എല്ലാപേരിലും നന്മ മാത്രം കാണുന്ന മുത്തമ്മ.

നേർത്ത ജനാലവിരികൾ തള്ളിമാറ്റി സുഖമുള്ളൊരു കാറ്റ് മുറിയ്ക്കുള്ളിലേക്കു വീശി. പിറകേ ചെറിയൊരു ചാറ്റൽ മഴയും. ഓർമ്മകൾ ആ കുളിർമ്മയിൽ അലിഞ്ഞു ചേർന്നു. മഴയുടെ ഈണത്തിലും താളത്തിലും കൺപോളകൾ മെല്ലെ മെല്ലെ അടയാൻ തുടങ്ങി. കുറച്ചു നിമിഷങ്ങൾക്കുശേഷം പെട്ടെന്നൊരിടി ശബ്ദം കേട്ട് ഉണർന്നു വീണത് പഴയ ചിന്തകളിലേക്ക് തന്നെ. പാതി വിടർന്ന മിഴികൾക്കു മുൻപിൽ തലയിൽ വട്ടിയില്ലാത്ത മുത്തമ്മ വന്നു നില്ക്കുന്നു. ഹൊ! ഇന്നും സമരമോ പണിമുടക്കോ മറ്റോ ആണമ്മാ. ഒറ്റ കടയില്ല എന്നുള്ള പരാതിയും. അതെ, പണിമുടക്ക്, സമരം ഇവയൊന്നും സഹിയ്ക്കാൻ വയ്യ. മുത്തമ്മയ്ക്കു കാലത്ത് കരമനയാറ്റിൽ കുളിച്ച് കൂട്ടുകാരുമായി ചാലക്കമ്പോളത്തിലേക്കു പോകുമ്പോൾ നഗരം ജീവനുള്ളതായിരിയ്ക്കണം. സ്കൂൾ കുട്ടികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ തുടങ്ങിയവർ റോഡിൽ തിക്കിത്തിരക്കി നടക്കണം. വാഹനങ്ങളുടെ ഹോണടി, കാളവണ്ടികളുടെ കടകട ശബ്ദം ഇവയെല്ലാം മുത്തമ്മയുടെ കാതുകളിൽ മധുരം നിറയ്ക്കുന്നു.

ചില ദിവസം മുത്തമ്മ വരികയില്ല. പിറ്റേ ദിവസം കാര്യകാരണ സഹിതം, വിശേഷങ്ങൾ വിസ്തരിക്കും.

ഒരു ദിവസം സങ്കടത്തോടെ വന്നപ്പോൾ ഞാൻ കാരണം ചോദിച്ചു. അപ്പോൾ പറഞ്ഞുതുടങ്ങി അമ്മാ അപ്പുറത്തെ വീട്ടിലെ മോൾക്ക് സുഖമില്ല. പാവം പത്തിരുപതു വയസ്സായില്ലേ? ഒത്തിരി കല്യാണാലോചനകൾ വരുന്നുമുണ്ട്. ആ അമ്മയ്ക്ക് വലിയ വിഷമം. ഇതൊന്നും ആരോടും പറയല്ലേ എന്നു മുത്തമ്മ എന്നോടു പറഞ്ഞു. സോക്കേടിന്റെ പേര്. 'റൊമാന്റിക് പീവർ' എന്നാ പറഞ്ഞത്. ഒരു നിമിഷം ചിരിയ്ക്കയും ചിന്തിയ്ക്കയും ചെയ്യുമ്പോൾ മുത്തമ്മ തുടരുന്നു. പേടിയ്ക്കാനൊന്നുമില്ല – ഇതിനു പ്രത്യേകം പഠിച്ച ഒരു ഡാക്കിട്ടർ വന്നിട്ടുണ്ടിപ്പോൾ – പയ്യൻ – തൊട്ടടുത്ത ആശുപത്രിയിൽത്തന്നെ. ദീനം എളുപ്പം മാറ്റാം എന്നും പറഞ്ഞിട്ടുണ്ട്. പക്ഷെങ്കില് അമ്മ ഇതാരോടും പറയരുത്. കൊച്ചിന് കല്യാണാലോചന നടക്കയല്ലേ. നിഷ്കളങ്കയായ മുത്തമ്മയുടെ വാക്കുകളുടെ അർത്ഥവും ആഴവും ചികഞ്ഞുകൊണ്ട് ഞാൻ തിരുത്തി. മുത്തമ്മാ റൊമാന്റിക് പീവർ അല്ല, റുമാറ്റിക് ഫീവർ എന്നാണ്. തന്നേ? എന്നു ചോദിച്ചു വട്ടി തലയിലേറ്റാൻ തുടങ്ങിയപ്പോൾ മണ്ണെണ്ണ കുഞ്ഞൻപിള്ള പിറകിൽ ചിരിച്ചു നില്ക്കുന്നു. വാചകമടിയ്ക്കാതെ പോണം തെലുങ്കത്തി! എന്നൊരു ശാസനയും. പകരം ഒരു ടൊമാറ്റോയും രണ്ടു പച്ചമുളകും മുത്തമ്മ കുഞ്ഞൻപിള്ളയ്ക്കു നൽകി. കറയറ്റ സ്നേഹം കൈ മാറുന്നവർ! കുഞ്ഞൻപിള്ള കൂട്ടാനും ഉപ്പിലിട്ടതിനുമായി പത്മനാഭസ്വാമിക്ഷേത്രത്തിലെ കട്ടിച്ചോറും വാങ്ങി വരുന്നതാണ്. "ഞാൻ തുടിനാരായണൻപോറ്റിയുടെ മകനാണ്. പച്ചക്കറിയേ കൂട്ടൂ." എന്നാണ് പറയുന്നത്. വരാന്തയിലിരുന്ന് ഊണും കഴിഞ്ഞ് അവലിടിയ്ക്കുന്ന കളി കാണിച്ച് കുട്ടികളെ സന്തോഷിപ്പിച്ചിട്ട് നരച്ച താടിയും തടവി പതുക്കെ നടന്നുപോകും.

ഒരിക്കൽ മുത്തമ്മ പറഞ്ഞു "എന്റെ അമ്മാ ഞങ്ങളുടെ അപ്പുറത്തെ റോഡിൽ ഇന്നലെ ഒരു "വലിയ മരണം" നടന്നു. എന്നുവച്ചാൽ വലിയ മരണം തന്നെ. മരണത്തിലേ ആ 'വലിയ'യുടെ അർത്ഥം മനസ്സിലാകാതെ അതിശയിച്ചു നിന്നപ്പോൾ മുത്തമ്മ വിശദീകരിക്കാൻ തുടങ്ങി. അങ്ങേരൊരു വലിയ മുതലാളി, ഒത്ത തടിയും പൊക്കവും; രണ്ടു പൊണ്ടാട്ടിമാർ (ഭാര്യമാർ) പത്തു മക്കൾ, വലിയ വീട്, രണ്ടു കാറ് – ഹൊ കഷ്ടമായിപ്പോയി.

ഇങ്ങനെ സരസഭാഷിതങ്ങളും തമാശകളും കൊണ്ട് പത്തു മുപ്പത്തഞ്ചു കൊല്ലത്തോളം നിത്യസന്ദർശകയായിരുന്ന ആ സാധു പെട്ടെന്ന് വരാതായി. ഞങ്ങൾ ആളെ അയച്ച് അന്വേഷിച്ചു. സൗജന്യമായി കണ്ണ് ഓപ്പറേഷൻ ചെയ്യാൻ ചിലർ പോയ കൂട്ടത്തിൽ മുത്തമ്മയ്ക്കും ഓപ്പറേഷൻ നടത്തി. വിചാരിച്ചതുപോലെ കാഴ്ച കിട്ടിയില്ല. മാനസികമായി മുത്തമ്മ തളർന്നുപോയി. പണം തന്നു സഹായിയ്ക്കാം, നല്ല സ്ഥലത്തു പോയി ചികിത്സിയ്ക്കണം

എന്നു ഞങ്ങൾ പറഞ്ഞിട്ടുണ്ടായിരുന്നു. ഞങ്ങൾ കുട്ടികളെക്കൂട്ടി വീട്ടിൽ പോയി കണ്ടു. അങ്ങിനെ അങ്ങിനെ മുത്തമ്മ വീട്ടിലിരിപ്പായിപ്പോയി. ഒടുവിൽ ലോകത്തോടു യാത്ര പറഞ്ഞു. ആ കൂട്ടത്തിൽ ഏത്തപ്പഴക്കാരൻ സായ്പ് മാത്രമേ ജീവിച്ചിരുപ്പുള്ളു. പിന്നീട് കൊച്ചു മക്കൾ വളർന്നുവന്നതോടെ ഞങ്ങൾ സരസ്സ് വിട്ട് പുതിയ സ്ഥലത്തേക്ക് താമസം മാറ്റി, ആ തീരങ്ങളിൽ വിടർന്ന നറുപുഷ്പങ്ങളുടെ സ്നേഹ സൗരഭ്യം മനസ്സിലാവാഹിച്ചും കൊണ്ട്.

ഞങ്ങളുടെ അസാന്നിദ്ധ്യത്തിൽ നിശ്ചലമായ സരസ്സിന്റെ, വാടിക്കൊഴിഞ്ഞ പുഷ്പങ്ങൾ നിരന്ന തീരത്തു നിന്നും ഓർമ്മകളുടെ ചിറകടി ശബ്ദം നിലച്ചതെപ്പോഴെന്നറിഞ്ഞില്ല. ഏതായാലും കുഞ്ഞിക്കിളികൾ പ്രഭാതഗീതം തുടങ്ങിയപ്പോഴാണ് ഞാൻ ഉറങ്ങാൻ തുടങ്ങിയത്. വൈകിയാണ് ഉണർന്നതും. അവധിക്കാലമായതിനാൽ കുട്ടികൾ രാവിലെ മുതൽ ടി. വി.യുടെ മുന്നിലാണ്. അവർ മാറിമാറി ചാനലുകൾ ട്യൂൺ ചെയ്യുകയാണ്.

എസ്. ജാനകിയുടെ മധുരസ്വരം

*"ഓർമ്മകൾ ഓർമ്മകൾ ഓലോലം*
*തകരുമീ*
*തീരങ്ങളിൽ ഒരിയ്ക്കലെങ്കിലും കണ്ട*
*മുഖങ്ങളേ*
*മറക്കാനെളുതാമോ..?* ❧

**മുത്തുലക്ഷ്മിയ്ക്ക്**
**സാഹിത്യ അക്കാദമി അവാർഡ്**

ചാലക്കുടി കിഴക്കെമഠത്തിൽ വൈദ്യഭൂഷണം രാഘവൻ തിരുമുല്പാടിന്റെ മകൾ ശ്രീമതി മുത്തുലക്ഷ്മി ഈ വർഷത്തെ കേരളസാഹിത്യഅക്കാദമിയുടെ തർജ്ജമക്കുള്ള അവാർഡിന് അർഹയായി. ഡോ. എം.എസ്.വല്യത്താന്റെ Legacy of Charaka എന്ന ഇംഗ്ലീഷ്കൃതിയുടെ മലയാള തർജ്ജമയായ **'ചരക പൈതൃക'**മാണ് അവാർഡിന് അർഹമായ കൃതി



ലഘുപാചകം

**ശാരദാവർമ്മ**

## മരച്ചീനി ബർഫി

| | |
|---|---|
| മരച്ചീനി (പുഴുങ്ങി ഉടച്ചത്) | – ഒന്നേകാൽകപ്പ് |
| പഞ്ചസാര | – മുക്കാൽ കപ്പ് |
| നെയ്യ് | – കാൽ കപ്പ് |
| അരിപ്പൊടി | – 2 ടേബിൾസ്പൂൺ |
| അണ്ടിപ്പരിപ്പ് (നെയ്യിൽ വറുത്തത്) | – 15 |
| ഏലക്കാപ്പൊടി | – സ്വാദിന് |
| കളർ | – ഒരു നുള്ള് |

*തയ്യാറാക്കുന്ന വിധം*

അരിപ്പൊടി സ്വല്പം പാലിൽ കലക്കി വയ്ക്കുക. പഞ്ചസാര കാൽകപ്പ് വെള്ളമൊഴിച്ച് തിളപ്പിച്ച് ഒട്ടുന്ന പാകമാകുമ്പോൾ മരച്ചീനിയും അരിപ്പൊടി കലക്കിയതും ചേർത്ത് ഇളക്കുക. ഇടയ്ക്കിടെ നെയ്യ് ഒഴിക്കുക. ഏലയ്ക്കാപ്പൊടി ചേർത്ത് വശങ്ങളിൽ നിന്ന് വിട്ടുവരുന്ന പാകമാകുമ്പോൾ നെയ്യ് പുരട്ടിയ പ്ലേറ്റിലേക്ക് മാറ്റി അണ്ടിപ്പരിപ്പ് വിതറി വയ്ക്കുക. ആറിയതിനു ശേഷം ഇഷ്ടമുള്ള ആകൃതിയിൽ മുറിച്ചെടുക്കുക.

## അവൽ മടക്ക്

| | | |
|---|---|---|
| 1. | അവൽ | – ഒരു കപ്പ് |
| | പഞ്ചസാര (പൊട്ടിച്ചത്) | – അര കപ്പ് |
| | തേങ്ങാ (ചിരവി മിക്സിയിൽ അടിച്ചത്) | – കാൽ കപ്പ് |
| | കിസ്മിസ് | – 15–20 |
| | അണ്ടിപ്പരിപ്പ് (പൊടിച്ചത്) | – 10 |
| | ഏലക്കാപ്പൊടി | – സ്വാദിന് |
| 2. | മൈദ | – അര കപ്പ് |
| | പഞ്ചസാര | – ഒരു സ്പൂൺ |
| | ഉപ്പ് | – ഒരു നുള്ള് |
| | വെള്ളം | – ആവശ്യത്തിന് |
| 3. | ഡാൽഡ/പാചകഎണ്ണ | – വറുക്കാൻ വേണ്ടത് |

*തയ്യാറാക്കുന്നവിധം*

ഒന്നാമത്തെ ചേരുവകൾ നന്നായി മിക്സ് ചെയ്യുക. രണ്ടാമത്തെ ചേരുവകൾ വെള്ളം ഒഴിച്ച് കുഴച്ച് 5 മിനിട്ട് വയ്ക്കുക. ചെറിയ ഉരുളകളാക്കി പരത്തി ഉള്ളിൽ അവൽ മിശ്രിതം വച്ച് മടക്കി വശങ്ങൾ ഒട്ടിച്ച് തിളച്ച ഡാൽഡയിലിട്ട് വറുത്തു കോരുക. ആറിയതിനുശേഷം ഉപയോഗിക്കുക.

# ദേവാമൃതം



**'കഥകളിയും ശ്രീപത്മനാഭസ്വാമിയും ഒരു പഴയ കഥ'**

**ജയദേവവർമ്മ (കഥകളി നടൻ)**

ബാലരാമഭരതമാം നാട്യശാസ്ത്രത്തിനെ തീർത്തും
ബാലികേറാമലയെന്നു ചിന്തിയാതുടൻ
അമരബാലരെപ്പോലെ മനഃപാഠമാക്കീടേണം
രാമവർമ്മ, ധർമ്മരാജാ പ്രീതി നേടണം.
ആരൂഢം മീനത്തിലഞ്ചാംഭാവാധിപൻ ചന്ദ്രനഞ്ചിൽ
വ്യാഴമേഴിലൊമ്പതാം ഭാവാധിപൻ ചൊവ്വ
ഒമ്പതിൽ നിൽക്കന്നിതേഴാം ഭാവാധിപൻ ബുധൻ, ദേവ-
പ്രീതിക്കേറ്റമുത്തമങ്ങൾ താനീഗ്രഹങ്ങൾ
പത്മനാഭസ്വാമിക്കുമദ്രാസർക്കും, കൊട്ടാരക്കര
രാമനാട്ടം, കല്ലുവഴി, കല്ലടിക്കോടൻ, കപ്ലിങ്ങാട്ടും,
വെട്ടത്തിനും ശ്രീമഹാദേവനും, സാക്ഷാൽ വിഘ്നേശനും
നമസ്കാരം ചെയ്തുകൊണ്ടിതാ...
ഹരഹരവിധിനുത അമരപൂജിത പാടി
നരചിത്താനന്ദദം തോടയമാടുന്നു.
നാട്യകലാവൈഭവത്തിൻ കേളീരവത്തിലീനൃത്ത-
നാടകശാലതൻ തിരുവരങ്ങുണർന്നു
ഇത്തിരുനടയിലലയടിക്കും പത്മാവല്ലഭ
പാലയാദിപദങ്ങളിൽ മനം കുളിർത്തും
ഭക്തിയിൽ മുങ്ങുന്നു വീരമാർത്താണ്ഡധർമ്മരാജാക്കൾ
മുക്തിമാർഗ്ഗം കണികാണ്മൂഭക്തലോകവും
കോട്ടം തട്ടാതുള്ള നല്ല കൊട്ടാരം കളിയോഗത്തിൽ
പൈങ്കുനിക്കുമല്പശിക്കു മാടിത്തിമിർക്കും
കേളികേട്ട കഥകളി ദേവതയെക്കണ്ടു
കണ്ണും നട്ടിരുന്നു, പത്മനാഭദാസർ, ദേവകൾ,
ദൈത്യേന്ദ്രരും, താപസരും മാലോകരും ആസ്വദിക്കെ
ലോകമാരംഗം വീക്ഷിച്ചു വന്ദിച്ചു നിന്നു
സർവശ്രേഷ്ഠമെന്നു സർവലോകങ്ങളും പ്രശംസിക്കു-
മീക്കലാദേവത തന്നെ പൂജിക്ക നമ്മൾ. ൟ

## അറിയിപ്പ്

തിരുവണ്ണൂരിൽ 25-12-2008ൽ ഡോ.പി.കെ.എസ്. മെമ്മോറിയൽ ഹാളിന്റെ ഔപചാരികമായ ഉൽഘാടന വേളയിൽ അദ്ദേഹത്തിന്റെ ഫോട്ടോ അനാഛാദനം നിർവ ഹിച്ചത് സഹധർമ്മിണി ശ്രീമതി വി.എസ്. രാജ ആയിരുന്നു. കഴിഞ്ഞ ലക്കത്തിൽ കോഴിക്കോട് വാർത്തയിൽ ചേർക്കാൻ വിട്ടുപോയതിൽ ഖേദിക്കുന്നു.

സെക്രട്ടറി, കോഴിക്കോട്
ക്ഷത്രിയ ക്ഷേമസഭ

# ഗുരു

**എൻ. എം.കെ. ഉണ്ണിത്തിരി**

സ്രഷ്ടാവൊരിക്കൽ വിളംബരം ചെയ്തു തൻ-
സൃഷ്ടിയിലുത്തമനാരെന്നു നോക്കുവാൻ
'ഓരോ പ്രമാണമയയ്ക്കണം വ്യക്തിതൻ
പേരെഴുതീടണമൊപ്പു വെച്ചീടണം
മർത്ത്യരയക്കും ബയോഡാറ്റ നോക്കിയാ-
ണുത്തമമെന്നു ഗണിപ്പതു നിശ്ചയം.
താൻതാൻ വഹിച്ചുള്ള ജോലിയും ഭാവിയിൽ
നൽകാൻ കഴിയാത്ത പൊള്ള വാഗ്ദാനവും
കൈക്കൂലിയില്ലാത്തഴിമതികാട്ടാത്ത
നാകത്തിലേക്കാണുപോക്കെന്നതോർക്കണം
തസ്തികയേതിലാണേതു വകുപ്പിലാ-
ണാസ്തികളെന്തുണ്ട് റൂറലോ, അർബനോ?
ഒട്ടിക്കമുദ്രകൾ ഭദ്രമായല്ലെങ്കി-
ലിട്ടിടും *ഡി എല്ലോ' തന്നിലക്കത്തുകൾ
ഇന്റർവ്യൂവുണ്ടാകും നാകവിസാഫലം
ഇന്റർനെറ്റിൽക്കൂടി ലൈവായിക്കണ്ടിടാം

2

വന്നുകുമിഞ്ഞു പലവകക്കത്തുക-
ളൊന്നിന്നു പിമ്പേ ബഹുഗോക്കളെന്നപോൽ
വക്കീലുമുണ്ടതിൽ കള്ളനും കുള്ളനും
തൂക്കിക്കൊടുക്കുന്ന വ്യാപാരിയുണ്ടത്രെ.
രാഷ്ട്രീയക്കാരനും നാട്ടിലധികാര-
ഗോഷ്ടികൾ കാട്ടിക്കളിക്കുന്നവരുണ്ട്.
രാഷ്ട്രീയമെന്തെന്നറിയാതെ ജാഥയിൽ
മുഷ്ടിചുരുട്ടിതഴൈവ ചൊല്ലീടുവോർ
തന്ത്രിയും മന്ത്രിയും മന്ത്രതന്ത്രങ്ങളാൽ
മന്ത്രവാദം കൊണ്ടുദരം ഭരിക്കുവോർ
അക്ഷരമേഴിനാൽ നിർമ്മിതമാംഗ്ലേയ-
വാക്കിലൊതുക്കിയ ടീച്ചർമാരുണ്ടതിൽ
ഇത്യാദിനാനാപ്രകാരേണ വാഴുന്നോ-
രത്യാർത്തി പൂണ്ടങ്ങെഴുത്തയച്ചീടിനാർ
ഭേഷായ് തിരിയുന്ന വാർത്തതൻ പട്ടയിൽ
ഫ്ളാഷായി വന്നുതേ സീര്യലിൻ മദ്ധ്യത്തിൽ
ടീവിയിൽ ലൈവായ് തെളിഞ്ഞു വന്നക്ഷരം
തൂവെള്ളിവർണ്ണത്തിൽ നീലമാം ബോർഡറിൽ
'ലക്ഷോപിലക്ഷത്തിലക്ഷരലക്ഷങ്ങ-
ളിക്ഷിതി തന്നിൽ വിതച്ചതാരാണാവോ?
അപ്പുമാനാം ഗുരുശ്രേഷ്ഠനെ ഞാനിതാ
സപ്രമോദം ദേവതുല്യനായ് ക്കാണുന്നു.'
മറ്റുള്ളപേക്ഷകളൊക്കെവേ നിർദ്ദയം
ചുറ്റിച്ചുരുട്ടിയെറിഞ്ഞു പാഴ്ക്കൊട്ടയിൽ
ചൊല്ലുള്ള ക്ഷിപ്രോക്ത വാക്യങ്ങളിങ്ങനെ
ചൊല്ലിനാൻ മാലോകരാകെശ്രവിക്കുവാൻ
ശ്രീ ഗുരുബ്രഹ്മനും വിഷ്ണുവും ധൂർജ്ജടി-
സ്സംഗമചൈതന്യമൂർത്തിജഗൽഗുരു ൟ

D.L.O. ഡെഡ്ലറ്റർ ഓഫീസ്

# മുത്തശ്ശിയുടെ ഗന്ധർവ്വലോകം

**ഹൈമവതി വർമ്മ**

ഏതാണ്ട് പതിനഞ്ചു വർഷങ്ങൾക്കു മുമ്പാണ്. പതിവുപോലെ ഉറങ്ങാൻ കിടക്കുമ്പോൾ അഞ്ചു വയസ്സുള്ള എന്റെ പേരക്കുട്ടി പറഞ്ഞു. 'മുത്തശ്ശി, ഒരു കഥ പറയൂ'. ഞാൻ രാമായണത്തിലെ ഒരു കഥ പറയാൻ തുടങ്ങി. അവൾ ചൊടിച്ചു 'ഇതെത്ര പ്രാവശ്യം കേട്ടു. ഒരു പുതിയ കഥ പറയൂ'. അത് അവൾ മൂന്നു വയസ്സു മുതൽ കേൾക്കുന്നതാണ്. എല്ലാം അവൾക്ക് കാണാപാഠം. അതുകൊണ്ടാണ് ഈ പുതിയ ആവശ്യം. ഒരു നിമിഷം ഞാൻ കണ്ണടച്ചു കിടന്നു. മനസ്സിൽ ഒരു കഥ തെളിഞ്ഞുവന്നു. ഞാൻ പറഞ്ഞുതുടങ്ങി.

ആ കഥയിലൂടെ പഴമയും സമ്പത്തും കീർത്തിയും നിറഞ്ഞ ഒരു കൂട്ടുകുടുംബത്തിന്റെ ഗന്ധർവ്വലോകത്തിലേക്ക് എന്റെ പേരക്കുട്ടിയുടെ മനസ്സ് പറന്ന് ഉയരുകയായിരുന്നു എന്ന് ഇന്ന് ഞാൻ മനസ്സിലാക്കുന്നു.

പണ്ട് പണ്ട് ഒരു ഗ്രാമം – പച്ചപ്പട്ടു പുതച്ച നെൽപ്പാടങ്ങളൊന്നുമില്ല. ഉണങ്ങിവരണ്ട ഭൂമി. അവിടവിടെയായി വെളുത്ത മണൽകൂമ്പാരങ്ങൾ. അതിനുമപ്പുറം കായൽ. വടക്കുകിഴക്കായി ദേവീക്ഷേത്രം. കുട്ടികൾ നീന്തിയും തുടിച്ചും മുങ്ങാംകുഴിയിട്ടും കളിച്ചുരസിക്കുന്ന വലിയ കുളം. തൊട്ടടുത്ത് ഇരുട്ടുനിറഞ്ഞ സർപ്പക്കാവുകൾ. ഇതിനൊക്കെ നടുവിൽ ഒരു കൊട്ടാരം – അല്ല കോവിലകം. അതിലെ നാലുകെട്ടിന്റെ നടുമുറ്റത്തെ തുളസിത്തറയിൽ വിളക്കു കൊളുത്തുന്ന പെൺകുട്ടി. പട്ടുപാവാടയും ബ്ലൗസുമണിഞ്ഞ കൊച്ചുതമ്പുരാട്ടി. ദേവപ്രിയ – ഞാൻ ആ പെൺകുട്ടിയായി മാറി.

മഹാരാജാവ് തന്റെ സേവകനായ തമ്പുരാനുവേണ്ടി പണിതു കൊടുത്ത കോവിലകം. 'അടിയന് ഓലപ്പുര മതി' എന്നുപറഞ്ഞ് ഓലക്കുവേണ്ടി മുന്നൂറ്റിഅറുപത്തഞ്ചു മുറി പുരയിടം കൂടി കരമൊഴിവായി കൈവശപ്പെടുത്തിയ ബുദ്ധിമാനായിരുന്നു ആ കാരണവർ. പിന്നീട് രാജാവിന്റെ തെറ്റിദ്ധാരണയിൽ നിന്ന് രക്ഷപ്പെടാൻ ഒളിച്ചു താമസിച്ചിരുന്ന ഒരുഗ്രൻ ചീനഭരണി ഞങ്ങൾ കുട്ടികളുടേയും ഒളിസങ്കേതമായിരുന്നു. എന്റെ മനസ്സിൽ വടക്കിനിയും അടുക്കളയും നാലുകെട്ടും നിരനിരയായ മുറികളും എല്ലാം ഓർമ്മ വന്നു.

ആ കുടുംബത്തിലെ അംഗങ്ങളെ അറിയാൻ യുഗങ്ങൾ തന്നെ വേണം. തന്ത്രിയും ദേവതുല്യനും പൂജാരിയുമായ വല്യച്ഛൻ. അതി സരസനും ആഹ്ലാദപ്രിയനുമായ മുത്തച്ഛൻ. അടുത്തുള്ള ദേവിക്ഷേത്രത്തിൽ ശാന്തിയുണ്ട്. രാത്രി അത്താഴപ്പൂജ കഴിഞ്ഞു വരുമ്പോൾ ഒരു ഇല അട കൊണ്ടുവരും. അതിന്റെ പങ്കു പറ്റാൻ പത്തിരുപത് കുട്ടികൾ കാത്തിരിപ്പാണ്.

അടുത്തത് രണ്ടു മുത്തശ്ശിമാർ – വലിയ മുത്തശ്ശി. കാഴ്ചയിൽ ചെറുതെങ്കിലും അഴകിൽ മഹാലക്ഷ്മി. മുപ്പതിലേറെ അംഗങ്ങളും അതിനൊത്ത ജോലിക്കാരും വിരുന്നുകാരും ഒക്കെയുള്ള ആ മഹാസാമ്രാജ്യത്തിന്റെ ആഭ്യന്തരമന്ത്രിയായിരുന്നു ഈ മുത്തശ്ശി എന്നു തന്നെ പറയാം. പിന്നെ ചെറിയ മുത്തശ്ശി. പരമസാധു. തേവാരവും നാമജപവുമായി ഒതുങ്ങിക്കഴിഞ്ഞിരുന്നു.

എന്റെ രണ്ട് അമ്മാമന്മാരെ കൂടി ഓർത്തുകൊണ്ട് കുട്ടികളിലേക്ക് കടക്കാം. വലിയമ്മാമൻ. സംസാരപ്രിയനും മാലപ്പടക്കം പോലെ പൊട്ടിച്ചിരിക്കുകയും മറ്റുള്ളവരെ ചിരിപ്പിക്കുകയും ചെയ്യുന്ന പരമരസികൻ. ആഹാരപ്രിയൻ. അന്നദാന പ്രിയൻ. ചെറുപ്പത്തിലെ കുടുംബഭാരം തലയിലേറ്റിയ അമ്മാമൻ പിൽക്കാലത്ത് കീർത്തിയും പൊതുജന പ്രശസ്തിയും നേടിയ ഒരു അദ്ധ്യാപകനായിരുന്നു. ചെറിയമ്മാമൻ നേരെ വിപരീതം. അതിബുദ്ധിമാൻ. ശാന്തസ്വഭാവം. സൗമ്യമായ സംസാരം. കാഴ്ചയിലെന്നപോലെ നിഷ്കളങ്കൻ. കൂർമ്മബുദ്ധിയായ ആ അമ്മാമന്റെ കഴിവുകൾ ഞങ്ങൾക്ക് അത്ഭുതമായിരുന്നു. വക്കീലായി സന്നദെടുക്കുമ്പോൾ ചെറിയ കുട്ടി ആയതിനാൽ ഒരു സ്റ്റൂളിൽ കയറ്റിനിർത്തി എന്നാണ് കേൾവി.

വല്യമ്മമാരും ചിറ്റമ്മമാരും അടങ്ങിയ ആ കുടുംബത്തിൽ ഏതാണ്ട് ഒന്നര ഡസൻ കുട്ടികളുണ്ട്. കോവിലകത്തിനു ചുറ്റും പലതരം മാവുകൾ – പഞ്ചാരമാങ്ങ, കിളിച്ചുണ്ടൻ മാങ്ങ, കടുകാച്ചിമാങ്ങ അങ്ങിനെ പലതും. മഴക്കാലമായതുകൊണ്ട് മാങ്ങ ചറപറ വീഴും. മുതിർന്ന ആൺകുട്ടികൾ ഇടിയും മിന്നലും വകവയ്ക്കാതെ മഴയത്തു പോയി മാങ്ങാപെറുക്കിവയ്ക്കും. അയലത്തെ കള്ളപിള്ളേർ എടുത്തു കൊണ്ടുപോയാൽ വഴക്ക്, ഗുസ്തി പിന്നെ ഏത്തമിടൽ തുടങ്ങിയ ശിക്ഷകൾ. പിൽക്കാലത്ത് അമേരിക്കയിൽ പഠിക്കാൻ പോയ കൊച്ചേട്ടനും കുവൈറ്റിൽ എഞ്ചിനീയറായിരുന്ന വല്യേട്ടനും തമ്മിൽ കാണുമ്പോൾ ആ മാങ്ങാ സംഭവങ്ങൾ പറഞ്ഞ് ചിരിക്കുന്നത് ഞാൻ ഓർക്കുന്നു.

ഇന്നത്തെപ്പോലെ രാവിലെ കാപ്പി പലഹാരമൊന്നും ഇല്ല. കുളിച്ചു തൊഴുതുവരുമ്പോൾ പത്തു മണിയാവും. അപ്പോൾ ഊണ് തയ്യാർ. അതുകഴിഞ്ഞാൽ ആൺകുട്ടികൾ മാവിൻകൊമ്പത്ത് കുരങ്ങച്ചന്മാരെപ്പോലെ ചാടിക്കളിക്കും.

പെൺകുട്ടികൾ ഊഞ്ഞാലാടും. ഇതിനിടെ നാടകം, കഥകളി, ഓട്ടൻതുള്ളൽ സർവ്വത്ര ബഹളം. അന്നത്തെ കുട്ടികളിൽ പലരും പിന്നീട് പ്രശസ്തികേട്ട കലാകാരന്മാരായി എന്ന് ഞാൻ അഭിമാനിക്കുന്നു.

വൈകിട്ട് നാലുമണിക്കാണ് അടുക്കളയിൽ ഞങ്ങളുടെ ലഘു ഭക്ഷണം. ഉച്ചയ്ക്ക് ബാക്കിയുള്ള ചോറും കൂട്ടാനും കൽച്ചട്ടിയിൽ ഇട്ട് കുഴച്ചു ഓരോ ഉരുള തരും. ഇന്നത്തെ പൊങ്കൽ, ഫ്രൈഡ്റൈസ് ഇതിനെയൊക്കെ കടത്തിവയ്ക്കുന്ന സ്വാദ്. അടുത്ത പരിപാടി മുത്തശ്ശന്റെ ചായയും ചുട്ട പപ്പടവും. പിന്നെ വലിയ കുളത്തിലേക്ക് ഒരുഘോഷയാത്ര. കുളത്തിലെ ചാട്ടവും നീന്തലും തുള്ളലുമൊക്കെ ആറുമണിവരെ നീളും. പിന്നെ ദീപാരാധന തൊഴീൽ. ഇതിനോടൊപ്പം ഒരു പരിപാടി കൂടിയുണ്ട്. മുത്തശ്ശന്റെ നാലു മൂന്ന് ഏഴ് എന്ന് എണ്ണാവുന്ന തലമുടി മുമ്പിലോട്ട് കുനിച്ചിട്ട് കൈകൊണ്ട് കോതി ഒതുക്കി നെറ്റിയുടെ ഇടതുവശത്ത് ഒരു കുടുമ്മയായി കെട്ടിവയ്ക്കും. മിനിട്ടുകൾ നീണ്ടുനിൽക്കുന്ന ഈ വിശേഷം ഞങ്ങൾക്ക് നിത്യകാഴ്ചയാണ്. വിഷുക്കണി കഴിഞ്ഞ് മുത്തശ്ശൻ ഞങ്ങൾക്ക് ഓരോരുത്തർക്കും ഓരോ വെള്ളിപ്പണം കൈനീട്ടം തരും.

സന്ധ്യ കഴിഞ്ഞ് നാലുകെട്ടിൽ കൊളുത്തിവച്ച ആട്ടവിളക്കിനു മുമ്പിലാണ് അത്താഴം. മുത്തച്ഛനും കുട്ടികളും ആദ്യം. സംഭാരമാണ് എല്ലാവർക്കും പ്രധാനം. ഇഞ്ചിയും പച്ചമുളകും കറിവേപ്പിലയും ചതച്ചിട്ട ഉപ്പുചേർത്ത മോരിൻവെള്ളം. എത്ര വേണമെങ്കിലും കോരിക്കുടിക്കാം. മുത്തശ്ശിയുടെ കൈപ്പുണ്യം ഞങ്ങൾ വേണ്ടുവോളം ആസ്വദിക്കും. വളരെ ചുരുക്കം സന്ദർഭങ്ങളിൽ പ്രായമായവർക്ക് ഒരിക്കലിനുണ്ടാക്കിയ കൊഴുക്കട്ടയുടെ വീതവും കിട്ടും.

രണ്ടുമാസത്തെ അവധിക്കാലം ഞങ്ങൾക്ക് ഒരിക്കലും മറക്കാനാവാത്ത ഉത്സവദിനങ്ങളായിരുന്നു.

എന്റെ ഓർമ്മകൾക്ക് കടിഞ്ഞാൺ വീണു. ഞാനും എന്റെ പേരക്കുട്ടിയും ഉറക്കത്തിലേക്ക് വഴുതി.

നീണ്ട പതിനഞ്ചു വർഷങ്ങൾക്കുശേഷം ഇന്ന് ഞാനത് ഓർക്കുന്നു. അന്നത്തെ അഞ്ചുവയസ്സുകാരി പെൺകുട്ടി ഇന്ന് ഒരു സിവിൽ എഞ്ചിനീയറാണ്. പുരാവസ്തുവകുപ്പിനു വേണ്ടി ഒരു പ്രോജക്റ്റ് ചെയ്യാൻ അവൾ എന്നെയും കൂട്ടി വന്നത് ആ കോവിലകത്തേക്കാണ്. അന്നത്തെ പ്രതാപത്തിന്റെ അസ്ഥികൂടം മാത്രം. പക്ഷേ എന്റെ പേരക്കുട്ടി തിരിച്ചറിഞ്ഞു. “ഇതല്ലേ. മുത്തശ്ശി പറഞ്ഞ ഗന്ധർവ്വലോകം”. ‘അതേ. അതിന്റെ ഒരു നിഴൽ മാത്രം” ഞാൻ പറഞ്ഞു അവളുടെ മറുപടി എന്നെ അത്ഭുതപ്പെടുത്തി. “മുത്തശ്ശി, ഉരുളുന്ന കാലചക്രത്തിലെ ഒരു ബിന്ദുവാണ് ഈ കോവിലകവും അതിന്റെ ചലനവും. ഇന്നലെ മുകൾത്തട്ടിലായിരുന്നു. ഇന്ന് താഴെയും. നാളെ വീണ്ടും അത് മുകൾത്തട്ടിലെത്തും. അന്ന് മുത്തശ്ശിയുടെ ഈ കഥ ഞാൻ എന്റെ പേരക്കുട്ടികൾക്ക് പറഞ്ഞുകൊടുക്കും.”

ഞാനറിഞ്ഞു ‘ഗന്ധർവ്വലോകത്തിന്റെ അഴക്. അതിന് ഒരിക്കലും നാശമില്ല. അജ്ഞാതവും, അനന്തവും അനശ്വരവുമാണത്.”



# ശ്രാദ്ധം എന്തിന്?

**നളിനി രവിവർമ്മ (കിളിമാനൂർ)**

‘ശ്രാദ്ധം’ അഥവാ ‘ചാത്തം’ എന്നതുകൊണ്ട് നാം അർത്ഥമാക്കുന്നത് ‘പിതൃതർപ്പണം’, അതായത് മൺമറഞ്ഞ ആത്മാക്കൾക്കുവേണ്ടി ശ്രദ്ധയോടെ ചെയ്യുന്ന കർമ്മങ്ങൾ എന്നതാണ്. ബ്രാഹ്മണർ ഒരിക്കലും ശ്രാദ്ധം മുടക്കുകയില്ല. ഹിന്ദുക്കളിൽ ഭൂരിഭാഗവും (ക്ഷത്രിയർ ഒഴികെ)കർക്കടമാസത്തിൽ കറുത്തവാവിന് അടുത്തുള്ള പുണ്യസ്ഥലങ്ങളിൽ പോയി ബലി ഇടും. ക്ഷത്രിയർ മുൻപ് ബലി മുട്ടിക്കുക ഇല്ലായിരുന്നു. പക്ഷേ ഇപ്പോൾ മിക്കവരും ബലി ഇടാറില്ല എന്നാണ് അറിവ് – ബലി ഒരിക്കലും മുടക്കാത്തവരും ഉണ്ട്.

മരിച്ചുകഴിഞ്ഞാൽ ആത്മാവ് പഞ്ചഭൂതങ്ങളിൽ ലയിക്കും എന്ന് സങ്കല്പം. ഓരോരുത്തരും ഭഗവാനെ ധ്യാനിച്ച് ഒരു സന്യാസിവര്യന്റെ അവസ്ഥയിൽ എത്തണം എന്ന് പറയും. പക്ഷെ അത് എത്ര പേർക്ക് സാധിക്കും? ‘ബലി ഇടുന്നത് എന്തിന്? കാക്ക മുഖാന്തിരം എനിയ്ക്ക് ആരും ചോറ് തരണ്ട’ എന്നൊക്കെ പറയും.

ത്രേതായുഗത്തിൽ ശ്രീരാമൻ ലങ്കയിലേക്ക് പോകുംവഴി ദശരഥ മഹാരാജാവിന്റെ ശ്രാദ്ധം തിരുനെല്ലിയിൽ ഇട്ടതായി ഐതിഹ്യത്തിൽ പറയുന്നുണ്ട്. ശ്രീരാമപാദം അവിടെ കാണാനുണ്ട് എന്നും തിരുനെല്ലിയിൽ പോയി ബലി ഇട്ടിട്ടുള്ളവർ പറയാറുണ്ട്.

ഞാൻ ഒരു സംസ്കൃത പണ്ഡിതയൊന്നും അല്ല. ഭാഗവതം, രാമായണം, ഭഗവദ്ഗീത ഇവയെല്ലാം (മലയാളത്തിലുള്ളവ) വായിച്ചിട്ടുണ്ട്. ഭാഗവതം പദ്യമാണ് ഞാൻ വായിച്ചിട്ടുള്ളത്. അതിൽ “പരദേവതയെ പൂജിക്കാതെയും പിതൃകർമ്മം ചെയ്യാതെയും എന്നെ പൂജിച്ചതുകൊണ്ട് യാതൊരു ഫലവും ഇല്ല” എന്ന് ഭഗവാൻ ശ്രീകൃഷ്ണൻ അരുളിച്ചെയ്തിരിക്കുന്നു. അപ്പോൾ പിതൃകർമ്മത്തിന് വലിയ ഒരു സ്ഥാനം ഉണ്ട്. യുക്തിവാദികൾ എന്തുതന്നെ പറഞ്ഞാലും ഈ മാതിരി കാര്യങ്ങൾക്ക് നമ്മൾ പ്രാധാന്യം കൊടുക്കേണ്ട ആവശ്യമുണ്ട്.



# പുസ്തകജാലകം

## ഭക്തിമഞ്ജരി

**പ്രൊഫ. അമ്പലപ്പുഴ രാമവർമ്മ**
**പ്രസാധകർ – ആര്യഗായത്രി പബ്ലിക്കേഷൻസ്, കോട്ടയം**
**പേജ് – 28, വില – 20/-**




സാംസ്കാരികരംഗത്ത് സമസ്ത മേഖലകളിലും മായാത്തവ്യക്തിമുദ്ര പതിപ്പിച്ച യാളാണ് പ്രൊഫ. അമ്പലപ്പുഴ രാമവർമ്മ. അദ്ധ്യാപകൻ, സാഹിത്യകാരൻ, നിരൂപകൻ, വാഗ്മി, കേരളത്തിന്റെ തനതു കലാരൂപമായ കഥകളിയുടെ അതുല്യ ആസ്വാദകനിരൂപകൻ എന്നീ നിലകലിലെല്ലാം സാംസ്കാരിക കേരളം അറിയുകയും ആദരിക്കുകയും ചെയ്യുന്ന ബഹുമുഖപ്രതിഭയാണ് പ്രൊഫ. രാമവർമ്മ. കഥകളി നിരൂപണം, ഉപന്യാസങ്ങൾ, സുഭാഷിതങ്ങൾ, ദേവീദേവന്മാരെക്കുറിച്ചുള്ള ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ, സാഹിത്യ നിരൂപണങ്ങൾ എന്നിങ്ങനെ അനവധി വിഷയങ്ങളിൽ അറിവും പാണ്ഡിത്യവും ഉള്ള പ്രൊഫസർ രാമവർമ്മ മുപ്പതിലേറെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഈ എൺപത്തിരണ്ടാം വയസ്സിലും തന്റെ സാഹിത്യ സപര്യ അനുസ്യൂതം തുടരാൻ കഴിയുന്നു എന്നതു തന്നെ അദ്ദേഹത്തിന്റെ ദൈവസിദ്ധമായ കഴിവിന്റെ മകുടോദാഹരണമാണ്. തന്റെ ഇഷ്ടദേവതകളെ സ്തുതിച്ചുകൊണ്ടുള്ള അൻപത്തിരണ്ടു ശ്ലോകങ്ങളിൽ ഗണപതി, സരസ്വതി, വേട്ടയ്ക്കൊരുമകൻ, അമ്പലപ്പുഴകൃഷ്ണൻ, ഗുരുവായൂരപ്പൻ, ശ്രീപത്മനാഭൻ, ശ്രീപൂർണ്ണത്രയീശൻ, ഏറ്റുമാനൂരപ്പൻ, വൈക്കത്തപ്പൻ, ശബരിമല അയ്യപ്പൻ തുടങ്ങി എല്ലാ ദേവീദേവന്മാരും ഉൾപ്പെടുന്നു.

"ഭക്തിവർദ്ധിച്ചീടിൽ വിജ്ഞാനമുണ്ടായ് വരും, വിജ്ഞാനാദികൾ കൊണ്ട് മോക്ഷവും ലഭിച്ചീടും" എന്ന കവി വാക്യം ഇവിടെ അന്വർത്ഥമാവുകയാണ്. സഹൃദയലോകം ഈ 'ഭക്തിമഞ്ജരി'യെ സന്തോപൂർവം സ്വീകരിക്കുമെന്ന് പ്രത്യാശിക്കുന്നു.

**രവിവർമ്മരാജ**

## കലയും ദർശനവും (നിരൂപണം)

**ഡോ. എം. കൃഷ്ണൻ നമ്പൂതിരി**
**പ്രസാധകർ – ഹരിതം ബുക്സ്, കോഴിക്കോട്-4**
**പേജ് – 146, വില – 85/-**




വിവിധ സാഹിത്യശാഖകളിൽ നോവലിനുള്ള സ്ഥാനം അദ്വിതീയമാണ്. എല്ലാ ഭാഷകളിലേയും പോലെ മലയാളഭാഷയിലും നോവലിന് എഴുത്തുകാരും ആസ്വാദകരും മുൻസ്ഥാനം നല്കിയിരിക്കുന്നു. ഏതു തരത്തിലുള്ള ഇതിവൃത്തവും നോവലിൽ ആവിഷ്ക്കരിക്കപ്പെടാം. ഏതാനും സുപ്രധാന മലയാളനോവലുകളിലെ കലയും ദർശനവും ഇഴപിരിച്ചു വിവരിക്കുന്ന 13 ലേഖനങ്ങളാണ് സംസ്കൃത സർവ്വകലാശാലയിലെ മലയാള അദ്ധ്യാപകനും സർവ്വകലാശാലയുടെ തൃശൂർ പ്രാദേശിക കേന്ദ്രം ഡയറക്ടറും കൂടിയായ ഗ്രന്ഥകാരൻ ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

നോവലിന്റെ കലയെക്കുറിച്ചുള്ള പഠനം നോവലിന്റെ ഭാഷയെക്കുറിച്ചുള്ള അന്വേഷണത്തിൽ ലേഖകൻ ചെന്നെത്തുന്നുണ്ട്. ചന്തുമേനോൻ, സി.വി. രാമൻപിള്ള, തകഴി, കേശവദേവ്, ബഷീർ എന്നിവരുടെ രചനാഭാഷയെക്കുറിച്ചും അന്തർ ഭാഷാ വൈവിധ്യങ്ങളെക്കുറിച്ച് പാശ്ചാത്യ നിരൂപകരുടെ അഭിപ്രായങ്ങളും "നോവൽ: കലയും കലയും ദർശനവും" എന്ന ലേഖനത്തിൽ വിവരിക്കപ്പെടുന്നു.

കവിതപോലെ സുന്ദരമായ 'മഞ്ഞ്' (എം.ടി. വാസുദേവൻ നായർ) എന്ന നോവലിന്റെ പദഘടന, വാക്യഘടന, ബിംബകല്പന, പാത്രഭാഷണം, ആഖ്യാനരീതി എന്നിവ "മഞ്ഞ്- കാവ്യകലയുടെ നോവൽരൂപം" എന്ന ലേഖനത്തിൽ വിശകലനം ചെയ്യപ്പെടുന്നു. അതുപോലെ 'ഖസാക്കിന്റെ ഇതിഹാസം' (ഒ.വി.വിജയൻ) രണ്ടു ലേഖനങ്ങളിലായി ചർച്ച ചെയ്യപ്പെടുന്നു. ആനന്ദിന്റെ നോവലിന്റെ പദസന്നിവേശവും, 'മരം' (എൻ. പി. മുഹമ്മദ്) എന്ന നോവലിന്റെ വായനയുടെ അനുലോമപ്രതിലോമ പാഠങ്ങളും കാക്കനാടന്റെ 'സാക്ഷി' ഒ.വി. വിജയന്റെ 'ഗുരുസാഗരം' എം. മുകുന്ദന്റെ നോവലുകൾ പ്രത്യേകിച്ച് 'ആവിലായിലെ സൂര്യോദയം' സേതുവിന്റെ 'നിയോഗം', 'പാണ്ഡവപുരം' പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ 'മരുന്ന്' എന്നീ നോവലുകളെക്കുറിച്ചുള്ള പഠനങ്ങളും ഈ പുസ്തകത്തിലുണ്ട്. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യനോവലായ 'ഇന്ദുലേഖ'(1889) യെക്കുറിച്ചും അതിനുമുമ്പ് പ്രസിദ്ധീകൃതമായ (1858) 'ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ട് സ്ത്രീകളുടെ കഥ' (ബംഗാളിയിൽ കാതറൈൻ ഹന്നാമുല്ലൻസ് എഴുതി റവ. ജോസഫ് പീറ്റ് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത നോവൽ) എന്നീ പുസ്തകങ്ങളെക്കുറിച്ചുള്ള ലേഖനവും വളരെയധികം വിജ്ഞാനപ്രദമാണ്.

**കിഷോർ**

## ഉന്നതവിജയം



**അഖിൽ വർമ്മ ഡി.**

സി.ബി.എസ്.ഇ. പത്താം ക്ലാസ് പരീക്ഷ 90% മാർക്കോടെ വിജയിച്ചു. പട്ടം ആര്യാസെൻട്രൽ സ്കൂളിലെ വിദ്യാർത്ഥിയാണ്. നിയമസഭാ സെക്രട്ടറിയേറ്റ് പ്രോട്ടോക്കോൾ ഓഫീസർ ആർ. എസ്. ദേവദാസിന്റേയും കെ.എസ്.ഇ.ബി. ഡിവിഷണൽ അക്കൗണ്ടന്റ് എസ്. രമണിയുടേയും മകനാണ്.





# ബാലവേദി

## ഇത് മാറ്റത്തിന്റെ കാലം

**കവിതാ വർമ്മാ വി.എം.**

*ഓർമ്മയുടെ നറുമുത്തുകൾ ചിതറും*
*എൻ ബാല്യമെത്ര മനോഹരം*
*സൂര്യന്റെ കൊടുംചൂടിൽ നിന്നും രക്ഷയേകി*
*ആയിരം കൈകൾ വിടർത്തും*
*എന്റെ നാട്ടുമാവെവിടെ?*
*മധുവൂറും പഴുത്തമാമ്പഴങ്ങൾക്കായ്*
*ചെറുകുസൃതിയുടെ പൂമൊട്ടുകൾ പൊഴിക്കു-*
*മെൻ വിദൂര ബാല്യമെവിടെ?*
*എന്നിലെ വികാരങ്ങൾ പുറന്തള്ളും*
*മുത്തശ്ശിക്കഥകളെവിടെ?*
*ഇങ്ങിനെ, അമ്മ ചോദ്യങ്ങൾ ചികയും നേരം*
*പൊന്നുമകൾ ഉത്തരങ്ങളോരോന്നും*
*ഉരുളയ്ക്കുപ്പേരിപോൽ പറയുന്നു...*
*അമ്മേ...! ഞങ്ങളുടെ ബാല്യം,*
*അതിതിനേക്കാൾ എത്ര സുന്ദരം*
*ടോംആന്റ്ജെറിയും മറ്റും ഞങ്ങളിൽ*
*ചിരിയുടെ മാലപ്പടക്കവുമായെത്തുമ്പോൾ*
*എന്തിനാണമ്മേയീ പഴഞ്ചൻ*
*മുത്തശ്ശിക്കഥകൾ*
*കുട്ടിച്ചാത്തനും മായാവിയുമെല്ലാം നമ്മുടെ*
*സ്വീകരണമുറിയിൽ കൂട്ടുകാരായെത്തുമ്പോൾ*
*എന്തിനാണമ്മേ നാം*
*നാട്ടുമാവിൻചുവട്ടിൽ അവരെ കാത്തിരിക്കുന്നത്?*
*പുഴുക്കൾ അവിടവിടെയായ് ഓടിക്കളിക്കും*
*മാമ്പഴത്തിന്*
*കുഴൽവഴിനുണയും മാംഗോഫ്രൂട്ടിയുടെ*
*രുചിയെ തോൽപ്പിക്കാൻ*
*എങ്ങനെയാണമ്മേ കഴിയുക?*
*അത്ഭുതസ്തബ്ധയായിരിക്കുമമ്മയ്ക്ക്*
*ഇനി, മകൾക്കുനേരെ എന്താണ് പറയാൻ കഴിയുക?*
*തലമുറകൾ പിന്നിടുമ്പോഴും*
*രുചിഭേദങ്ങൾ മാറുമ്പോഴും*
*അവരുടെ ബാല്യം അവർക്കെന്നും*
*സുന്ദരം!... ആസ്വാദ്യകരം!*

## അയ്യപ്പസ്തുതി

*സാക്ഷാൽക്കാരുണ്യപൂരം കനിവൊടുകിനിയും*
*ധർമ്മശാസ്താവു തന്റെ*
*മോക്ഷം നല്കുന്ന തൃക്കൺ മിഴിയുടനെയിതാ-*
*തന്നിൽ നന്നായ്പ്പതിയ്ക്കും*
*കാംക്ഷിച്ചീവണ്ണമേതും ക്ഷമയൊടെയധികം*
*കാത്തു ഭക്ത്യാൽ നമിയ്ക്കാം*
*ചെർപ്പുള്ളശ്ശേരി വാഴും ഹരി ഹരതനയാ*
*യോതിടാം സുപ്രഭാതം*
*സ്വാമിയേശരണമയ്യപ്പാ*

**കുട്ടിയനിയൻ രാജ**

## വളരുന്ന പ്രതിഭകൾ

### സൗമ്യവർമ്മ

ചിറക്കൽ കോവിലകം "സൗപർണ്ണിക"യിൽ **സൗമ്യവർമ്മ** കണ്ണൂർ സർവ്വകലാശാലയുടെ എം.എ (സംഗീതം) പരീക്ഷയിൽ (2007–08) രണ്ടാം റാങ്ക് നേടി.

ചിറയ്ക്കൽ കോവിലകത്ത് സുരേഷ്കുമാർ വർമ്മയുടെയും (കുഞ്ഞിക്കുട്ടൻ), ശോഭനാവർമ്മയുടേയും മകളാണ്.

### ഗോപികാരാജ

2007–2008ൽ, എം.എസ്.എം. കോളേജിൽ നിന്നും എം.എ. (ലിറ്ററേച്ചർ)ക്ക് 70%മാർക്കോടെ, ഒന്നാംസ്ഥാനം കരസ്ഥമാക്കിയ **ഗോപീകാരാജയ്**ക്ക് കോളേജധികൃതർ, ഒരു പുരസ്കാരം നൽകുവാൻ തീരുമാനിക്കുകയും പ്രസ്തുത പുരസ്കാരം എം.എസ്.എം.കോളേജിലെ പൂർവവിദ്യാർത്ഥിയും, ഓസ്കാർ അവാർഡ് ജേതാവുമായ **റസൂൽപൂക്കുട്ടി**യിൽ നിന്നും, ഗോപികാരാജ ഏറ്റു വാങ്ങുകയും ചെയ്തു.

ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിൽ ലക്ഷ്മി തമ്പുരാട്ടിയുടേയും, സാമൂതിരിപ്പാടിന്റെ അനന്തിരവൻ പി.കെ.എസ്. രാജയുടേയും മകളാണ് ഗോപികാരാജ.



### വിവേക് കെ.

ഈ വർഷ ത്തെ എസ്. എസ്.എൽ.എസി പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ+ നേടി പ്രശസ്തവിജയം കൈവരിച്ച കരിവെള്ളൂർ ഏ.വി. സ്മാരക ഗവ: ഹയർസെക്കന്ററി സ്കൂൾ

വിദ്യാ ർത്ഥി കെ. വിവേക്, ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് മെമ്പർ ടി.എം. രാജമോഹനന്റെയും കെ. ഷീലയുടെയും മകനാണ്.

### ജിതേന്ദ്രവർമ്മ

ലോക മലയാളികളുടെ ശ്രദ്ധ പിടിച്ചുപറ്റിയ സൂപ്പർ ഹിറ്റ് റിയാലിറ്റി ഷോ **ഐഡിയാ സ്റ്റാർ സിംഗർ– 2009** Season-4 ലെ ഒരു മത്സരാർത്ഥി യാണ് ജിതേന്ദ്രവർമ്മ. നിലമ്പൂർ കോവിലകത്തെ ശൈലജയുടെയും പഴശ്ശികോവിലകത്തെ കേരളവർമ്മയു ടെയും മകനാണ്. സംഗീതപാരമ്പര്യ മുള്ള കുടുംബത്തിൽ തന്നെയാണ് ജിതേന്ദ്രൻ വളർന്നത്. കുട്ടിക്കാലം മുതൽക്ക് തന്നെ പല സംഗീതവേദി കളിലും തന്റെ കഴിവുകളെ പ്രകടി പ്പിക്കുവാനുള്ള അവസരങ്ങൾ ജിതേ ന്ദ്രന് ഉണ്ടായിട്ടുണ്ട്.

സ്കൂൾ യുവജനോത്സവ സംഗീ തമത്സരങ്ങളിൽ 3 തവണ തുടർച്ചയാ യിട്ട് ഒന്നാംസ്ഥാനം ജിതേന്ദ്രന് ലഭി ച്ചിട്ടുണ്ട്. പിന്നീട് കോളേജ് തല ത്തിലും അത് ആവർത്തിക്കുകയു ണ്ടായി. നിരവധി പരിപാടികൾ ദൂരദർശനിലും ഏഷ്യാനെറ്റിലും കൈരളിയിലും അവതരിപ്പിച്ചിട്ടുണ്ട്. Devotional Cassette കളിലും പാടു കയുണ്ടായി. ഇപ്പോൾ ഒരു സിനിമ യിൽ പാടുവാനുള്ള അവസരവും ജിതേന്ദ്രിന് കിട്ടിയിരിക്കുന്നു.'പരി ഭവം'എന്ന സിനിമയിലാണ് പാടിയി രിക്കുന്നത്.

**ഐഡിയ സ്റ്റാർ സിംഗർ 2009** ലെ മത്സരത്തിൽ പങ്കെടുക്കുന്ന ഈ കലാകാരനെ നമ്മുടെ ക്ഷത്രിയ സമു ദായത്തിലെ എല്ലാവരും നല്ലവണ്ണം പ്രോത്സാഹിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ മത്സരത്തിൽ 'കഴിവു' കൾക്ക് മാത്രമല്ല പ്രാധാന്യം എന്ന് നമുക്കെ ല്ലാവർക്കും അറിയാമല്ലൊ.

നിങ്ങളുടെ എല്ലാവരുടെയും പ്രോത്സാഹനവും അനുഗ്രഹവും എസ്.എം.എസിലൂടെ ജിതേന്ദ്രന് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

S.M.S. Format
Iss-Space-JITHU
Send to Number 5600678

### വിഷ്ണു ആർ. വർമ്മ



ഇക്കഴിഞ്ഞ SSLC പരീക്ഷ യിൽ എല്ലാ വിഷയങ്ങൾ ക്കുംA+ നേ ടിയ വിഷ്ണു ആർ. വർമ്മ. വഴുതക്കാട് ചിന്മയ സ്കൂൾ വി ദ്യാർത്ഥിയാ യ വിഷ്ണു ഹരിപ്പാട് അനന്തപുരം കൊട്ടാര ത്തിൽ കെ. രാഘവവർമ്മ (അദ്ധ്യാ പകൻ, രാജാരവിവർമ്മ സ്കൂൾ, കിളി മാനൂർ) യുടെയും നെടുമ്പള്ളി കോവിലകത്ത് സി. അംബികാവർമ്മ (തരംഗനിസരി സ്കൂൾ ഓഫ് മ്യൂസി ക് & ശ്രീമൂകാംബിക സംഗീതവിദ്യാ ലയം അദ്ധ്യാപിക) യുടെ യും മൂത്ത പുത്രനാണ്. 2006ൽ സെന്റർ ഫോർ കൾച്ചറൽ റിസോഴ്സസ് & ട്രെയി നിംഗ് സ്കോളർ ഷിപ്പും (വയലിൻ) വിഷ്ണു നേടിയിട്ടുണ്ട്.

### പൂർണ്ണിമാവർമ്മ എൻ



തിരുവനന്തപുരം പെരു ന്താന്നി എൻ. എസ്. എസ്. പബ്ലിക് സ്കൂളിൽ നിന്നും 10th സ്റ്റാൻ ഡേർഡിൽ (സി. ബി. എസ്. ഇ) ഡിസ്റ്റിംഗ്ഷ നോടുകൂടി (85%) പാസ്സാ യ പൂർണ്ണി മാവർമ്മ. തിരുവനന്തപുരം പേരൂർ ക്കട 'ശ്രീലക്ഷ്മി'യിൽ നാരായണൻ പണ്ടാലയുടെയും മറിയപ്പള്ളി ലക്ഷ്മിവിലാസം കൊട്ടാരത്തിൽ ശ്രീകലാവർമ്മയുടെയും മകളാണ്.

## മഹാറാണി സേതു പാർവ്വതീഭായി സ്മാരക വിദ്യാഭ്യാസ സ്കോളർഷിപ്പ്

ക്ഷത്രിയ ക്ഷേമസഭയുടെ 2008-09 അദ്ധ്യയന വർഷത്തേ യ്ക്കുള്ള മഹാറാണി സേതുപാർവ്വതീ ഭായി വിദ്യാഭ്യാസ സ്കോളർഷി പ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. എൻജിനീയറിംഗ്/ മെഡിസിൽ വിഷയങ്ങളിൽ ഓരോന്നും ബി.എ/ ബി.എസ്.സി/ബി.കോം ഡിഗ്രിക്ക് ഒരെണ്ണവും, ഫൈൻ ആർട്സിൽ (സംഗീതം, നൃത്തം, ചിത്രരചന) ഒരെ ണ്ണത്തിനുമായി നാലു സ്കോളർഷിപ്പുകളാണ് നൽകുക. അപേക്ഷ കൾ ക്ഷത്രിയ ക്ഷേമസഭയുടെ പ്രാദേശിക സഭകൾ മുഖേന സ്പോൺസർ ചെയ്യുന്നവ ആയിരിക്കണം. ഒന്നാം വർഷം ഡിഗ്രി കോഴ്സിന് പ്രവേശനം ലഭിച്ചവരുടെ അപേക്ഷകളാണ് പരിഗണിക്കുക. പ്ലസ്ടു, എൻട്രൻസ് പരീക്ഷകളിൽ ലഭിച്ച മാർക്കും രക്ഷകർത്താക്ക ളുടെ സാമ്പത്തിക നിലവാരവും സ്കോളർഷിപ്പിനുള്ള അർഹത നിർണ്ണ യിക്കുന്നതിനുള്ള മാനദണ്ഡങ്ങളായിരിക്കും. നിശ്ചിത ഫോറങ്ങൾ, സെക്രട്ടറി, ക്ഷത്രിയക്ഷേമസഭ, സുന്ദരവിലാസം കൊട്ടാരം, കോട്ട യ്ക്കകം, തിരുവനന്തപുരം - 23 എന്ന വിലാസത്തിൽ ലഭിക്കും. സർട്ടി ഫിക്കറ്റുകളുടെ പകർപ്പുകൾ, പ്രവേശനം ലഭിച്ചതിനുള്ള രേഖകൾ, എന്നിവ സഹിതം അപേക്ഷകൾ 2009 ജൂലായ് 15 നു മുമ്പ് ലഭിച്ചിരി ക്കണം.

# വാർത്തകൾ - വിശേഷങ്ങൾ

## കരിവെള്ളൂർ യൂണിറ്റ്

### പ്രവർത്തന റിപ്പോർട്ട്

**മാർച്ച് 2009**

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് പ്രവർത്തകസമിതി യോഗം 8.3.2009 ന് വൈകുന്നേരം 4 മണിക്ക് പനയന്തട്ട മഠത്തിൽ ചേർന്നു. പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി ടി.എം. ശ്രീകുമാർ റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ യു.കെ. രാജവർമ്മ, സുദേവവർമ്മ, കെ. ചന്ദ്രകാന്തൻ, എൻ.പി. പുരുഷോത്തമൻ, സി.കെ. രാഘവൻ എന്നിവർ സംസാരിച്ചു. വങ്ങാട്ട് മഠത്തിൽ മാർച്ച് 11, 12 തീയതികളിൽ നടക്കുന്ന കളിയാട്ടമഹോത്സവത്തിൽ മുഴുവൻ ക്ഷത്രിയകുടുംബാംഗങ്ങളും പങ്കെടുക്കണമെന്ന് തീരുമാനിച്ചു. സമുദായ ശ്മശാനലൈസൻസ് സംബന്ധിച്ച കാര്യങ്ങൾ ജില്ലാ കലക്ടർ ഓഫീസുമായി ബന്ധപ്പെട്ട് വേണ്ട നടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. യോഗത്തിൽ സി.കെ. പുരുഷോത്തമൻ സ്വാഗതവും സി. മാധവൻ നന്ദിയും പറഞ്ഞു.

**ഏപ്രിൽ 2009**

പ്രവർത്തകസമിതിയോഗം 12.04.2009ന് വൈകുന്നേരം 3 മണിക്ക് വങ്ങാട്ട് മഠത്തിൽ നടന്നു. അന്തരിച്ച സി.ആർ. രാഘവവർമ്മ (രഘു) യുടെ ദേഹവിയോഗത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. പ്രസിഡന്റ് റിപ്പോർട്ട് വായിച്ചു. കുടുംബഡയറക്ടറി, മാസികാ പ്രവർത്തനം എന്നീ കാര്യങ്ങളിൽ നടന്ന ചർച്ചയിൽ കെ. ചന്ദ്രകാന്തൻ, യു.കെ. രാജവർമ്മ, സി.കെ. രാജൻ എന്നിവർ സംസാരിച്ചു. യോഗത്തിൽ സി.കെ. രാഘവൻ സ്വാഗതവും, എൻ.പി. ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു. യോഗം 5 മണിക്ക് അവസാനിച്ചു.

## ചാലക്കുടി

മെയ് 17, 2009ന് ചാലക്കുടി യൂണിറ്റിന്റെ വാർഷികം തെക്കെ മഠത്തിൽ വെച്ച് ആഘോഷിച്ചു. പുതിയ ഭരണസമിതി അംഗങ്ങളുടെ പേരുകൾ താഴെ കൊടുക്കുന്നു.

പ്രസിഡന്റ് – ശ്രീ കേരളവർമ്മ
വൈസ് പ്രസിഡന്റ് –ശ്രീ ശ്രീകുമാർ (നടരാജൻ)
സെക്രട്ടറി – ശ്രീമതി ഗിരിജ വർമ്മ
ജോ.സെക്രട്ടറി – ശ്രീ മഹേഷ്കുമാർ
ഖജാൻജി – ശ്രീ ടി.പി.മുകുന്ദൻ
കമ്മിറ്റി – ശ്രീ മുരളീധരവർമ്മ
–ശ്രീ രാജു വർമ്മ (അവിട്ടത്തൂർ)
–ശ്രീമതി ഗീത വർമ്മ
–ശ്രീമതി പ്രേമ വർമ്മ
–ശ്രീ പി.കെ.രാമവർമ്മ (അവിട്ടത്തൂർ)
കേന്ദ്രകമ്മിറ്റി പ്രതിനിധികൾ–
– ശ്രീ ഉദയവർമ്മ
– ശ്രീ ഗോദവർമ്മ

## തിരുവനന്തപുരം

### വയലാർ രാമവർമ്മ സ്മൃതിസായാഹ്നം

സഭയുടെ പ്രതിമാസ പരിപാടിയുടെ ഭാഗമായി മാർച്ച് 29ന് നടത്തിയ വയലാർ രാമവർമ്മ സ്മൃതി സായാഹ്നത്തിൽ പ്രശസ്ത ചലച്ചിത്ര നിരൂപകൻ ശ്രീ.ടി.പി. ശാസ്തമംഗലം 'വയലാർ ചലച്ചിത്രഗാനങ്ങളുടെയും കവിതകളുടെയും ഇന്നത്തെ പ്രസക്തി' എന്ന വിഷയത്തെക്കുറിച്ച് മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് വയലാർ കവിതകളുടെയും ഗാനങ്ങളുടെയും സംഗീതാവിഷ്കരണം സഭാംഗങ്ങൾ അവതരിപ്പിച്ചു.

### വിഷു മഹോത്സവം

ഏപ്രിൽ 26ന് വിഷുവിന്റെ പ്രാധാന്യത്തെക്കുറിച്ച് ഡോ. പ്രദീപ് വർമ്മ മുഖ്യപ്രഭാഷണം നടത്തി. പുരാണേതിഹാസങ്ങളിലെന്നപോലെ ആധുനിക സാമൂഹ്യ ജീവിതത്തിലും വിഷുവിനുള്ള പ്രാധാന്യത്തെക്കുറിച്ചുള്ള പ്രൗഢഗംഭീരമായ പ്രഭാഷണം സദസ്യരെ ഏറെ ആകർഷിച്ചു. ശ്രീ അമ്പലപ്പുഴ സുരേഷ് വർമ്മയും സംഘവും അവതരിപ്പിച്ച കല്യാണസൗഗന്ധികം ഓട്ടൻതുള്ളൽ പരിപാടിയിലെ ആകർഷകമായ മറ്റൊരു ഇനമായിരുന്നു.

### പരിസരശുചിത്വം

മെയ് 31ന് നടത്തിയ പരിപാടിയിൽ പരിസരശുചീകരണം എന്ന വിഷയത്തെ ആസ്പദമാക്കി സഭാദ്ധ്യക്ഷൻ കൂടിയായ ഡോ. ആർ. അജയകുമാർ വർമ്മ (എക്സി. ഡയറക്ടർ) ശുചിത്വമിഷൻ,കേരളസർക്കാർ) വിജ്ഞാനപ്രദമായ ഒരു പ്രഭാഷണം നടത്തി. തുടർന്ന് സഭാംഗങ്ങൾ അവതരിപ്പിച്ച നൃത്തനൃത്ത്യങ്ങൾ പരിപാടിയെ ഏറെ ആകർഷകമാക്കി.

## തൃശൂർ ക്ഷത്രിയക്ഷേമസഭ

### 'ശിവകരം' പത്രിക പരിഷ്ക്കരിച്ചു.

തൃശൂർ ക്ഷത്രിയസഭയുടെ വാർത്താമാധ്യമം 'ശിവകരം' കെട്ടിലും മട്ടിലും പുതുമയോടെ പുറത്തിങ്ങി. 2009 ജൂൺ (പുസ്തകം 2, ലക്കം–1) മുതൽക്കാണ് (വാർഷികപ്പതിപ്പ്) പരിഷ്ക്കരിച്ച പതിപ്പിന്റെ തുടക്കം.

### ഭരണസമിതി യോഗങ്ങൾ

ഫെബ്രുവരി 15ന് അഞ്ചേരി 'പുർണ്ണേന്ദു' വിലും മാർച്ച് 15ന് അഞ്ചേരി 'ശ്യാമളാവിലാസ്'ത്തിലും ഏപ്രിൽ 28ന് ഒല്ലൂർ 'സോപാന' ത്തിലും മെയ് 17ന് അഞ്ചേരി 'തുഷാര'യിലുമായി നാല് ഭരണസമിതിയോഗങ്ങൾ നടന്നു.

### പന്തളം കേരളവർമ്മയുടെ പ്രതിമ സ്ഥാപിക്കണം

മഹാകവി പന്തം കേരളവർമ്മയുടെ പ്രതിമ അദ്ദേഹത്തിന്റെ ജന്മ

നാട്ടിൽ സ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പന്തളം കേരളവർമ്മ സ്മാരക ഗ്രന്ഥശാലയുടെ പൊതുയോഗം സർക്കാരിനോടാവശ്യപ്പെട്ടു. ഇതിനുവേണ്ടി പന്തളം കുളനട പഞ്ചായത്തുകൾക്ക് ഗ്രന്ഥശാല നിവേദനം നൽകി.

### അയ്യപ്പന്റെ പിറന്നാൾ ആഘോഷിച്ചു

കുംഭമാസത്തിലെ ഉത്രംനാളിൽ (മാർച്ച് 11) കലിയുഗവരദനായ അയ്യപ്പസ്വാമിയുടെ പിറന്നാൾ പന്തളം വലിയ കോയിക്കൽ ശാസ്താക്ഷേത്രത്തിൽ സമുചിതമായി ആഘോഷിച്ചു. ക്ഷേത്രം തന്ത്രി കുഴിക്കാട്ടില്ലത്ത് നാരായണവാസുദേവഭട്ടതിരിപ്പാട് ചടങ്ങുകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

## സാംസ്കാരികം

ഇരയിമ്മൻ തമ്പി സ്മാരക ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ചിത്രീകരിക്കുന്ന 'ഓമനത്തിങ്കൾ കിടാവോ' എന്ന ഡോക്യുമെന്ററിയുടെ പ്രകാശനം ശ്രീ പത്മനാഭദാസ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് ജൂലൈ 4-ാം തീയതി കൃഷ്ണവിലാസം കൊട്ടാരത്തിൽ നിർവ്വഹിക്കുന്നതും തുടർന്ന് 'ഇരയിമ്മൻ തമ്പി' എന്ന സിനിമയുടെ സ്വിച്ച് ഓൺ കർമ്മം നിർവ്വഹിക്കുന്നതുമാണ്.

### കുഞ്ഞുണ്ണിമാസ്റ്റർ അനുസ്മരണം

ഏപ്രിൽ 25 ശനിയാഴ്ച കവി കുഞ്ഞുണ്ണിമാസ്റ്റർ അനുസ്മരണം വിപുലമായ തോതിൽ ശ്രീ. എം.ടി. ചെയർമാനായുള്ള കമ്മിറ്റി നടത്തി. സാഹിത്യകാരന്മാരും കുഞ്ഞുണ്ണമാസ്റ്ററുടെ (മാതൃഭൂമി ബാലപംക്തി കുട്ടേട്ടന്റെ) ശിഷ്യന്മാരുമായ എം. എൻ. കാരശ്ശേരി, പോൾ കല്ലാനോട്, രാജശേഖരൻ തുടങ്ങി മറ്റനേകം പ്രശസ്ത വ്യക്തികൾ രാവിലെ മുതൽ രാത്രി വരെ നീണ്ടുനിന്ന സമ്മേളനത്തിൽ പങ്കെടുത്തു. കുഞ്ഞുണ്ണിമാഷ് അദ്ധ്യാപകനായി ജോലി ചെയ്ത കോഴിക്കോട് ശ്രീരാമകൃഷ്ണാശ്രമം വക സ്കൂളിൽ തന്നെയാണ് ഇതു നടത്തുന്നത്. ആയതിൽ മാതൃഭൂമി ബാലപംക്തിയിലും മറ്റു പല മാസികാവാരികാപംക്തികളിലുമായി എന്റേതായി വന്ന കുട്ടിക്കവിതകൾ **'കുട്ടി അനിയന്റെ കുട്ടിക്കവിതകൾ'** പുസ്തകരൂപത്തിലാക്കി ( ഈ കുട്ടിക്കവിതാ പുസ്തകത്തിൽ മഹാകവി അക്കത്തത്തിന്റെ മനോഹരമായ അവതാരികയുമാണ്) ആ സദസ്സിൽ പ്രകാശനം ചെയ്തു.

**നീലേശ്വരം**



*ഡോ. കെ.സി. കെ. രാജാ, വി.സി.കെ.രാജാ, ചിന്മയാമിഷൻ സ്വാമിജി വിശ്വാനന്ദസരസ്വതി, പവിത്രാനന്ദ (ശിവഗിരി) എന്നിവർ വേദിയിൽ*

നീലേശ്വരം തളിയിൽ ശ്രീ നീലകണ്ഠേശ്വര ക്ഷേത്രത്തിലെ നവീകരണകലശവും ദ്രവ്യാവർത്തികലശവും ഫെബ്രുവരി 19ന് ആരംഭിച്ച് മാർച്ച് 4ന് സമാപിച്ചു. പ്രസ്തുത പരിപാടിയുടെ ഭാഗമായി മാർച്ച് 3ന് നടന്ന ആദ്ധ്യാത്മിക സദസ്സിന്റെ ചിത്രം.

## കുടുംബവിശേഷങ്ങൾ

തെക്കെ മഠത്തിലെ (ശ്രീമന്ദിരം) ശ്രീമതി ശ്രീദേവി വർമ്മ - സുരേഷ് കുമാർ ദമ്പതികൾക്ക് ഏപ്രിൽ 21ന് ഒരു ആൺകുഞ്ഞ് പിറന്നു. (ഗോവിന്ദ് എസ്.വർമ്മ) തെക്കെ മഠത്തിലെ ശ്രീ ടി.കെ.രാമവർമ്മയുടെയും ശ്രീമതി ഇ.കെ.തങ്കമ്മ തമ്പുരാട്ടിയുടെയും മകളാണ് ശ്രീദേവി വർമ്മ.

## വൈവാഹികം

### പ്രതീഷ് - സരിത

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗങ്ങളായ എം. എം. രാധാമണിയുടെയും, കെ. ശ്രീപതിയുടെയും മകൻ പ്രതീഷും ചേർത്തല കുറുന്തോട്ടത്ത് കോവിലകത്ത് നന്ദനവർമ്മയുടെയും, മംഗളവർമ്മയുടെയും മകൾ കുമാരി സരിതയും തമ്മിലുള്ള വിവാഹം 10.05.2009ന് ചേർത്തല ഗോവിന്ദപുരം ശ്രീകൃഷ്ണക്ഷേത്രത്തിൽ വെച്ച് സമംഗളം നടന്നു.

### രോഹിണി വർമ്മ -ദേവദാസ് വർമ്മ

ചിറക്കൽ കോവിലകത്ത് "ഇന്ദീവര"ത്തിൽ ഡോ. അശോകവർമ്മയുടെയും, നിലമ്പൂർ കോവിലകത്ത് ഗംഗാ, രാജയുടേയും മകൾ 'രോഹിണി വർമ്മയും', ചേളൂർ കോവിലകത്ത് ഇന്ദിര-വാസുദേവൻ ദമ്പതികളുടെ മകൻ "ദേവദാസ് വർമ്മയും" ("കാർത്തിക", ധോണി, പാലക്കാട്) തമ്മിലുള്ള വിവാഹം 2009 ഏപ്രിൽ 13ന് കണ്ണൂർ സാധു കല്യാണമണ്ഡപത്തിൽ നടന്നു.

### കവിത വർമ്മ-അനീഷ് വർമ്മ

അവിട്ടത്തൂർ കവിതാംബിക

കോവിലകത്ത് ശ്രീ.വി.കെ.രാമവർമ്മയുടെയും ശ്രീമതി വത്സല രാമവർമ്മയുടെയും മകൾ കവിത വർമ്മയുടെയും, കോട്ടയത്ത് തെക്കുംകൂർ പാലസിലെ ശ്രീമതി കെ.ജി.കുഞ്ഞനുജത്തി തമ്പുരാട്ടിയുടെയും ശ്രീ വി. എൻ.സോമവർമ്മ രാജയുടെയും മകൻ അനീഷ് വർമ്മയുടെയും വിവാഹം 2009 മെയ് 3–ാം തിയ്യതി ഇരിങ്ങാലക്കുട, സിന്ധു ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.

## ചരമം

### 1. സി.ആർ. രാഘവവർമ്മ



ക്ഷത്രിയക്ഷേമ സഭ കരിവെള്ളൂർ യൂണിറ്റ് മഹിളാവിഭാഗം ജോ. സെക്രട്ടറി ടി.എം. രാധാമണി. ആർ. വർമ്മയുടെ ഭർത്താവ് ശ്രീ. സി.ആർ. രാഘവവർമ്മ (രഘു), S/o. സി.കെ. രാഘവവർമ്മ (Late) 24.03.2009ന് വങ്ങാട്ട് മഠത്തിൽ നിര്യാതനായി. മക്കൾ: സി.ആർ. അംബിക (അദ്ധ്യാപിക), സി.ആർ. ശ്രീവിദ്യ, സി.ആർ. മധുസൂദനവർമ്മ. പരേതനായ കിരൺ, വാസുദേവൻ (പട്ടാനൂർ) എന്നിവർ മരുമക്കളാണ്.

### 2. ദിനകരൻ രാജ

കൊടുങ്ങല്ലൂർ ചിറക്കൽ കോവിലകത്തുള്ള കാവുട്ടി തമ്പുരാട്ടിയുടേയും തെറ്റാലി മേക്കാട്ട് വാസുദേവൻ നമ്പൂതിരിയുടേയും മകനായ ദിനകരൻ രാജ(82) 28.5.2009ന് എറണാകുളം ലൂർദ് ആശുപത്രിയിൽ അന്തരിച്ചു. ആലങ്ങാട്ടു സ്വരൂപത്തിലെ 'കപ്രശ്ശേരി' കോവിലകത്തെ ഇന്ദിര തമ്പുരാട്ടിയാണ് ഭാര്യ.

വിദ്യാഭിവർദ്ധനവിദ്യാർത്ഥി സമാജം സെക്രട്ടറിയായി സാമൂഹ്യ പ്രവർത്തന രംഗത്തേക്കിറങ്ങിയ ഇദ്ദേഹം, തമ്പുരാട്ടിമാരുടെ വേളി ബഹിഷ്ക്കരണം, അകമ്പടികൂടാതെ, പൊതു നിരത്തിലൂടെ അവർക്കു നടക്കാനുള്ള സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള പ്രക്ഷോഭം, ബാലികമാരെ പൊതു വിദ്യാലയത്തിൽ ചേർക്കാനുള്ള സമരം എന്നിവയിലെല്ലാം സുപ്രധാനമായ ഒരു പങ്കു വഹിച്ചിട്ടുണ്ട്.

പാലിയം സത്യാഗ്രഹത്തിൽ പങ്കെടുക്കുന്നതിനായി ഇന്ദിര (പുത്തൻകോവിലകം) രമ (ചിറക്കൽ കോവിലകം) എന്നീ തമ്പുരാട്ടിമാരെ ചേന്നമംഗലത്തേക്കു കൊണ്ടുപോയതിദ്ദേഹമാണ്.

### 3. ലീലാമണി നമ്പിഷ്ടാതിരി

ചേർത്തല ചെങ്ങണ്ട പുത്തൻ കോവിലകത്ത് ലീലാമണി നമ്പിഷ്ടാതിരി ( ) മെയ് 12ന് നിര്യാതയായി. തിരുവല്ല പാലിയേക്കര കൊട്ടാരത്തിൽ പി.കെ.ജി വർമ്മയാണ് ഭർത്താവ്. മക്കൾ എൻ. സുനിൽ കുമാർ, സുമിതാ വർമ്മ

### 4. ഗോദവർമ്മ

തൃശൂർ അഞ്ചേരി പടിഞ്ഞാറെ ചങ്ങരംപാട്ടുമഠത്തിൽ ഗോദവർമ്മ (89) 10–9–09ന് തിരുവനന്തപുരത്ത് നിര്യാതനായി. മക്കൾ: സുശീലൻ, സുജാത, രസിക. മരുമക്കൾ: രതി, മുകുന്ദൻ, അജയവർമ്മ.

### 5. തിലോത്തമതമ്പുരാട്ടി

ഹരിപ്പാട് അനന്തപുരത്തു കൊട്ടാരത്തിൽ തിലോത്തമതമ്പുരാട്ടി ( ) ജൂൺ 16ന് എറണാകുളം മെഡിക്കൽ സെന്ററിൽ അന്തരിച്ചു. ഏകമകൻ പ്രദീപ്കുമാർ. മരുമകൾ രഞ്ജിനി വർമ്മ

### 6. എ ഇന്ദിരാ ദേവി

തിരുവനന്തപുരം കോട്ടയ്ക്കകം പ്രശാന്ത് നഗറിൽ താമസം ചേർത്തല മേടയിൽ കോവിലകാംഗം എ ഇന്ദിരാ ദേവി (83) ജൂൺ 11ന് നിര്യാതയായി. കേരളസർവ്വകലാശാല കോ–ഓപ്പറേറ്റീവ് സൊസൈറ്റി ജീവനക്കാരിയായിരുന്നു പരേത. തിരുവനന്തപുരത്ത് ശ്രീകാര്യം ഇളംകുളം 'കൃഷ്ണ'യിൽ ആർ. കൃഷ്ണവർമ്മ സഹോദരനാണ്.

### 7. കൊച്ചോമന തമ്പുരാട്ടി

ബേപ്പൂർ കോവിലകം വലിയ തമ്പുരാട്ടിയും മട്ടന്നൂർ പനയ്ക്കാട്ടില്ലത്ത് പരേതനായ പി. വാസുദേവൻ നമ്പൂതിരിയുടെ ഭാര്യയുമായ എണ്ണയ്ക്കാട് വടക്കേമഠം കൊട്ടാര ത്തിൽ ആയി ല്യംനാൾ കൊച്ചോമന തമ്പുരാട്ടി (94) അന്തരിച്ചു. മക്കൾ: ഗോദവർമ്മ രാജ, ശാന്തകുമാരി തമ്പു രാട്ടി, കേരളവർമ്മ രാജ, ലീലാഭായി തമ്പുരാട്ടി രവിവർമ്മ രാജ, ലതാ ദേവി തമ്പുരാട്ടി, പരേതരായ പി.സി. രവിവർമ്മ രാജ, സുകുമാരി തമ്പുരാട്ടി

മരുമക്കൾ: സാവിത്രി തമ്പുരാട്ടി, സി,കെ, രവീന്ദ്രവർമ്മ, ലീലാഭായി തമ്പുരാട്ടി, മീരാഭായി തമ്പുരാട്ടി, ആർ. ഗോദവർമ്മ രാജ, പരേതനായ കേരള വർമ്മ

### 8. ലീലാവർമ്മ

മലയാള മനോരമ കർഷകശ്രീ എഡിറ്റർ ഇൻ ചാർജ്ജും കേന്ദ്ര കൃഷി വകുപ്പ് മുൻ ജോയിന്റ് ഡയറക്ടറുമായ ആർ.ടി. രവിവർമ്മയുടെ (സീരി) ഭാര്യയും പരേതനായ കേണൽ ഗോദവർമ്മ രാജായുടെ (ജി.വി.രാജാ) സഹോദരിയുമായ പൂഞ്ഞാർ കാഞ്ഞിരമറ്റം കൊട്ടാരത്തിൽ ലീലാവർമ്മ (ലീല തമ്പുരാട്ടി–77) ജൂൺ 6 ന് തിരുവനന്തപുരത്ത് ശ്രീചിത്രാ മെഡിക്കൽ സെന്ററിൽ നിര്യാതയായി. മക്കൾ: നന്ദകുമാർ വർമ്മ (ചീഫ് ന്യൂസ് എഡിറ്റർ, യു. എൻ. ഐ, ന്യൂഡൽഹി) വൃന്ദാവർമ്മ (AG's ആഫീസ് തൃശൂർ). മരുമക്കൾ: സുധാവർമ്മ, കെ. രഘുനാഥ്, മറ്റ് സഹോദരങ്ങൾ– പി. കേരളവർമ്മ രാജ (വലിയ രാജ സുധർമ്മ പാലസ്, പൂഞ്ഞാർ) പി. രാമവർമ്മരാജ (ഇളയരാജ, കാഞ്ഞിരമറ്റം പാലസ്,പൂഞ്ഞാർ)അംബ തമ്പുരാട്ടി, അംബിക തമ്പുരാട്ടി, പരേതനായ പി. ആർ. രാമവർമ്മരാജ (ആലക്കോട്ട് രാജ), തിരുവാതിര നാൾ രാമവർമ്മ രാജ പി. ആർ (ബെൽഹെവൻ പാലസ്) തിരുവനന്തപുരം) തൃക്കേട്ടനാൾ ഗോദവർമ്മ രാജ, അംബാലിക തമ്പുരാട്ടി. മൃതദേഹം മലയാള മനോരമ അങ്ക

ണത്തിൽ പൊതു ദർശനത്തിനായി വച്ചു. മനോരമ എഡിറ്റർ മാമ്മൻ മാത്യു എം.എം പബ്ലി ക്കേഷൻസ് ചീഫ് ജനറൽ മാനേജർ വി.സജീവ് ജോർജ്, മനോരമ നോൺ ജേർണലിസ്റ്റ് യൂണിയൻ പ്രസിഡന്റ് ജയിംസ്കുട്ടി ജേക്കബ് എന്നിവർ റീത്ത് സമർപ്പി ച്ചു.

**9. അമ്മിണി തമ്പുരാട്ടി**

ചോതി കോവിലകത്ത് അമ്മി ണി തമ്പുരാട്ടി (92) ഏപ്രിൽ 15ന് നിര്യാതയായി. തിരുത്തൂർ കുന്നത്ത് മഠത്തിൽ പരേതനായ രവിവർമ്മ തിരുമുൽപ്പാടിന്റെ ഭാര്യയാണ്. മക്കൾ: രവീന്ദ്രവർമ്മ, കേരള വർമ്മ, രാമവർമ്മ, ശാന്തകുമാരി, ചന്ദ്രമതി, അംബിക

**10. രാജശേഖരവർമ്മ**

പന്തളത്ത് പുത്തൻപൂമുഖത്ത് രാജശേഖരവർമ്മ (67) 24.05.09ന് നിര്യാതനായി. റെയിൽവെ ഉദ്യോഗസ്ഥനായിരുന്നു. ഭാര്യ ചിറളയത്ത് കോവിലകത്ത് രമണി. മക്കൾ രഞ്ജിത്, രോഹിത്, രാഹുൽ.

**11. കേരളവർമ്മ**

തിരുവല്ലാ നെടുമ്പള്ളി കോയിക്കൽ യു.വി. കേരളവർമ്മ (57) അന്തരിച്ചു. പരേതൻ തിരുവല്ലാ ക്ഷത്രിയ സഭയുടെ ട്രഷറർ ആയിരുന്നു. ഭാര്യ വൈക്കത്ത് ആനാംപറമ്പ് കോവിലകത്ത് ശോഭന. മക്കൾ: രമ്യ, സൗമ്യ.

**12. ആർ. കമാരവർമ്മ**

വൈക്കത്ത് വടയാർ അങ്കമാലിക്കൽ കോവിലകത്ത് ആർ. കുമാരവർമ്മ (90) അന്തരിച്ചു. ഭാര്യ: കെ. ഓമനക്കുഞ്ഞമ്മ. മക്കൾ: രവീന്ദ്രനാഥ്, ഗായത്രിദേവി.



# വൈവാഹികം



*താഴെ കൊടുത്തിരിക്കുന്ന ബോക്സ് നമ്പരുകളിലേക്ക് ക്ഷത്രിയ യുവതി/യുവാക്കളുടെ രക്ഷകർത്താക്കളിൽ നിന്നും ജാതകക്കുറിപ്പ് സഹിതം വിവാഹാലോചനകൾ ക്ഷണിക്കുന്നു. താൽപര്യമുള്ളവർ വിശദമായ ബയോഡേറ്റയും ജാതകക്കുറിപ്പും സഹിതം **പത്രാധിപർ, 'ക്ഷാത്രസന്ദേശം' സുന്ദരവിലാസം പാലസ്സ്, കോട്ടയ്ക്കകം, തിരുവനന്തപുരം-695023 (ഫോൺ - 2467845)** എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഒന്നിൽ കൂടുതൽ ബോക്സ് നമ്പരുകളിലേക്ക് കത്തയക്കുന്നവർ ബയോഡേറ്റയുടെയും ജാതകക്കുറിപ്പിന്റെയും ആവശ്യമുള്ളത്ര കോപ്പികൾ അയച്ചിരിക്കണം.*

## വരനെ ആവശ്യമുണ്ട്

### BOX No. 383

ക്ഷത്രിയ യുവതി 23 (16-9-1985) അത്തം, 167 സെ.മീ, ബി.ടെക് അധ്യാപനം.

| | | | |
|---|---|---|---|
| - | സ | മാ | ല |
| - | ഗ്രഹനില | | ശു |
| ഗു | | | ര കു ബു |
| - | - | മശി | ച |

| | | | |
|---|---|---|---|
| ശു ശി | ച | ഗു | കമ |
| മാ | നവാംശം | | - |
| - | | | - |
| ര | - | ലബു | സ |

ജനനശിഷ്ടം 8 വർഷവും ഒരുമാസവും 14 ദിവസവും ചന്ദ്രദശ

### BOX No. 386

Kshatriya girl 23 (25.5.1986) Makayiram Nakshatram 160 cm. Studying for MBBS final year. Father Retd Bank Officer, (Kochi Royal Family) mother Doctor (Kottakkal Kovilakom). Proposals invited from parents of suitable kshatriya youths. Phone: 0487-2382825

| | | | |
|---|---|---|---|
| സ | - | ച | - |
| ഗു | ഗ്രഹനില | | - |
| - | | | - |
| കു | ലമമാ | ഭൃ | രശി ബു |

| | | | |
|---|---|---|---|
| രശു സ | ഗു | - | - |
| - | നവാംശകം | | ബു മാ |
| - | | | |
| കു | - | ല മ | ചശി |

ഗർഭശിഷ്ടദശ 4 വർഷം 5മാസം 7 ദിവസം ചൊവ്വദശ

# വധുവിനെ ആവശ്യമുണ്ട്

## BOX No. 384

Kshatriya youth 37 yrs (26.11.1972) Ayilyam Nakshatram. Degree in Ayurvedic Therapy. (Specialised in Panchakarma) Working as Ayurvedic practitioner in London. (For more details-visit www.spachancerycourt.com-search key staff) Proposals invited from parents of suitable kshatriya girls with bio-data and horoscope. Phone 0481-2582151

| | | | |
|---|---|---|---|
| - | - | മ | ശി |
| - | ഗ്രഹനില | | ല<br>ച<br>മാ |
| - | | | - |
| ഗു<br>സ | രബു | കുശു | - |

| | | | |
|---|---|---|---|
| ച | - | ശി | - |
| | നവാംശകം | | - |
| കു | | | ല<br>മ<br>ഗു |
| ശു | സ | ര മാ<br>ബു | - |

ഗർഭശിഷ്ടം 2 വർഷം ഒരുമാസം 15ദിവസം ബുധദശ

## BOX No. 385

Kshatriya youth 26 yrs (15.12.1983) Aswathy Nakshathram, 5' 6'. Graduate in Commerce + I.T. Working as marketing Manager, WIPRO. Proposals invited from parents of suitable kshatriya girls. Phone: 9249349505/9846125790

## BOX No. 387

Kshatriya youth 26 yrs (29.04.1983) Anizham Nakshathram, 5' 10'. MBA, (Marketing and Finance) PGDFT (Diploma in F.T) working as Training Manager, proposals invited from parents of suitale kshatriya girls. Phone: 9249349505/ 9846125790

## BOX No. 388

ക്ഷത്രിയ യുവാവ് 25 വയസ്സ് (15.2.1984 - 1159 കുംഭം 3) പൂയം തൃതീയ പാദം. എം.എ സംസ്കൃതം + ബി.എഡ്.അദ്ധ്യാപകൻ. ക്ഷത്രിയ കുടുംബങ്ങളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

| | | | |
|---|---|---|---|
| - | - | സ | - |
| ര | ഗ്രഹനില | | ച |
| ഭ്യ<br>ബു<br>മാ | | | ല |
| ഗു | ശി | കുമ | - |

| | | | |
|---|---|---|---|
| മാ | കുമ | ബു | സ |
| - | അംശകം | | ഗു |
| ഭ്യ | | | - |
| ശി | - | രച | - |

ജനനശിഷ്ടം 8 വർഷം 7 മാസം 29 ദിവസം ശനിദശ

## BOX No. 389

Kshatriya youth 31 yrs (7.12.1978) Pooruruttathi Nakshatram, 5'8", C.A. Practicing. Brothers two (married), Sister 1 (married), settled in Alapuzha. Proposals invited from parents of suitable kshatriya girls along with bio-data & horoscope. Phone: 0477-2267710

| | | | |
|---|---|---|---|
| - | - | - | - |
| ല<br>ച<br>ശി | ഗ്രഹനില | | ഗു |
| മാ | | | മ<br>രാഹു |
| കു | ര<br>ബു | ശു | - |

| | | | |
|---|---|---|---|
| | കു | ചമാ | - |
| ശു<br>ശി | നവാംശകം | | - |
| ല<br>ര | | | സ |
| ബു | ഗു | മ | - |

ഗർഭശിഷ്ടദശ 10 വർഷം 10മാസം 22ദിവസം വ്യാഴദശ

## BOX No. 390

Kshatriya youth Fair, 29 (3-7-1979)Atham Nakshathram, Pre-degree. 175 cm., working in a private firm in Trichy. Proposals invited from parents of suitable Kshatriya girls. please contact Box No. 390

| | | | |
|---|---|---|---|
| - | - | കു | ര<br>ശു |
| ശി | ഗ്രഹനില | | ബു<br>ഗു |
| - | | | മ<br>സ<br>ല |
| - | - | മാ | ച |

## BOX No. 391

ക്ഷത്രിയ യുവാവ് 27 വയസ്സ്, ഉയരം 178 സെ.മീ, ഇരുനിറം, ഴ. B.E, MBA, ബാങ്ക് മാനേജർ (അച്ഛൻ തൃപ്പൂണിത്തുറ കോവിലകം, അമ്മ മാവേലിക്കര കൊട്ടാരം) അനുയോജ്യരായ പെൺകുട്ടികളുടെ രക്ഷകർത്താക്കളിൽ നിന്നും ജാതകക്കുറിപ്പും ബയോഡാറ്റയും സഹിതം ആലോചനകൾ ക്ഷണിക്കുന്നു.

| | | | |
|---|---|---|---|
| - | - | - | - |
| - | ഗ്രഹനില | | കു<br>സ |
| മാ<br>ശി | | | - |
| ല<br>ച | ശു | ബു | ര മ<br>ഗു |

1157 കന്നി 20 (6 - 10 - 1981) ചൊവ്വാഴ്ച പകൽ 12.22 ന് പൂരാടം നക്ഷത്രം. 11 വയസ്സ് 6 മാസം 28 ദിവസം വരെ ശുക്ര

# 50–ാം വിവാഹ വാർഷികം

## (30.4.2009)



**ശ്രീ. കെ. രാമവർമ്മ** (കൊട്ടാരത്തു മഠം, അവിട്ടത്തൂർ, ഇരിഞ്ഞാലക്കുട)
**ശ്രീമതി എൻ.കെ. ലീല രാമവർമ്മ** (നടയ്ക്കൽ കോവിലകം, എളങ്കുന്നപുഴ, എറണാകുളം)

***ആശംസകളോടെ :***

***മക്കൾ , മരുമക്കൾ. പേരക്കുട്ടികൾ***



# വിവാഹ മംഗളാശംസകൾ

ഇരിഞ്ഞാലക്കുട 'കവിതാംബിക കോവിലകത്ത്' ശ്രീ രാമവർമ്മയുടേയും ശ്രീമതി വത്സലാ രാമവർമ്മയുടേയും മകൾ **കവിതാ വർമ്മയും,** നട്ടാശ്ശേരി തെക്കുംകൂർ പാലസ് ശ്രീ സോമവർമ്മ രാജയുടേയും ശ്രീമതി കുഞ്ഞനുജത്തി തമ്പുരാട്ടിയുടേയും മകൻ **അനീഷിന്റേയും** വിവാഹം 2009 മെയ് 3 ന് ഇരിഞ്ഞാലക്കുട സിന്ധു ഓഡിറ്റോറിയത്തിൽ വച്ച് ബന്ധുമിത്രാദികളുടെ സാന്നിധ്യത്തിൽ സമംഗളം നടക്കുകയുണ്ടായി.

**ക്ഷത്രിയക്ഷേമസഭയുടെ ആശംസകൾ!**

***Dhanalakshmi will be Waiting at Your Doorsteps.***

**Dhanalakshmi Bank**

**CORPORATE OFFICE: THRISSUR.**



***Relationships………………. For ever***